# ദൈവരാജ്യം

കെ. എം. വി.

ഐ.ഇ.എൽ.സി. ബോർഡ് ഫോർ ലിററേച്ചർ
1982

**DAIVARAJYAM**
**(Malayalam)**
**(LESSONS FROM THE GOSPEL OF ST. MARK)**
**AUTHOR:**
**Rev.K.M. Victor**
**Printed at:**
**GOODNEWS OFFSET PRINTS, CALICUT-3**
**Published by:**
**I.E.L.C. BOARD FOR LITERATURE**
**6th Impression May 2000 (With the help from Rev.Dr.R.E.Miller)**
**Copies: 5000**
**For copies write to:**
**GOOD NEWS CENTRE, CALICUT - 1**
**Copy Right:**
**PUBLISHERS**

ദൈവരാജ്യം
(മലയാളം)
(വി. മർക്കൊസിന്റെ സുവിശേഷത്തിൽ നിന്ന്)
ഗ്രന്ഥകർത്താവ്:
കെ. എം. വിക്ടർ

പ്രസിദ്ധീകരണം:
ഐ.ഇ.എൽ.സി.സാഹിത്യസമിതി
5–ാം പതിപ്പ്, 1982 ആഗസ്റ്റ്
200 കോപ്പി
കോപ്പികൾക്ക്:
ഗുഡ്ന്യൂസ് സെന്റർ, കാലിക്കറ്റ് – 1
പകർപ്പവകാശം:
പ്രസാധകർക്ക്

# “ദൈവരാജ്യം”

## പാഠം 1

നാം ഇപ്പോൾ പഠിക്കുവാൻ പോകുന്ന പുസ്തകം വിശുദ്ധ മർക്കോസ് എഴുതിയ സുവിശേഷമാണ് (Gospel of St. Mark). ഇത് ബൈബിളിൽ നിന്നും എടുത്തിരിക്കുന്നു. ബൈബിളിൽ അതി പ്രാധാന്യം വഹിക്കുന്ന ഭാഗങ്ങളാണ് സുവിശേഷങ്ങൾ. ആകെ നാലു സുവിശേഷങ്ങൾ ഉൺട്. അതിൽ ഒന്നാണ് മർക്കോസ് സുവിശേഷം. ‘സുവിശേഷം’ എന്ന വാക്കിന്റെ അർത്ഥം നല്ല വർത്തമാനം എന്നാകുന്നു. അതായത് യേശു ക്രിസ്തുവിനെക്കുറിച്ചുള്ള നല്ല വർത്തമാനം. നന്മ ചെയ്തു കൊൺട് ജീവിച്ച ജഗദ്ഗുരുവായ യേശു ക്രിസ്തുവിനെ പരിചയപ്പെടുത്തുന്നതിന് ഈ പുസ്തകത്തെപ്പോലെ നല്ല മാർഗ്ഗ ദർശി മറ്റൊന്നില്ല. മർക്കൊസ് 1:15 -ൽ കാണുന്ന വാക്കുകളാണ് ഈ പുസ്തകത്തിലെ പ്രധാന വാക്യം. ‘കാലം തികഞ്ഞു, ദൈവരാജ്യം സമീപിച്ചിരിക്കുന്നു, മാനസാന്തരപ്പട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ’. ഈ വാക്യത്തെ ആധാരമാക്കിയാണ് ഈ കോഴ്സിന് “ദൈവരാജ്യം” എന്ന പേർ കൊടുത്തിരിക്കുന്നത്. ഇതിൽ 28 പാഠങ്ങളാണുള്ളത്. സുവിശേഷത്തിലുള്ള ഓരോ ഭാഗത്തേയും ചുരുക്കമായി വിവരിച്ചിരിക്കുന്ന ഈ പാഠങ്ങൾ, സുവിശേഷ ഭാഗങ്ങളെ കൂടുതലായി മനസ്സിലാക്കുവാൻ നിങ്ങളെ സഹായിക്കും. ഇവ സശ്രദ്ധം പഠിച്ച് സുവിശേഷത്തിലെ നിധി കൺടുപിടിക്കുവാൻ ഞങ്ങൾ നിങ്ങളെ ക്ഷണിക്കുന്നു.

### A. സുവിശേഷാരംഭം (മർക്കൊ. 1:1–8)

കുറിപ്പ് :- സുവിശേഷത്തിൽ നിന്നും ഒന്നാമദ്ധ്യായത്തിലുള്ള ഒന്നു മുതൽ എട്ടു വരെയുള്ള വാക്യങ്ങൾ, (മർക്കൊ.1:1–8) വായിക്കുക. അതിനു ശേഷം ഈ ഭാഗം (പാഠം 1) വായിച്ച് സുവിശേഷ ഭാഗം മനസ്സിലാക്കുവാൻ ശ്രമിക്കുക.

ഒന്നാം വാക്യം സുവിശേഷത്തിന്റെ മുഖവുരയാകുന്നു. ക്രിസ്തുവിന് 800 കൊല്ലങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന പ്രവാചക ശ്രേഷ്ഠനായിരുന്നു ‘യെശയ്യാവ്’. അദ്ദേഹത്തിന്റെ പുസ്തകത്തിൽ നിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചിരിക്കുന്നു (വാ. 2–3) ‘ക്രിസ്തു’ അല്ലെങ്കിൽ ‘മശിഹ’ എന്നൊരു രക്ഷകൻ മനുഷ്യരെ പാപത്തിൽ നിന്നും ഉദ്ധരിക്കേൺടതിന് ഈ ലോകത്തിൽ വരും എന്ന് പ്രവാചകൻമാർ അനേകം വർഷങ്ങൾക്കു മുമ്പു തന്നെ പ്രവചിച്ചിട്ടുൺടായിരുന്നു. ജനങ്ങൾ ഈ തിരുവെഴുത്തുകൾ വിശ്വസിച്ചുകൊൺട് മശിഹയുടെ ആഗമനത്തിനായി കാത്തിരുന്നു. മശിഹ അവതരിക്കേൺട സമയമായപ്പോൾ അവന്ന് വഴി ഒരുക്കേൺടതിന്നും അവനെ ജനങ്ങൾക്ക് പരിചയപ്പെടുത്തേൺടതിനുമായി ഒരു മുൻ ദൂതനെ ദൈവം അയച്ചു (വാ. 2). അവനാണ് **‘യോഹന്നാൻ സ്നാപകൻ’.**

## B. മുൻദൂതൻ (1:2-8)

ലോക രക്ഷകന്റെ മുൻ ദൂതനായിരുന്ന 'യോഹന്നാൻ സ്നാപകൻ' തികഞ്ഞ ഭക്തനും, ദൈവീക കാര്യങ്ങളിൽ വളരെ തീക്ഷ്ണതയുള്ളവനുമായിരുന്നു. ഒട്ടകരോമം കൊൺടുള്ള ഉടുപ്പാണ് അവൻ ധരിച്ചിരുന്നത്. ആഹാരമോ വെട്ടുക്കിളിയും കാട്ടു തേനും (വാ. 6). തങ്ങളുടെ പാപങ്ങൾ വിട്ട് നല്ല മാർഗ്ഗത്തിൽ ജീവിക്കുവാൻ ഈ സന്യാസി ശ്രേഷ്ഠൻ ജനങ്ങളെ ഉപദേശിച്ചു. തങ്ങളുടെ തെറ്റുകൾ മനസ്സിലാക്കിയ ജനങ്ങൾ പുതിയ ജീവിതം നയിക്കുവാൻ തീരുമാനിക്കുകയും 'സ്നാനം' ഏൽക്കുകയും ചെയ്തു (വാ. 5). ഇത് ഒരു ശുദ്ധീകരണ പ്രവർത്തിയായിരുന്നു. ഈ വിധ പ്രവർത്തനങ്ങളെ കൺടപ്പോൾ ഈ മനുഷ്യൻ വരുവാനുള്ള 'മശിഹ' ആയിരിക്കുമോ എന്നു ജനങ്ങൾ സംശയിച്ചു. 'എന്റെ പിന്നാലെ ഒരാൾ വരുന്നു. അവന്റെ ചെരുപ്പിന്റെ വാറഴിപ്പാൻ പോലും ഞാൻ യോഗ്യനല്ല, അവനാണ് നിങ്ങൾ കാത്തിരിക്കുന്ന മശിഹ. ഞാൻ അവന്റെ മുൻ ദൂതൻ മാത്രമാണ്'' എന്ന് അവൻ ഏറ്റു പറഞ്ഞു (വാ. 7-8). ആത്മീയമായി ഗാഢനിദ്രയിലായിരുന്ന ജനസമൂഹത്തെ തന്റെ ദൂതു കൊൺട് ഉണർത്തുകയും, ക്രിസ്തുവിനെ സ്വീകരിപ്പാൻ തക്കവണ്ണം അവരെ ഒരുക്കുകയും ചെയ്തു. ഈ വിധത്തിൽ 'യെശയ്യാവ്' തുടങ്ങിയ പ്രവാചകന്മാർ മുൻ കാലങ്ങളിൽ (B.C.) എഴുതിയ പ്രവചനങ്ങൾ (പഴയനിയമം നോക്കുക) അക്ഷരം പ്രതി നിറവേറി. ക്രിസ്തുവിനെപ്പറ്റിയുള്ള പല പ്രവചനങ്ങളും നിവർത്തിയാകുന്നതെങ്ങനെയെന്ന് തുടർന്നുള്ള പാഠങ്ങളിൽ നിന്നും ഗ്രഹിക്കാവുന്നതാണ്.

എന്നിലും 'ബലമേറിയവൻ' എന്റെ പിന്നാലെ വരുന്നു (വാ. 7). അതെ, ആ ബലമേറിയവൻ ക്രിസ്തുവല്ലാതെ മറ്റാരുമായിരുന്നില്ല.

# പാഠം 2

## A. യേശു തന്റെ പരസ്യജോലി ആരംഭിക്കുന്നു (1:9-20)

മനുഷ്യരെ പാപത്തിൽ നിന്നും രക്ഷിക്കുന്നതിനായി ദൈവം ഒരു മനുഷ്യ കന്യകയിൽ കൂടി ഈ ലോകത്തിൽ അവതരിച്ചു. ഏകദേശം 2000 വർഷങ്ങൾക്കു മുമ്പ് ബെത്ലഹേം പട്ടണത്തിലാണ് ഇതു സംഭവിച്ചത്. ആട്ടിടയന്മാർ, വിദ്വാന്മാർ, രാജാക്കന്മാർ, തുടങ്ങിയവർ യേശു പൈതലിനെ വന്നു കൺടു നമസ്കരിച്ചു. അതിനു ശേഷം യേശുവിന്റെ അമ്മ മറിയയും വളർത്തുപിതാവായ യോസേഫും ഗലീലാദേശത്തുള്ള നസറെത്ത് എന്ന സ്ഥലത്ത് വാസമാക്കി. മുപ്പതാം വയസ്സു വരെ യേശു നസെറെത്തിൽ തന്നെയായിരുന്നു. പന്ത്രൺടാം വയസ്സിൽ യെരുശലേം നഗരത്തിലുള്ള പ്രസിദ്ധമായ ദേവാലയത്തിൽ മാതാപിതാക്കളോടൊപ്പം പോവുകയും അവിടുത്തെ വേദശാസ്ത്ര പണ്ഡിതന്മാരെ തന്റെ പാണ്ഡിത്യം കൊൺട് വിസ്മയിപ്പിക്കുകയും ചെയ്തു.

ഈ സംഭവം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിനു ശേഷം മുപ്പതു വയസ്സു വരെയുള്ള ജീവിതത്തെക്കുറിച്ച് ബൈബിൾ കാര്യമായി ഒന്നും പറയുന്നില്ല. ബൈബിൾ കൂടാതെ അനേകം ഗ്രന്ഥങ്ങൾ യേശു ജീവിച്ച നാട്ടിൽ രചിക്കപ്പെട്ടിട്ടുണ്ട്. 30-ാം വയസ്സുവരെയുള്ള ജീവിതത്തെക്കുറിച്ചുള്ള 'പാരമ്പര്യങ്ങൾ' (Traditions) ശേഖരിച്ച് പിൽക്കാലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. ഇവയുടെ വെളിച്ചത്തിലും പ്രധാനമായി ബൈബിൾ തരുന്ന സൂചനകളുടെ അടിസ്ഥാനത്തിലും, ക്രിസ്തു ഗലീല നാട്ടിൽത്തന്നെ 30 വയസ്സു വരെ പാർത്തിരുന്നു എന്നും, നാട്ടിലും വീട്ടിലും ഏറ്റവും മാതൃകാപരമായ ജീവിതം നയിച്ചിരുന്നു എന്നും, യഹൂദന്മാരുടെ സമ്പ്രദായമനുസരിച്ച് ആ നാട്ടിൽ ലഭിക്കാവുന്ന വിദ്യാഭ്യാസത്തിൽ ബദ്ധശ്രദ്ധനായിരുന്നു എന്നും ഉള്ളത് ഏറ്റവും സത്യവും വ്യക്തവുമത്രെ. ഒരു സാധാരണ യഹൂദന് ലഭ്യമാകാവുന്നതിൽ കവിഞ്ഞുള്ള യാതൊരു വിധ വിദ്യാഭ്യാസവും യേശുവിനു ലഭിച്ചിരുന്നില്ല. പ്രത്യേക വിദ്യകളും അഭ്യാസങ്ങളും പരിശീലിക്കാനായി അന്യ നാടുകളിൽ പോയിട്ടുമില്ല. സത്യ മൂർത്തിയായവൻ ഒന്നും മറച്ചു വെയ്ക്കുകയോ, കപടം കാണിച്ച് ജനങ്ങളെ വശീകരിക്കുകയോ ചെയ്തില്ല എന്നു നമുക്ക് ന്യായമായി വിശ്വസിക്കാം. അവന്റെ നാട്ടുകാരും അയൽവാസികളും, ബന്ധുക്കളും എന്തു പറയുന്നു എന്നു നോക്കുക (6:2-3). യേശു വിദേശങ്ങളിൽ പോയി വിശിഷ്ടമായ വിദ്യ അഭ്യസിച്ചിരുന്നു എങ്കിൽ അയൽ വാസികൾ ഈ വിധം സംസാരിക്കുകയില്ല എന്നത് കേവലം പരമാർത്ഥമാണല്ലോ. യേശു ആരാണ് എന്നും, അമാനുഷിക പ്രവർത്തികൾ ചെയ്യുവാൻ എങ്ങനെ കഴിഞ്ഞുവെന്നും അവൻ തന്നെ നമ്മോടു പറയട്ടെ! ഈ സുവിശേഷം പഠിക്കുമ്പോൾ നമുക്ക് അത് ശ്രദ്ധിക്കാം.

## B. സ്നാനവും പരീക്ഷയും (1:9-13)

പാപം അശേഷം ഇല്ലാത്ത പരിശുദ്ധനായ യേശു, താൻ നിവർത്തിപ്പാൻ പോകുന്ന ജോലിയുടെ ഒരു പരസ്യ പ്രതിഷ്ഠയായി ഈ 'സ്നാനം' ഏറ്റു. വെള്ളത്തിൽ നിന്നു കയറിയ ഉടൻ ഒരു അത്ഭുതം ഉണ്ടായി. 'യേശു വരുവാനുള്ള മശിഹ' ആകുന്നു എന്നതിനു ഇതൊരു തെളിവു കൂടിയായിരുന്നു. 'ആകാശം പിളർന്നു, ആത്മാവ് പ്രാവിന്റെ രൂപത്തിൽ യേശുവിന്മേൽ ഇറങ്ങി. സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദമുണ്ടായി' (വാ. 11). അതെ, ഈ യേശു തന്നെയാണ് ഈ ലോകത്തിൽ വരുവാനുള്ള മശിഹ (രക്ഷകൻ).

ആത്മാവിനാൽ ഉദ്യോഗിക്കപ്പെട്ട് യേശു ഒരു വിജനസ്ഥലത്തിൽ ഏകനായി 40 ദിവസം കഴിച്ചു. അവിടെ 'സാത്താൻ' അവനെ പരീക്ഷിച്ചു (വാ.12-13). സാത്താൻ എന്ന ശത്രു നമ്മെയും നിമിഷം തോറും പരീക്ഷിച്ചു കൊണ്ടിരിക്കുന്നു. സകല വിധ തെറ്റും ചെയ്യുവാൻ അവൻ നമ്മെ പ്രേരിപ്പിക്കുന്നു. ആ സന്ദർഭങ്ങളിൽ നാം ക്രിസ്തുവിന്റെ മാതൃകയെ പിൻ തുടരുക. അവൻ ശത്രുവിനെ എന്നെന്നേക്കുമായി തോൽപ്പിച്ചിരിക്കുന്നു. അതിനാൽ യേശു ക്രിസ്തു അധിവസിക്കുന്ന ഹൃദയങ്ങളിൽ സാത്താൻ പ്രവേശിക്കുകയില്ല.

## C. യേശു ഗലീലയിൽ (1:16–20)

യേശു പ്രവർത്തനം ആരംഭിച്ചത് സ്വന്തം നാടായ ഗലീലയിൽ തന്നെയാകുന്നു. അവിടെ താൻ ചെയ്ത പ്രസംഗങ്ങളുടെ സംഗ്രഹം 14-ഉം 15-ഉം വാക്യങ്ങളിൽ കാണാം. 'പാപത്തിൽ നിന്നുള്ള മാനസാന്തരം', 'സുവിശേഷത്തിലുള്ള വിശ്വാസം' എന്നീ രൺടു കാര്യങ്ങൾ ഇന്നും നമുക്കേവർക്കും ആവശ്യമായിരിക്കുന്നു.

'മാനസാന്തരം' എന്നാൽ മനസ്സിനു മാറ്റം വരുക എന്നാണർത്ഥം. ഒരാൾ മാനസാന്തരപ്പെടുമ്പോൾ പാപത്തെക്കുറിച്ച് ദുഃഖിക്കുകയും യേശു ക്രിസ്തുവിലുള്ള കൃപയാൽ ദൈവം ഈ പാപങ്ങളെ ക്ഷമിക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ആ വിധത്തിൽ പാപിയുടെ മനസ്സ്, പാപത്തിൽ നിന്നും പാപക്ഷമ നൽകുന്ന ദൈവത്തിലേക്ക് തിരിയുന്നു. 'സുവിശേഷത്തിലുള്ള വിശ്വാസം' പാപ ക്ഷമക്കായി യേശുവിനോട് യാചിക്കുകയും അത് ലഭിക്കും എന്ന് ഉറപ്പായി വിശ്വസിക്കുകയും ചെയ്യുന്നതാകുന്നു. ഇത് രൺടും കൂടാതെ ആർക്കും ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ സാദ്ധ്യമല്ല. 16–20 വരെയുള്ള ഭാഗത്തിൽ യേശു, ആദ്യ ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്ന ചരിത്രം കാണുന്നു. അവൻ അവരെ വിളിച്ചപ്പോൾ സകലവും (തോണി (പടക്), വല, വരുമാനം, കുടുംബം എന്നിവ) ഉപേക്ഷിച്ച് അവർ യേശുവിനെ അനുഗമിക്കുകയാണുൺടായത് (വാ. 20). 'യേശുവിനെ അനുഗമിക്കുക' എന്നത് പ്രധാനമായി നമുക്കും കരുതാമോ?

# പാഠം 3

## A. യേശു ഒരു പള്ളിയിൽ (1:21–28)

**ശാസ്ത്രിമാരാണ്** ജനങ്ങളെ ഉപദേശിക്കുകയും പഠിപ്പിക്കുകയും ചെയ്തു വന്നത്. ഏതു നിസ്സാര കാര്യങ്ങൾക്കും പല വിധത്തിലുള്ള നിയമങ്ങൾ അവർ സൃഷ്ടിച്ചു. ഈ നിയമങ്ങൾ അനുസരിച്ചാൽ മാത്രമെ ദൈവ പ്രസാദം ലഭിക്കുകയുള്ളു എന്ന് ജനങ്ങളെ പഠിപ്പിച്ചിരുന്നതിനാൽ വളരെ സാഹസപ്പെട്ടെങ്കിലും അവ അനുസരിക്കുവാൻ അവർ ശ്രമിച്ചിരുന്നു. ഇങ്ങിനെ ആത്മീയമായ ഭാരം അനുഭവിച്ചിരുന്ന ജനങ്ങളോട് 'ദൈവം സ്നേഹവാനാണ്" എന്ന് യേശു ഉപദേശിച്ചു. ഈ പുതിയ ഉപദേശം ജനങ്ങളെ ആഹ്ളാദ ചിത്തരാക്കി (വാ. 22). സാക്ഷാൽ ദൈവം തന്നെയാകുന്ന യേശുക്രിസ്തു തന്റെ സ്വന്തം അധികാരത്തിൽ ദൈവത്തിനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അവരെ പഠിപ്പിക്കുകയാണ്. ഇന്നും ദൈവ പ്രസാദത്തിന്നായി പല തരത്തിലുള്ള കർമ്മാനുഷ്ഠാനങ്ങൾ ചെയ്തു കൊൺട് വലയുന്ന നമ്മോട് ദൈവം സ്നേഹമാണെന്നും മനുഷ്യന്റെ കർമ്മാനുഷ്ഠാനങ്ങൾ ദൈവത്തെ പ്രീതിപ്പെടുത്തുകയില്ലെന്നും അവൻ അറിയിക്കുന്നു.

ആ പള്ളിയിൽ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ ഉൺടായിരുന്നു. ക്രിസ്തുവിനെ കൺടപ്പോൾ ആ മനുഷ്യൻ നില വിളിച്ചു (നസറത്ത് എന്ന സ്ഥലത്തു ജീവിച്ചതു കൊൺട് ജനങ്ങൾ യേശുവിനെ നസ്രായനായ യേശു എന്നു വിളിച്ചിരുന്നു). 'അവൻ ദൈവത്തിന്റെ പരിശുദ്ധൻ' എന്നും, ഇപ്രകാരമുള്ള 'ആത്മാക്കളെ നശിപ്പിക്കാൻ കഴിവുള്ളവൻ' എന്നും അവൻ വിളിച്ചു പറയുന്നത് ശ്രദ്ധിക്കുക (വാ. 24). യേശു ആ ഭൂതത്തെ പുറത്താക്കി. അവന്റെ അധികാരം ഉപദേശത്തിൽ മാത്രമല്ല, പ്രവർത്തിയിലും കൂടി വെളിവാകുന്നു. ഇതറിഞ്ഞ് ജന ങ്ങൾ ആശ്ചര്യ പരതന്ത്രരായി. യേശുവിന്റെ പുകൾ നാടെങ്ങും പരന്നു.

## B. യേശു ശീമോന്റെ വീട്ടിൽ (1:29–31)

ശീമോന്റെ അമ്മാവിയമ്മ കഠിനമായ പനി പിടിച്ചു കിടക്കുകയായിരുന്നു. ദീന ദയാലു വും, സകലരുടേയും പ്രാർത്ഥന കേൾക്കുന്നവനുമായ ക്രിസ്തു തന്റെ ശക്തിയാൽ ആ സ്ത്രീക്ക് സുഖം നൽകി. രോഗിയായി വളരെ നാൾ കിടപ്പിലായിരുന്നവൾക്ക് അതിഥികളെ ശുശ്രൂഷി പ്പാൻ തക്ക ആരോഗ്യം ഉൺടായി.

## C. രോഗികളെ സുഖപ്പെടുത്തുന്നു (1:32–39)

തന്റെ അടുക്കൽ വന്ന രോഗികളേയും അവൻ സുഖമാക്കി. അശുദ്ധാത്മാക്കളുടെ സാക്ഷ്യം അവൻ ഇഷ്ടപ്പെട്ടില്ല (വാ. 34). എന്നാൽ നാം ഏവരും അവനെപ്പറ്റി സാക്ഷ്യം പറയുന്നതിൽ അവൻ സന്തോഷിക്കുന്നു. 'ഭൂലോകത്തിൽ ഒക്കെയും പോയി പ്രസംഗിക്ക ണമെന്ന്' അവൻ കൽപിക്കുന്നുവല്ലോ (16:15).

അടുത്ത ദിവസം യേശു നിർജ്ജന സ്ഥലത്തു ചെന്ന് പ്രാർത്ഥിച്ചു (വാ. 35). ശിഷ്യ ന്മാർ പിന്നാലെ ചെന്ന് ക്രിസ്തുവിനോട്, 'എല്ലാവരും നിന്നെ അന്വേഷിക്കുന്നു' എന്നു പറ ഞ്ഞു. അതിനുത്തരമായി യേശു താൻ വന്ന ഉദ്ദേശം വ്യക്തമാക്കുന്നു.

# പാഠം 4

## A. കുഷ്ഠ രോഗിക്ക് സുഖം നൽകുന്നു (1:40–45)

ഈ ചരിത്രം യേശു ക്രിസ്തുവിന്റെ സഹതാപം, ധൈര്യം, സ്നേഹം ഇവയെ വെളി പ്പെടുത്തുന്നു. അന്ന് കുഷ്ഠ രോഗികളുടെ സ്ഥിതി ഏറ്റവും ദയനീയമായിരുന്നു. അവരെ ദൈവത്താലും, മനുഷ്യരാലും ത്യജിക്കപ്പെട്ട മഹാ പാപികളായാണ് കണക്കാക്കിയിരുന്നത്.

മനുഷ്യ സമ്പർക്കമുൺടാകാനിടയില്ലാത്ത ഒഴിഞ്ഞ സ്ഥലങ്ങളിൽ അവരെ പാർപ്പിച്ചിരുന്നു. മറ്റാർക്കും അവരുടെ അടുക്കൽ പോകുവാൻ പോലും അനുവാദമുൺടായിരുന്നില്ല. ഇത്രയും ദയനീയാവസ്ഥയിലായിരുന്ന ഒരു രോഗിയിൽ യേശു മനസ്സലിഞ്ഞ് അവനെ തൊട്ട് സൗഖ്യമാക്കി. അവൻ ഇനിമേൽ ഒരു കുഷ്ഠ രോഗിയല്ലെങ്കിലും സമുദായ മദ്ധ്യേ ചെല്ലണമെങ്കിൽ പുരോഹിതന്റെ അനുവാദം ആവശ്യമാണ്. അതായിരുന്നു അന്നത്തെ നിയമം. അതു ചെയ്യുവാൻ യേശു ആവശ്യപ്പെടുകയാണ് (വാ.44).

'ഇതാരോടും പറയരുത്' (വാ. 43) എന്ന് കല്പിച്ചു എങ്കിലും സന്താഷവും നന്ദിയും നിമിത്തം അവൻ ഈ സംഭവം പ്രസിദ്ധമാക്കി. ഇത് ജനങ്ങളുടെ വർദ്ധിച്ച തിരക്കിനു കാരണമായിത്തീർന്നു (വാ. 45). വിശുദ്ധനായ ക്രിസ്തു അശുദ്ധനെ തൊട്ടതു നിമിത്തം അശുദ്ധനായിത്തീരുന്നില്ല. പിന്നെയോ തന്റെ വിശുദ്ധി അശുദ്ധനെ വിശുദ്ധനാക്കുകയാണ് ചെയ്യുന്നത്. ലോകത്തിന്റെ പാപമാകുന്ന കുഷ്ഠരോഗത്തെ ഉന്മൂല നാശം ചെയ്‌വാൻ വന്ന മനുഷ്യ പുത്രനെ പാപം സ്പർശിക്കുന്നില്ല. ഇന്നും നമ്മുടെ പാപ കുഷ്ഠത്തെ അവൻ നീക്കുന്നു — അഥവാ മോചിക്കുന്നു. നമുക്കും ക്രിസ്തുവിന്റെ അടുക്കൽ ചെന്ന് 'എന്നെ ശുദ്ധമാക്കേണമേ' എന്ന് അപേക്ഷിക്കാമോ?

## B. പാപത്തിൽ നിന്ന് മോചിപ്പിക്കുന്നു (2:1–12)

യേശു വീൺടും വന്നിരിക്കുന്നു എന്ന വാർത്ത ആ ദിക്കെങ്ങും പ്രചരിച്ചു. തൽഫലമായി യേശു ഇരുന്നിരുന്ന വീടും പരിസരങ്ങളും ജനനിബിഢമായിത്തീർന്നു (വാ. 2). ജനക്കൂട്ടത്തെ കൺടിട്ടു അവൻ അവരെ പഠിപ്പിച്ചു. ഇതിനിടയിൽ ഒരു രോഗിയെ യേശുവിന്റെ മുമ്പിലേക്ക് എത്തിച്ചു (വാ. 3–4). ഏതെങ്കിലും തരത്തിൽ ക്രിസ്തുവിന്റെ സന്നിധിയിൽ എത്തിച്ചാൽ തോഗിക്ക് സുഖം ലഭിക്കും എന്ന് അവർ ബലമായി വിശ്വസിച്ചു. ആസന്നമരണനായ ആ മനുഷ്യന്റെ ഹൃദയത്തെ അവൻ കൺടു. തന്റെ പാപത്തെക്കുറിച്ചുള്ള ഭാരം ആ ഹൃദയത്തെ വ്യസനിപ്പിച്ചു കൊൺടിരിക്കുന്നു എന്നു യേശു മനസ്സിലാക്കി. അതു കൊൺട് ഈ പക്ഷവാതക്കാരന്റെ ആത്മാവിനെയാണ് ആദ്യം സൗഖ്യമാക്കുന്നത്. 'മകനെ നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു' (വാ. 5). എത്ര ആശ്വാസം നിറഞ്ഞ വാക്കുകൾ! എന്നാൽ ശാസ്ത്രിമാർക്ക് ഇത് ഇഷ്ടമായില്ല. 'ദൈവത്തിനു മാത്രമല്ലെ പാപമോചനം നൽകാൻ അധികാരമുള്ളത്' എന്ന് അവർ ചിന്തിച്ചു (വാ. 7). എന്നാൽ ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ തനിക്കധികാരമുൺട് എന്ന് തെളിയിച്ചു കൊടുക്കേൺടതിനു രോഗിയോട് 'എഴുന്നേറ്റു കിടക്കയെടുത്ത് നടക്കുക' എന്ന് യേശു പറഞ്ഞു (വാ. 11). തൽക്ഷണം അവൻ ശക്തി പ്രാപിച്ചു നടക്കുന്നതു കൺട് ജനങ്ങൾ വിസ്മയപരതന്ത്രരായി.

പാപമോചനം നൽകുവാൻ തനിക്കധികാരമുൺടെന്ന് ഈ പ്രവർത്തി കൊൺട് അവൻ തെളിയിച്ചിരിക്കുന്നു. നമ്മുടെ മനസ്സിനെ കാണാൻ കഴിയുന്ന യേശുവിനോട് പാപ ക്ഷമക്കായി അപേക്ഷിക്കാമോ? തന്റെ അടുക്കൽ വരുന്ന ഏവർക്കും പാപ മോചനം കൊടുത്തു രക്ഷിക്കുവാൻ യേശു സദാ ഒരുക്കമുള്ളവനായിരിക്കുന്നു.

# പാഠം 5

## A. ചുങ്കക്കാരനെ വിളിക്കുന്നത് (2:13-17)

അന്ന് ആ രാജ്യം ഭരിച്ചിരുന്നത് റോമാ ഗവൺമെന്റാണ്. വിദേശീയ ഭരണാധികാരികളെ യഹൂദന്മാർ വെറുത്തിരുന്നു. റോമാ കൈസർക്കു വേണ്ടി നികുതി പിരിച്ചിരുന്ന ഉദ്യോഗസ്ഥന്മാരെയാണ് 'ചുങ്കക്കാർ' എന്നു പറയുന്നത്. ഇവരെ രാജ്യദ്രോഹികളും മതഭ്രഷ്ടന്മാരുമായി അവർ കരുതി വന്നു. ഇങ്ങനെയുള്ള ഒരുവനാണ് ലേവി (വാ. 14). യേശു 'എന്നെ അനുഗമിക്കുക' എന്ന് അവനോട് പറഞ്ഞു. ലേവി ഉടൻ തന്നെ യേശുവിനെ അനുഗമിച്ചു. ഒരു പുതിയ ജീവിതം ആരംഭിക്കുവാൻ പോകുന്ന ഈ അവസരത്തിൽ അവൻ തന്റെ സ്നേഹിതന്മാരെയും, സഹ പ്രവർത്തകരെയും ക്ഷണിച്ച് ഒരു വിരുന്നു നൽകി. ചുങ്കക്കാർ എന്നോ, പാപികൾ എന്നോ ഉള്ള യാതൊരു വ്യത്യാസവും കൂടാതെ യേശുവും അതിൽ പങ്കെടുത്തു. ഇത് പരീശന്മാർക്കും, ശാസ്ത്രിമാർക്കും ഇഷ്ടമായില്ല (വാ.16). അവർ ശിഷ്യന്മാരോട് ഇതിനെപ്പറ്റി സംസാരിച്ചു. എന്നാൽ യേശു താൻ ലോകത്തിൽ വന്ന ഉദ്ദേശം വ്യക്തമാക്കുന്നു (വാ. 17).

എത്ര ദുഷ്ടനായിരുന്നാലും അവന് യേശുവിനെ സ്വീകരിക്കാൻ മനസ്സുൺടെങ്കിൽ യേശു അവനെ പരിശുദ്ധനാക്കിത്തീർക്കും. ദുഷ്ടന്മാരെ നിരാകരിക്കുകയോ, കൊല്ലുകയോ അല്ല അവരെ എന്നേക്കുമായി രക്ഷിച്ച് വിശുദ്ധരാക്കുകയാണ് അവൻ ചെയ്യുന്നത്. ഇന്ന് നമ്മുടെ അടുക്കലേക്കും അവൻ വരുന്നു. ആ സ്നേഹ മൂർത്തിയെ നമുക്കും അനുഗമിക്കാമോ?

## B. 'ഉപവാസം' യേശുവിന്റെ ദൃഷ്ടിയിൽ (2:18-28)

യോഹന്നാൻ സ്നാപകനെപ്പോലെ ഉപവാസം അനുഷ്ടിക്കുന്ന പതിവ് യേശുവിനുൺടായിരുന്നില്ല. യോഹന്നാന്റെ ശിഷ്യന്മാർക്കും, പരീശന്മാർക്കും ഇതിൽ സംശയം ഉൺടായി (വാ. 18). അവരുടെ ചോദ്യങ്ങൾക്കുള്ള ഉത്തരം ചില ഉദാഹരണങ്ങൾ വഴി യേശു വ്യക്തമാക്കുകയാണ്. യേശുവിനെ മണവാളനോടും, ശിഷ്യന്മാരെ തോഴ്മക്കാരോടും ഉപമിക്കുന്നു (മണവാളൻ എന്ന പദം വരനേയും, തോഴ്മക്കാരൻ എന്നത് വരന്റെ കൂടെ ഇരിക്കുന്ന സ്നേഹിതന്മാരേയും, ബന്ധുക്കളെയുമാണ് കുറിക്കുന്നത്). അന്നത്തെ രീതി അനുസരിച്ച് വിവാഹത്തിനു ശേഷം ഏഴു ദിവസം വിനോദങ്ങളും, സദ്യയും ഉൺടായിരിക്കും. എല്ലാ തോഴ്മക്കാരും ഈ ദിവസങ്ങളിൽ കൂടെ ഇരിക്കണമെന്ന് നിർബ്ബന്ധമുൺട്. മണവാളന് ഏതെങ്കിലും ആപത്ത് സംഭവിക്കുകയോ, അവൻ ശത്രുക്കളാൽ പിടിക്കപ്പെടുകയോ ചെയ്താൽ മാത്രമെ തോഴ്മക്കാർ ഉപവസിക്കുകയും വിലപിക്കുകയും ചെയ്യുകയുള്ളു.

യേശു എന്ന മണവാളൻ മനുഷ്യരോടു കൂടെ ഇരിക്കുന്നുവല്ലോ. പിന്നെ നാം എന്തിന് ഉപവസിക്കണം?. ഇത് സന്തോഷത്തിന്റെ സമയമല്ലേ? കൂടാതെ യേശു ഒരു പുതിയ സന്ദേശവും ലോകത്തിന് നൽകീട്ടുൺട്. അത് പാപ മോചനവും, സമാധാനവും ഏവർക്കും പ്രദാനം ചെയ്യുന്ന ഒന്നാണ്. വളരെ ശക്തിയുള്ളതും പുതിയതുമായ ഈ സന്ദേശം (പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്നു വെക്കുന്നതിനെ) ക്രിസ്തു എതിർക്കുന്നു. ഉപവാസം, ദാനധർമ്മം തുടങ്ങിയുള്ള ആചാരങ്ങളിൽ പാപമോചനവും രക്ഷയും സമ്പാദിക്കാം എന്നുള്ള പഴയ ചിന്താഗതിക്കു പകരം പുതിയ സന്ദേശം (സുവിശേഷം) സ്വീകരിപ്പാൻ അവൻ ആഹ്വാനം ചെയ്യുകയാണ്. പഴയ തുരുത്തിയിൽ പുതിയ വീഞ്ഞ് പകർന്നാൽ തുരുത്തി പൊളിഞ്ഞു പോകും (തുരുത്തി എന്നത് വെള്ളം, വീഞ്ഞ് തുടങ്ങിയ പാനീയങ്ങൾ പകർന്നു വെയ്ക്കുവാനായി തോൽ കൊൺട് നിർമ്മിച്ചിട്ടുള്ള സഞ്ചിയാണ്). പല തരത്തിലുള്ള കർമ്മാനുഷ്ടാനങ്ങളെയും, ക്രിസ്തുവിനേയും ഒന്നിച്ചു ചേർക്കുന്നതും ഉദ്ദേശ്യ ലബ്ധിയിലേക്ക് നമ്മെ നയിക്കുകയില്ല. പഴയ വസ്ത്രവും കോടി വസ്ത്രവും തമ്മിൽ ചേർത്തു തുന്നുന്നതുപോലുള്ള ബുദ്ധി ശൂന്യത ആത്മീയ കാര്യങ്ങളിലും വരാതിരിക്കാനായി ക്രിസ്തു നമ്മെ ഉപദേശിക്കുന്നു.

## C. ശബ്ബത്താചരണം (2:23–28)

യഹൂദന്മാർ ഓരോ ആഴ്ചയുടെയും അവസാന ദിവസം (ശനിയാഴ്ച്ച) പൂർണ്ണമായി വിശ്വസിക്കുകയും ആത്മീയ കാര്യങ്ങൾക്കായി കൂടുതൽ സമയം ചെലവഴിക്കാൻ ശ്രമിക്കുകയും ചെയ്തു വന്നിരുന്നു. ഈ ദിവസത്തെയാണ് 'ശബ്ബത്ത്'എന്നു പറയുന്നത്. പിൽക്കാലത്തിൽ ഗുരുക്കന്മാർ നിർമ്മിക്കപ്പെട്ട നിയമങ്ങൾ നിമിത്തം ശബ്ബത്താചരണം ജനങ്ങൾക്ക് ഒരു ഭാരമായിത്തീർന്നു. ഈ വിധ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ് അവർ യേശുവിന്റെ ശിഷ്യന്മാരെയും കുറ്റപ്പെടുത്തിയത് (വാ. 24). 'കതിർ പറിച്ചു തിന്നത് ' കൊയ്യുകയും മെതിക്കുകയും ചെയ്യുന്ന ജോലിയോട് തുല്യമായി കരുതിയ അവരുടെ വാദം തെറ്റാണെന്ന് പഴയ നിയമത്തിൽ നിന്നെടുത്ത ഉദാഹരണം കൊൺട് യേശു തെളിയിച്ചു (വാ. 26). കൂടാതെ താൻ സകലത്തിനും കർത്താവാകുന്നു എന്ന അതിപ്രധാനമായ പ്രസ്താവനയെ (വാ. 28) നാം ശ്രദ്ധിക്കേൺടതാണ്. ശബ്ബത്തിനെപ്പറ്റി രസകരമായ ഒരു പാഠം അടുത്ത ഭാഗത്തിൽ കാണാം.

# പാഠം 6

## A. വരൺട കയ്യുള്ളവനെ സുഖപ്പെടുത്തുന്നു (3:1–6)

രോഗികളോടുള്ള ക്രിസ്തുവിന്റെ സ്നേഹത്തിന് ഈ ചരിത്രം ഉദാഹരണമാകുന്നു. ശബ്ബത്തിൽ മൃഗങ്ങൾ കിണറ്റിൽ വീണാൽ അതിനെ വലിച്ചെടുക്കാമെന്ന് അവർ പഠിപ്പിക്കു

കയും അത് ഒരു നല്ല പ്രവൃത്തിയായി കരുതുകയും ചെയ്തിരുന്നു. മൃഗങ്ങളിലും ശ്രേഷ്ഠ നായ മനുഷ്യനെ രക്ഷിക്കുന്നതും സഹായിക്കുന്നതും അതിലും ഉത്തമമായ ഒരു പ്രവർത്തി യല്ലേ എന്നു യേശു ചോദിച്ചു (വാ. 4). അനന്തരം അവൻ ആ രോഗിയെ സുഖപ്പെടുത്തി (വാ. 5). സ്വന്തം സഹോദരന് കൈവന്ന ഈ സുഖത്തിൽ സന്തോഷിക്കുന്നതിനു പകരം അവർ കുപിതരായിത്തീരുകയും യേശുവിനെ നശിപ്പിക്കാൻ ആലോചന നടത്തുകയും ചെയ്തു (വാ.6).

## B. യേശു വീണ്ടും ഗലീലയിൽ (3:7-12)

യേശു വന്നിരിക്കുന്നു എന്നറിഞ്ഞ് നാനാ ദേശങ്ങളിൽ നിന്നും നിരവധി ജനങ്ങൾ തിങ്ങി ക്കൂടി. അവൻ ഒരു പടകിൽ ഇരുന്നു കൊൺട് അവരോട് പ്രസംഗിച്ചു. സകല വിധ രോഗിക ളേയും അവൻ സുഖപ്പെടുത്തി (വാ. 10). അശുദ്ധാത്മാക്കളുടെ സാക്ഷ്യം ശ്രദ്ധേയമാണ് (വാ. 11).

## C. ശിഷ്യന്മാരെ തിരഞ്ഞെടുക്കുന്നത് (3:13-19)

തനിക്കുൺടായിരുന്ന ശിഷ്യഗണങ്ങളിൽ നിന്നു യേശു പന്ത്രൺടു പേരെ പ്രത്യേക മായി തിരഞ്ഞെടുത്തു. ഇവരെ 'അപ്പോസ്തലന്മാർ' എന്നു പറയുന്നു. ധൃതിഗതിക്കാരൻ, സംശയാലു, ദ്രവ്യാഗ്രഹി എന്നീ വിഭിന്ന സ്വഭാവക്കാരും അവരിലുൺടായിരുന്നു. അപ്പോ സ്തലന്മാരുടെ ഈ തെരഞ്ഞെടുപ്പ് ലോക ചരിത്രത്തിലെ മഹാസംഭവങ്ങളിൽ ഒന്നായിരുന്നു. 15-ാം വാക്യത്തിൽ ഇവരെ തെരഞ്ഞെടുത്തതിന്റെ ഉദ്ദേശം കാണാം.

## D. യേശുവിനെ തെറ്റിദ്ധരിക്കുന്നു (3:20-35)

യേശുവിനെക്കുറിച്ചുള്ള കീർത്തി നാടെങ്ങും വ്യാപിച്ചു. നാൾക്കു നാൾ ശ്രോതാക്ക ളുടെ എണ്ണം വർദ്ധിച്ചു വന്നു (വാ. 20). ഇതിൽ അസൂയാകുലുഷിതരായ യഹൂദ പ്രമാണികൾ അവന്റെ ജോലിയെ തടസ്സപ്പെടുത്തുവാൻ ആഗ്രഹിച്ചു. സഹായത്തിനായി യെരുശലേമിൽ നിന്ന് സമർത്ഥരായ ചില ശാസ്ത്രിമാരെ അവർ വരുത്തി (വാ. 22). ഇതെല്ലാം കൺട് പരിഭ്ര മിച്ച ബന്ധുക്കൾ, യേശുവിനെ ചിത്തഭ്രമം (ഭ്രാന്ത്) സങ്കൽപിച്ച് ബലാൽക്കാരമായി പിടിച്ചു കൊൺടുപോയി രക്ഷപ്പെടുത്തുന്നതിന് ശ്രമിക്കുകയാണ് (വാ. 21).

യേശുവിൽ സ്പഷ്ടമായ കുറ്റങ്ങൾ ചൂൺടിക്കാണിക്കുവാനോ അവന്റെ ശക്തിയെ നിഷേധിക്കുവാനോ ആർക്കും കഴിയുകയില്ല. അതിനാൽ അവന്റെ ശക്തിയും പ്രവർത്തിയും ദൈവീകമല്ലെന്നും കേവലം പൈശാചികമാണെന്നും പറഞ്ഞ് ജനങ്ങളിൽ ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ അവർ ശ്രമിച്ചു (വാ. 22). 'ബെയെൽസെബൂൽ' (ഭൂതപിശാചുക്കളുടെ തല വൻ) എന്ന ഒരു ഭൂതത്തെക്കൊൺടാണ് യേശു ഇതെല്ലാം ചെയ്യുന്നത് എന്ന് അവർ

പ്രചരിപ്പിച്ചു. അപ്പോൾ രാജ്യത്തിന്റെയും വീട്ടുടമസ്ഥന്റെയും ഉദാഹരണം കൊൺട് അവരുടെ വാദഗതിയിൽ ഉൺടായിരുന്ന തെറ്റിനെ യേശു ചൂൺടിക്കാണിച്ചു. കൂടാതെ ദൈവത്തിന്റെ കരുണയെ അനുഭവിച്ചറിഞ്ഞ ഒരുവൻ മനഃപൂർവ്വമായി ദൈവത്തെ നിഷേധിക്കുന്നുവെങ്കിൽ ആ വ്യക്തി നിത്യശിക്ഷയ്ക്ക് പാത്രവാനായിത്തീരുന്നതാണ് എന്ന താക്കീതും നൽകി (വാ.29). ഇതാണ് ഒരു നാളും ക്ഷമിക്കപ്പെടാത്ത പാപം (വാ.28–29). ഈ ഭയങ്കരാവസ്ഥ വന്നുഭവിക്കാതെ തങ്ങളുടെ ആത്മാക്കളെ സംരക്ഷിച്ചു കൊള്ളണമെന്നതാണ് അവൻ ശാസ്ത്രിമാർക്കു നൽകുന്ന ഉപദേശം. ഈ വിധത്തിൽ തന്റെ വൈരികളുടെയും ആത്മരക്ഷയ്ക്കായി പ്രവർത്തിക്കുന്ന യേശുവിന്റെ സ്നേഹം എത്രയും അഗാധമാണ്. യേശു ക്രിസ്തു നിമിത്തമുള്ള രക്ഷയെ മനസ്സിലാക്കിയ നാം വീൺടും മനഃപൂർവ്വമായി അവനെ നിഷേധിക്കുന്നുവെങ്കിൽ നമ്മുടെ സ്ഥിതിയും ശോചനീയമായിരിക്കും.

ഈ സന്ദർഭത്തിലാണ് തന്നെ കാണുവാൻ അമ്മയും സഹോദരന്മാരും വന്നിരിക്കുന്നു എന്ന വാർത്ത അവന് ലഭിച്ചത് (വാ. 31–32). ദൈവത്തിന്റെ ഇഷ്ടം ചെയ്യുന്നവരാണ് തന്റെ സഹോദരനും സഹോദരിയും, അമ്മയും എന്ന് യേശു പറഞ്ഞു (വാ. 35). നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള വാക്കുകളാണ് ഇവ. ദൈവീക വിളിയെ അനുസരിക്കുന്നതിലും തന്റെ മിത്രങ്ങളും ബന്ധുക്കളും പ്രതിബന്ധമായിട്ടു വന്നാലും ദൈവ വിളി അനുസരിച്ച് മുമ്പോട്ട് പോകേൺടതാകുന്നു എന്നാണ് ഇതുകൊൺട് അവൻ നമ്മെ ഉത്ബോധിപ്പിക്കുന്നത്.

## പാഠം 7

### A. വിതക്കുന്നവന്റെ ഉപമ (4:1–20)

ഏറ്റവും ഗഹനമായ ആത്മീയ സത്യങ്ങൾ പഠിപ്പിക്കുവാൻ ലളിതമായ കഥകളും ദൃഷ്ടാന്തങ്ങളും യേശു ഉപയോഗിച്ചു. ഒന്ന് മറ്റൊന്ന് പോലെ ഇരിക്കുന്നു എന്നു പ്രസ്താവിക്കുന്നതാണ് ഉപമ. ഉപമയുടെ ഉദ്ദേശം ആശയ വിശദീകരണമാണ്.

3–9 വരെയുള്ള വാക്യങ്ങളിൽ യേശുവിന്റെ ഉപമയും 13–20 വരെയുള്ള വാക്യങ്ങളിൽ താൻ അതിനു നൽകിയ വിശദീകരണവും കാണുന്നു. വിത്ത് ദൈവ വചനമാണ്. വയൽ മനുഷ്യ ഹൃദയവും. മനുഷ്യർ നടക്കുന്നതു നിമിത്തം വരമ്പുകളുടെ മേൽ ഭാഗം ഉറച്ചതായിത്തീരുന്നു. വിതക്കുമ്പോൾ ചില വിത്തുകൾ ഈ വഴികളിൽ വീഴുകയും പക്ഷികൾ അവയെ ഭക്ഷിക്കുകയും ചെയ്യുന്നു. തുടർച്ചയായ പാപ കർമ്മങ്ങൾ, അഹങ്കാരം, സ്വയം തൃപ്തി മുതലായവ നമ്മുടെ ഹൃദയങ്ങളെ മരവിപ്പിക്കുന്നു. ആ ഹൃദയങ്ങളിൽ ദൈവ വചനം വീഴുന്നു എങ്കിലും വരമ്പിൽ വീണ വിത്തുപോലെ അവ നിഷ്പ്രയോജനമായിത്തീരുകയാണ് ചെയ്യുന്നത്. യേശു ക്രിസ്തുവിനെപ്പറ്റിയുള്ള രക്ഷാ വചനം ഇവർ കേൾക്കുന്നു എങ്കിലും അതു സ്വീകാര്യമായി അവർക്കു തോന്നുന്നില്ല. ഇവരെക്കുറിച്ചാണ് ഇവിടെ അവൻ പറയുന്നത് (വാ. 4–ഉം 15–ഉം).

വയലുകളിൽ പാറകൾ കാണാറുണ്ടല്ലോ. ചിലപ്പോൾ ഇവ അൽപം മണ്ണു കൊൺട് മൂടപ്പെട്ടിരിക്കും. വിതക്കുമ്പോൾ ചില വിത്തുകൾ ഇങ്ങനെയുള്ള സ്ഥലത്ത് (പാറസ്ഥലത്ത്) വീഴുന്നു. ആ വിത്തുകൾ അവിടെ മുളക്കും. എന്നാൽ അടിയിൽ പാറയായതിനാൽ വേര് ആഴത്തിൽ പോകുന്നില്ല. അതു നിമിത്തം സൂര്യന്റെ ചൂട് ഏൽക്കുമ്പോൾ വേഗത്തിൽ ഉണങ്ങിപ്പോകുന്നു. ചിലർ ഇത്തരക്കാരാണ്. വളരെ സന്തോഷത്തോടെ ദൈവ വചനം പഠിക്കുകയും ക്രിസ്തു മുഖാന്തിരമുള്ള പാപ മോചനത്തിലും രക്ഷയിലും സന്തോഷിക്കുകയും ചെയ്യുന്നു. എങ്കിലും ഉപദ്രവം സഹിക്കേണ്ടി വരുമ്പോൾ ഈ ഉത്സാഹം വേഗത്തിൽ അസ്തമിച്ചു പോകുന്നു. കാരണം അവർക്ക് ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന വിശ്വാസം ഇല്ലാത്തതു തന്നെ – അതെ, ഇവർക്ക് വേരില്ല. 5,6,16,17 ഈ വാക്യങ്ങൾ കൊൺട് ഈ അവസ്ഥയാണ് ക്രിസ്തു വ്യക്തമാക്കുന്നത്.

ചില വിത്തുകൾ മുള്ളിനിടയിൽ വീഴുകയും മുളക്കുകയും ചെയ്തു. എന്നാൽ മുള്ളുകൾ വളർന്ന് തിങ്ങിപ്പോയതു നിമിത്തം ഈ ചെടിക്ക് വേൺടതു പോലെ ഫലം കൊടുക്കാൻ കഴിഞ്ഞില്ല. ചിലരുടെ അവസ്ഥ ഈ വിധത്തിലുള്ളതാണ്. അവർ ക്രിസ്തുവിനെ കൈക്കൊള്ളുന്നുവെങ്കിലും ജഢമോഹം, ആകുല ചിന്ത, ദ്രവ്യാഗ്രഹം, മുതലായവ ഹൃദയത്തിൽ വളർന്നിരിക്കുന്ന വചനത്തെ ഞെരുക്കിക്കളയുന്നു. ഇവർ രൺടു തോണിയിൽ കാൽ വെച്ചിരിക്കുന്ന ചഞ്ചല ഹൃദയന്മാരാണ്. ഇവരിലും ദൈവ വചനത്തിനു അവർ ഉദ്ദേശിക്കുന്ന ഫലം പുറപ്പെടുവിക്കുവാൻ കഴിയുന്നില്ല. ഇതാണ് 7,8,19 എന്നീ വാക്യങ്ങളുടെ സാരം.

നല്ല മണ്ണിൽ വീണ വിത്ത് മുളച്ച് വളർന്ന് 30-ഉം, 60-ഉം, 100-ഉം മേനി ഫലം കൊടുത്തു. ഇത്തരക്കാർ വചനം കേൾക്കുകയും പൂർണ്ണ മനസ്സോടെ അനുസരിക്കുകയും ക്രിസ്തുവിന്റെ രക്ഷയെ സർവ്വാത്മനാ സ്വീകരിക്കുകയും ചെയ്യുന്നവരാണ്. ജീവിതാവസാനം വരെ ക്രിസ്തുവിൽ ഉറച്ചു നിൽക്കുവാൻ ഇവർക്ക് കഴിയുന്നു. നമ്മുടെ ഹൃദയം ഏതു തരത്തിൽപ്പെട്ടതാണ്?

## B. കത്തുന്ന വിളക്ക് (4:21-25)

ഒരു വിളക്ക് കത്തിച്ച് പറയിൻ കീഴിൽ വെച്ചാൽ അതുകൊൺട് യാതൊരു പ്രയോജനവുമില്ല. നേരെ മറിച്ച് വിളക്കു തൺടിന്മേൽ ഇരിക്കുമ്പോൾ ഇരുളിൽ ഇരിക്കുന്നവർക്ക് പ്രയോജനം ഉൺടാവുന്നു.അതുപോലെ ദൈവരാജ്യത്തെപ്പറ്റിയുള്ള ഈ സത്യങ്ങൾ രഹസ്യമായി സൂക്ഷിക്കാതെ ലോകത്തെ അറിയിക്കേൺടതാണ്. തന്റെ സുവിശേഷമാകുന്ന വെളിച്ചം ലോകമാകുന്ന ഭവനത്തിലുള്ള ഏവരിലേക്കും ഉയർത്തിക്കാണിച്ചു കൊടുക്കേൺടതാണ് എന്ന് യേശു ആവശ്യപ്പെടുന്നു.

1. ദൈവത്തിന്റെ ദൂത് ആലോചനാപൂർവ്വം കേൾക്കുക (വാ. 23)
2. കേൾക്കുന്നതിനെ ചിന്തിച്ച് സ്വായത്തമാക്കുക (വാ. 24)
3. തനിക്ക് ലഭിച്ചിരിക്കുന്നതിനെ നിർല്ലോഭം മറ്റുള്ളവർക്ക് കൊടുക്കുക (വാ. 25).

   ഇവയാണ് നാം ചെയ്യേൺടത്.

25-ാം വാക്യം സമ്പത്തിനെയല്ല അറിവിനെയാണ് കുറിക്കുന്നത്. ഉപയോഗിക്കുന്നവന് അവന്റെ അറിവ് വർദ്ധിച്ചു കൊൺടിരിക്കും. ഉള്ളവന് കൊടുക്കും. ഉപയോഗിക്കാത്തവന് ലഭിച്ചിരിക്കുന്നതും കൂടെ ക്രമേണ നഷ്ടമായിപ്പോകും (ഉള്ളതും കൂടെ എടുത്തു കളയും). നമുക്ക് നൽകപ്പെട്ടിട്ടുള്ള വരങ്ങളും ദാനങ്ങളും കൈകാര്യം ചെയ്ത് ചുറ്റുമുള്ളവർക്ക് പ്രയോജനമുളവാക്കണമെന്നും അല്ലാത്ത പക്ഷം അവ നശിച്ചു പോകുമെന്നും യേശു താക്കീതു ചെയ്യുകയാണ്.

# പാഠം 8

## A. ദൈവരാജ്യത്തിന്റെ വളർച്ച (4:26-34)

മനുഷ്യൻ മണ്ണിൽ വിത്തിടുന്നു എങ്കിലും അതിന്റെ വളർച്ചയുടെ രഹസ്യത്തെക്കുറിച്ച് അവൻ ഒന്നും അറിയുന്നില്ല. അവനറിയാതെ തന്നെ കതിരും മറ്റും ഉൺടാകുന്നു (വാ. 27). അതു പോലെ നാം ദൈവ വചനം പഠിക്കുന്നുവെങ്കിലും ഫലവും വർദ്ധനയും കൊടുക്കുന്നത് ദൈവമത്രേ (വാ. 28). കടുകുമണി ഏറ്റവും ചെറിയ ഒരു വിത്താണ് എങ്കിലുമത് വേഗത്തിൽ വളർന്നു വലിയ ഒരു ചെടിയായിത്തീരുന്നു (ചില രാജ്യങ്ങളിൽ 12 അടി ഉയരത്തിൽ വളരും). ദൈവ രാജ്യത്തിന്റെ വളർച്ചയും ഇപ്രകാരമുള്ളതാണെന്ന് പ്രസ്തുത ദൃഷ്ടാന്തം കൊൺട് യേശു തെളിയിക്കുകയാണ്. വെറും 12 പേർ മാത്രമെ തന്റെ അനുയായികളായി അന്നുൺടായിരുന്നുള്ളു എങ്കിലും ഇന്ന് ആ രാജ്യം വളർന്നു ലോകമെങ്ങും വ്യാപിച്ചിരിക്കുന്നു. ഒന്നാം നൂറ്റാൺടിൽ ത്യാജകോടിയിൽ തള്ളപ്പെട്ടിരുന്ന ആ നാമം 21-ാം നൂറ്റാൺടിൽ ലോകമെങ്ങുമുള്ള സ്നേഹ ബഹുമാനങ്ങൾക്ക് പാത്രമായിത്തീർന്നിരിക്കുന്നു. ഈ സത്യം നമ്മെ അത്ഭുതപ്പെടുത്തുന്നില്ലേ?

## B. യേശു പ്രകൃതിയുടെ ദൈവമാണ് (4:35-41)

യേശു പടകിന്റെ ഒരറ്റത്തുള്ള ഇരിപ്പിടത്തിൽ ചാരിക്കിടന്ന് ഉറങ്ങി (വാ.38). കടലിന്റെ മദ്ധ്യത്തിലേക്ക് ചെന്നപ്പോൾ പ്രകൃതി പെട്ടെന്ന് ക്ഷുഭിതമായി. ശിക്ഷ്യന്മാർ യേശുവിനെ ഉണർത്തി സഹായത്തിനായി അപേക്ഷിച്ചു. അവൻ എഴുന്നേറ്റ് കാറ്റിനേയും കടലിനേയും ശാസിച്ചു. എന്തൊരത്ഭുതം! കടൽ ശാന്തമായി. നിങ്ങൾക്ക് ഇപ്പോഴും വിശ്വാസമില്ലയോ? (വാ. 40) എന്ന ചോദ്യം ശ്രദ്ധേയമാണ്. തന്റെ സാന്നിദ്ധ്യത്തേയും ശക്തിയേയും മറന്നിട്ട് അവർ പ്രാണരക്ഷാർത്ഥം നില വിളിച്ചത് ഭോഷത്തമാണെന്നും ഒരു ആപത്തും സംഭവിക്കാതെ താനവരെ പരിപാലിക്കും എന്നും അവർ വിശ്വസിക്കേൺടതാണെന്നും യേശു അവരോട് പറയുകയാണ്. കാറ്റും കടലും കൂടെ യേശുവിനെ അനുസരിക്കുന്നു (വാ. 41) എന്നത് അവർക്ക് ഭയത്തിനും അത്ഭുതത്തിനും കാരണമായി. അഗ്നി, വായു, സമുദ്രം, മുതലായ പ്രകൃതിശക്തികൾ ദൈവങ്ങളാണെന്നുള്ള വിശ്വാസം അക്കാലത്തെ ഗ്രീക്കുമത വിശ്വാസികൾക്കും മറ്റും ഉൺടായിരുന്നു. എന്നാൽ അവയെക്കാളും ശക്തനായ ദൈവം അവരോടു കൂടെ ഇരിക്കുന്നു എന്നതാണ് ഈ ഭയത്തിനും അത്ഭുതത്തിനും കാരണം. പ്രകൃതിയുടെ സൃഷ്ടാവും നിയന്ത്രകനുമായ ദൈവം ഈ ലോകയാത്രയിൽ നമ്മോടു കൂടെ ഇരിക്കുന്നു.

## C. അശുദ്ധാത്മാവ് ബാധിച്ചവന് സുബോധം നൽകുന്നു (5:1–20)

യേശുവും ശിഷ്യന്മാരും കടലിന്റെ അക്കരെയെത്തിയപ്പോൾ അശുദ്ധാത്മ ബാധ നിമിത്തം അതിഭയങ്കരനായിത്തീർന്നിരുന്ന ഒരു മനുഷ്യൻ വന്നു അവനെ എതിരേറ്റു (വാ. 3–5). യേശുവിനെ കൺടപ്പോൾ അവൻ നില വിളിച്ചു (വാ.7). ആറായിരം പേർ അടങ്ങുന്ന ഒരു സൈന്യ വിഭാഗത്തിനാണ് 'ലെഗ്യോൻ' എന്നു പറയുന്നത്. അത്രയും അശുദ്ധാത്മാക്കൾ ആ മനുഷ്യനെ ബാധിച്ചിരുന്നു എന്നാണ് അർത്ഥം. യേശു അവരെ അവനിൽ നിന്നും പുറത്താക്കി. അവരുടെ അപേക്ഷ അനുസരിച്ച് പന്നിക്കുട്ടത്തിലേക്ക് അയച്ചു (വാ. 10–15). താൻ അവനു വേൺടി ചെയ്തത് അവന്റെ വീട്ടുകാരോടും, നാട്ടുകാരോടും അറിയിക്കുവാൻ യേശു അവനോട് ആവശ്യപ്പെട്ടു (വാ.19). യേശു ക്രിസ്തുവിൽ നിന്നും അനുഭവിക്കുന്ന ആത്മസമാധാനം മറ്റുള്ളവരേയും അറിയിക്കണമെന്ന് അവൻ ഓരോരുത്തരോടും കൽപ്പിക്കുന്നു (മർക്കൊ. 16:15).

## D. മരണത്തിന്റെ നാഥനായ യേശു (5:21–43)

പള്ളിപ്രമാണിയായിരുന്ന യായിറോസ് യേശുവിന്റെ മുമ്പിൽ മുട്ടു കുത്തി മരിക്കാറായ തന്റെ മകൾക്കു വേൺടി അപേക്ഷിച്ചു (വാ. 23). ഉടൻ തന്നെ യേശു അവന്റെ വീട്ടിലേക്കു പുറപ്പെട്ടു. ഒരു ജനക്കൂട്ടവും അവരെ പിന്തുടർന്നു. വഴിയിൽ വെച്ച് 18 കൊല്ലത്തോളം വളരെ ചികിത്സകൾ ചെയ്തിട്ടും സുഖം ലഭിക്കാതെ രക്ത സ്രാവം എന്ന രോഗം നിമിത്തം വലയുന്ന ഒരു സ്ത്രീ ക്രിസ്തുവിന്റെ വസ്ത്രം തൊട്ട് സുഖം പ്രാപിച്ചു (വാ. 27). അവളുടെ വിശ്വാസം എന്തായിരിന്നു എന്ന് 28-ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നു. യേശു ആ സ്തീയുടെ വിശ്വാസത്തെ സ്തുതിക്കുകയും, അവളെ ആശ്വസിപ്പിക്കുകയും ചെയ്തു (വാ. 31–34). തന്റെ അടുക്കൽ വരുന്ന ഏവരേയും അവൻ ആശ്വസിപ്പിക്കുന്നുവല്ലോ.

അന്നത്തെ ജനങ്ങൾ മരണത്തെ വളരെ ഭയപ്പെട്ടിരുന്നു. യേശുവിന് അത്ഭുതകരമായ വിധത്തിൽ രോഗങ്ങളെ സുഖമാക്കുവാൻ കഴിയും എന്ന് ജനങ്ങൾക്ക് അറിയാമായിരുന്നു. എന്നാൽ മരണത്തിൽ നിന്നു മോചനം കൊടുക്കാനും കഴിയുമെന്ന് ഗ്രഹിച്ചിരുന്നില്ല. അതു കൊൺടാണ് 'കുട്ടി മരിച്ചുപോയി' ഇനി ഗുരുവിനെ ഉപദ്രവിക്കേൺട എന്ന് അറിയിച്ചത് (വാ.35). കുട്ടി മരിച്ചു, ഇനി ക്രിസ്തുവിനു ഒന്നും ചെയ്യാൻ സാധ്യമല്ല എന്നു സാരം. അതു കേട്ടു ഞെട്ടിപ്പോയ യായിറോസിനെ അവൻ ആശ്വസിപ്പിച്ചു (വാ.36). അനന്തരം ശിഷ്യന്മാരുമായി ച്ചെന്ന് കുട്ടിയെ ജീവിപ്പിച്ചു (വാ. 40–42). മരണ സമയത്തും, മരണത്തിനു ശേഷവും യേശു നമ്മോടുകൂടെ ഉൺടെങ്കിൽ നമുക്ക് യാതൊന്നും ഭയപ്പെടാനില്ല. അവൻ മരണത്തേയും ജയിച്ചിരിക്കുന്നുവല്ലോ?

# പാഠം 9

## A. യേശു വീണ്ടും പിതൃനഗരത്തിൽ (6:1–6)

**യേശു വീണ്ടും ഗലീലയിൽ വന്നു ചേർന്നു. ജനങ്ങൾ അവനെ സ്വാഗതം ചെയ്തു** എങ്കിലും അവനിൽ വിശ്വസിച്ചില്ല. ക്രിസ്തുവിനെപ്പറ്റി നാം എന്തു ചിന്തിക്കുന്നു. ഏഷ്യാ ഭൂഖണ്ഡത്തിലാണ് അവൻ ജനിച്ചതും വളർന്നതും. ഏഷ്യാക്കാർക്ക് യേശുക്രിസ്തുവിനെ എത്രത്തോളം മനസ്സിലാക്കാൻ കഴിഞ്ഞു എന്ന് ഈ സന്ദർഭത്തിൽ ചിന്തിക്കുന്നത് ഉചിതമായിരിക്കും.

## B. പ്രസംഗിക്കേണ്ടതിന് അയക്കുന്നു (6:7–18)

യേശു ക്രിസ്തു ലോകത്തിന് ആവശ്യമായിരിക്കുന്ന ആത്മീയ സത്യങ്ങൾ പഠിപ്പിക്കുകയും ഉപമകളാലും തന്റെ അത്ഭുത പ്രവർത്തികളാലും അവയെ തെളിയിക്കുകയും ചെയ്തു. തന്റെ കാല ശേഷവും ഈ പ്രവർത്തി തുടർന്നു പോകേണ്ടത് ആവശ്യമായതിനാൽ അവൻ 12 പേരെയും ഈരണ്ടായി പരിശീലനാർത്ഥം അയച്ചു. ഭക്ഷണം, വസ്ത്രധാരണം, മുതലായവ ഏറ്റവും ലളിതമായിരിക്കണമെന്നും, കരുതൽ ധനം യാതൊന്നും ആവശ്യമില്ല എന്നും യേശു അവരെ പ്രബോധിപ്പിച്ചു (വാ. 8–11).

ഗലീല നാടു ഭരിച്ചിരുന്ന ഹെരോദാ രാജാവിന്റെ സഹോദരനായ ഫിലിപ്പ് രാജാവിന് ഹെരോദ്യ എന്ന ഭാര്യയും, ശലോമി എന്നു പേരുള്ള ഒരു മകളും ഉണ്ടായിരുന്നു. ഹെരോദാവ് ഫിലിപ്പിന്റെ ഭാര്യയെ രഹസ്യമായി സ്നേഹിക്കുകയും ഒടുവിൽ സ്വന്തം ഭാര്യയെ ഉപേക്ഷിച്ചിട്ട് അവളെ വിവാഹം കഴിക്കുകയും ചെയ്തു. അതറിഞ്ഞ യോഹന്നാൻ സ്നാപകൻ ഹെരോദാ രാജാവിന്റെ അടുക്കൽ ചെന്ന് അവന്റെ പാപത്തെ ചൂണ്ടിക്കാണിക്കുവാൻ തെല്ലും മടിച്ചില്ല (വാ.18). ഹെരോദാവ് തന്റെ തെറ്റ് മനസ്സിലാക്കി. യോഹന്നാൻ ഒരു ദിവ്യനാണെന്നും അവനറിയാമായിരുന്നു. എന്നാൽ ഹെരോദ്യയാകട്ടെ ക്രോധിച്ച് യോഹന്നാനെ തടവിലാക്കുവാനും, വധിക്കുവാനും രാജാവിനെ പ്രേരിപ്പിച്ചു. ആ ദുഷ്ട സ്ത്രീയുടെ പ്രേരണ നിമിത്തം യോഹന്നാനെ ബന്ധനസ്ഥനാക്കിയെങ്കിലും വേറൊന്നും ചെയ്യാൻ രാജാവ് ധൈര്യപ്പെട്ടില്ല. ഈ സംഭവങ്ങളെല്ലാം സംഗ്രഹിച്ചാണ് 17-ാം വാക്യം പറഞ്ഞിരിക്കുന്നത്. അന്നു മുതൽ അവൾ യോഹന്നാനെ കൊല്ലുവാനായി പല ശ്രമങ്ങൾ ചെയ്തു കൊൺടേയിരുന്നു (വാ. 19). എന്നാൽ രാജാവ് അവന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിൽ പ്രതിപത്തി കാണിച്ചിരുന്നു (വാ. 20).

രാജാവിന്റെ ജന്മദിനം പ്രമാണിച്ച് നടത്തിയ വിരുന്നിൽ ഹെരോദ്യയുടെ മകൾ ശലോമി ഹൃദ്യമായ ഒരു നൃത്ത കലാപ്രകടനം നടത്തി. അതിൽ സന്തുഷ്ടനായ രാജാവ് എന്തു വേണമെങ്കിലും രാജ്യത്തിന്റെ പകുതിയായാൽ പോലും അവൾക്ക് നൽകാമെന്ന് പരസ്യമായി വാഗ്ദാനം ചെയ്തു. അവൾ വേഗത്തിൽ അമ്മയുടെ അഭിപ്രായം ആരാഞ്ഞു. ഏതു വിധേനയും യോഹന്നാന്റെ കഥ കഴിച്ചേ അടങ്ങൂ എന്ന് വ്രതവും നോറ്റിരുന്ന മാതാവ്

യോഹന്നാന്റെ തല ഒരു താലത്തിൽ തന്നാൽ മതി എന്ന് ആവശ്യപ്പെടുവാൻ ഉപദേശിച്ചു. മകൾ അത് അക്ഷരം പ്രതി അനുസരിച്ചു. രാജാവിന് അപ്പോഴാണ് സുബോധം ഉൺടായത്. ഗത്യന്തരമില്ലാതെ അപ്രകാരം ചെയ്യുവാൻ അവൻ കല്പിച്ചു. രക്ത നിമഗ്നമായ ശിരസ്സ് ഒരു താലത്തിൽ രാജ സന്നിധിയിൽ സമർപ്പിക്കപ്പെട്ടു. ത്യാഗവര്യനായ സ്നാപകൻ ഈ വിധത്തിൽ 29-ൽ ശിരച്ഛേദം ചെയ്യപ്പെട്ടു. അനന്തരം ശിഷ്യന്മാർ മൃതശരീരം ഏറ്റുവാങ്ങി യഥായോഗ്യം സംസ്കരിച്ചു (വാ. 29).

മദോന്മത്തത, അനിശ്ചിത കാര്യങ്ങളിൽ ഇടുന്ന ആണ, ദുരഭിമാനം തുടങ്ങിയവ ഏതേത് പാപങ്ങളിൽ മനുഷ്യനെ ചാടിക്കുന്നു എന്ന് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

## C.ജനങ്ങൾ ചിന്തിക്കുന്നു (6:14-16)

യേശുവിനെപ്പറ്റി വിവിധ രൂപത്തിലാണ് ജനങ്ങൾ മനസ്സിലാക്കിയത്. ക്രിസ്തുവിനും ഏകദേശം 900 വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന മഹാനും, അതിഭക്തനും, വളരെ വീര്യ പ്രവർത്തികൾ ചെയ്തിട്ടുള്ളവനുമായ ഒരു പ്രവാചകനാണ് ഏലിയാവ്. ഈ പ്രവാചകൻ വീൺടും ജനിക്കും എന്ന് ചിലർ വിശ്വസിച്ചു. യേശു ഏലിയാവായിരിക്കുമോ എന്ന് ജനങ്ങൾ ചിന്തിക്കുകയാണ്. മുൻ കാലങ്ങളിൽ പ്രവാചകന്മാർ മഹത്തായ സേവനം ചെയ്യുകയും ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തിരുന്നു. അതുപോലെ ഒരു പ്രവാചകനായിരിക്കുമോ യേശുവും എന്നു മറ്റു ചിലർ സംശയിച്ചു (വാ. 15). നിരപരാധിയായ യോഹന്നാനെ വധിച്ചതിനാൽ തന്നോട് പ്രതികാരം തീർക്കാനായി അവൻ യേശുവായി അവതരിച്ചിരിക്കുകയാണ്. അതാണ് ഈവിധ ശക്തികൾക്കു കാരണം എന്ന് ഹെരോദാവും ഭയപ്പെട്ടു (വാ. 16).

നാം യേശുവിനെപ്പറ്റി എന്തു പറയുന്നു. നമ്മുടെ പാപത്തിനു നമ്മോടു പ്രതികാരം ചെയ്യുവാനല്ല നമ്മെ രക്ഷിക്കുവാനും സകലർക്കും വേൺടി മരിക്കുവാനും അത്രേ യേശു ഈ ലോകത്തിൽ അവതരിച്ചത്.

# പാഠം 10

## A. അയ്യായിരം പേരെ പോഷിപ്പിക്കുന്നു (6:30-44)

ശാരീരിക ആവശ്യങ്ങളിലും യേശു ശ്രദ്ധിക്കുന്നു എന്നാണ് ഈ സംഭവം പഠിപ്പിക്കുന്നത്.

തന്നെ പിന്തുടർന്ന ജനക്കൂട്ടത്തെ കൺടപ്പോൾ യേശു മനസ്സലിഞ്ഞ് അവരെ ഉപദേശിക്കുവാൻ തുടങ്ങി (വാ. 34). രോഗ ശാന്തി മുതലായി ജനങ്ങൾക്കാവശ്യമായ പലതും അവൻ ചെയ്തു കൊടുത്തു. നേരം വളരെ വൈകിയിരുന്നതിനാൽ ശിഷ്യന്മാർ ഭക്ഷണ പ്രശ്നം ഉന്നയിച്ചു.

അതിനു യേശു പറഞ്ഞ മറുപടി ശ്രദ്ധേയമാണ്(വാ. 37). അവിടെ ഉൺടായിരുന്ന 5 അപ്പവും 2 മീനും അവൻ അനുഗ്രഹിച്ച ശേഷം വിളമ്പുവാനായി ശിഷ്യൻമാരെ ഏല്പിച്ചു. ശിഷ്യന്മാർ വിളമ്പി (വാ.41). വിളമ്പുന്നതിനനുസരിച്ച് അവ പെരുകികൊൺടിരുന്നു. എല്ലാവരും തിന്നു തൃപ്തരായി. ബാക്കി വന്ന കഷ്ണങ്ങൾ 12 കുട്ടയോളം നിറച്ചെടുക്കുവാൻ അവർക്കു കഴിഞ്ഞു.

ഇതേ ക്രിസ്തു ഇന്നും എല്ലാവർക്കും ആഹാരം കൊടുത്ത് തൃപ്തി വരുത്തുന്നു. അതിനാൽ നാം നാളത്തെ ഭക്ഷണത്തെച്ചൊല്ലി എന്തിനു വ്യാകുലപ്പെടുന്നു?

## B. യേശു കടലിൻ മുകളിലൂടെ നടക്കുന്നു (6:45–52)

അന്ന് രാത്രി യേശു കടലിലൂടെ നടന്ന് ശിഷ്യന്മാരുടെ അടുത്തെത്തി (വാ. 48). 'യാമം' എന്നത് 3 മണിക്കൂർ സമയത്തെ കുറിക്കുന്നു. യേശുവിനെ കൺടിട്ട് ശിഷ്യന്മാർ ഭയന്ന് നില വിളിച്ചു. തെറ്റിദ്ധാരണയായിരുന്നു ഇതിനു കാരണം. യേശു എത്രയും ഹൃദയ സ്പൃക്കായ വിധത്തിൽ അവരെ സമാധാനപ്പെടുത്തി (വാ. 50). അവർ അനുഭവിച്ചിരുന്ന സകല ബുദ്ധിമുട്ടുകളും യേശുവിന്റെ സാന്നിദ്ധ്യത്തോടു കൂടി അവസാനിച്ചു. 5 അപ്പത്തെ വർദ്ധിപ്പിച്ച് അനേകരെ സഹായിച്ച ആ കൈ എല്ലായ്പ്പോഴും അവർക്കായി നീട്ടിക്കൊൺടിരിക്കുന്നു എന്നത് അവർ മറന്നു പോയി (വാ. 52). യേശു എന്നും എപ്പോഴും നമുക്ക് താങ്ങും തണലുമാണെന്ന് ഈ ചരിത്രം നമ്മെ പഠിപ്പിക്കുന്നു.

## C. യേശു ഗന്നേസരത്തിൽ (6:53–56)

യേശു ഇവിടെ എത്തിയിരിക്കുന്നുവെന്നറിഞ്ഞ ഉടൻ ജനങ്ങൾ ധാരാളമായി തിങ്ങിക്കൂടി ആത്മീയവും ലൗകീകവുമായ സുഖം ജനങ്ങൾക്കു നൽകുന്നതിൽ യേശു സദാ വ്യാപൃതനായിരുന്നു. നമുക്കും നമ്മുടെ പ്രശ്നങ്ങളുമായി യേശുവിനെ സമീപിക്കാം.

# പാഠം 11

## A. ന്യായപ്രമാണത്തെപ്പറ്റി (7:1–23)

ക്രിസ്തുവിന് 1500 കൊല്ലങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന മോശ എന്ന പ്രവാചകൻ ചില നിയമങ്ങൾ ജനങ്ങൾക്ക് നൽകിയിട്ടുൺടായിരുന്നു. ഇവയെ *ന്യായപ്രമാണം* എന്നു പറയുന്നു. യേശുവിന് ഈ ആചാരങ്ങളിൽ എത്രമാത്രം മതിപ്പുൺട് എന്നതാണ് അവരുടെ ചോദ്യം (വാ.5). യേശു അവക്ക് അധികമായ വില കൽപ്പിക്കുകയോ തന്റെ ശിഷ്യന്മാരെക്കൊൺട് അനുസരിപ്പിക്കുകയോ ചെയ്തില്ല എന്നതാണ് അവർ കൺട കുറ്റം.

ദൈവ കല്പനയേക്കാളും മനുഷ്യ കല്പനയെ വിലമതിക്കുന്നത് ബാഹ്യമായ അർത്ഥത്തിൽ മാത്രം അവയെ ആചരിക്കുന്നതിനെ ഈ ഭാഗത്തിൽ (വാ. 8-13) യേശു ആക്ഷേപിക്കുന്നു. അവരുടെ ചോദ്യത്തിന് ഉത്തരമായി 800 കൊല്ലം മുമ്പ് ജീവിച്ചിരുന്ന പ്രവാചക ശ്രേഷ്ഠനായ യെശയ്യാവിന്റെ വാക്യത്തെ അവൻ ഉദ്ധരിക്കുകയാണ് (വാ. 6-7). അതിനു ശേഷം അവൻ അവരുടെ ആചാരത്തിൽ വന്നിട്ടുള്ള ന്യൂനതകൾ ഉദാഹരണ സഹിതം ചൂണ്ടിക്കാണിച്ചു (വാ.8-13). മാതാപിതാക്കളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യാത്തവന് വധ ശിക്ഷ നൽകണം എന്നതായിരുന്നു കല്പന (വാ.10). ന്യായപ്രമാണം ഇത്രയും ഗൗരവതരമാ കുന്നു എന്നറിയാമായിരുന്നിട്ടും ഇതിനെ അവഗണിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവർ കണ്ടു പിടിച്ചു. മാതാപിതാക്കളെ ബഹുമാനിക്കാത്തവർ 'കൊർബ്ബാൻ' എന്നു പറഞ്ഞാൽ അവനെ ശിക്ഷിക്കേണ്ടതില്ല എന്നതായിരുന്നു (വാ.11-12). കൊർബ്ബാൻ എന്ന വാക്കിന് വഴിപാട്, നേർച്ച എന്നീ അർത്ഥങ്ങൾ ഉണ്ട്. തെറ്റുകാരനായ ഒരു മകൻ തന്റെ മാതാപിതാക്കളോട് കാണി ക്കേണ്ടതായ സ്നേഹ ബഹുമാനങ്ങളെ ദൈവത്തിന് നേർച്ചയായി കൊടുത്തിരിക്കുന്നു എന്നു പറഞ്ഞാൽ (കൊർബ്ബാൻ) പിന്നെ അവനെ ശിക്ഷിക്കാൻ പാടില്ല. ഈ വിധത്തിൽ അവർ ദൈവ കൽപനയെ തെറ്റായി ഉപയോഗിക്കുന്നു എന്ന് യേശു ചൂണ്ടിക്കാണിച്ചു (വാ.13).

## B. ശാരീരികവും ആത്മീകവുമായ അശുദ്ധി (14-23)

കുളിക്കുക, കഴുകുക, മുതലായ ബാഹ്യാചാരങ്ങൾ മനുഷ്യന് ആത്മീയ ശുദ്ധി വരു ത്തുന്നു എന്ന വിശ്വാസം അവർക്കുണ്ടായിരുന്നു. കുളിച്ച് ശുദ്ധനായി പ്രാർത്ഥിക്കണമെന്നും, ചില ആഹാര സാധനങ്ങൾ ശുദ്ധമാണെന്നും, ചിലത് അശുദ്ധമാണെന്നും മറ്റും അവർ ധരിച്ചി രുന്നു. എന്നാൽ യേശുവാകട്ടെ പുറത്തു നിന്ന് അകത്തേക്കു പോകുന്ന ഒന്നിനും മനുഷ്യനെ അശുദ്ധനാക്കുവാൻ കഴിയുകയില്ല എന്നും (വാ.19), മനുഷ്യന്റെ ഹൃദയത്തിൽ നിന്നു പുറപ്പെ ടുന്നവയാണ് അവനെ അശുദ്ധനാക്കുന്നത് എന്നും, ശാരീരിക മാലിന്യം കൊണ്ട് ആത്മാ വിന് കളങ്കം പറ്റുകയില്ല എന്നും, സന്മാർഗ്ഗികവും ആത്മീയവുമായ മാലിന്യം ആത്മ മണ്ഡല ത്തിൽ മാത്രം നില കൊള്ളുന്നുവെന്നും യേശു പഠിപ്പിച്ചു. മതപരമായ അശുദ്ധി ഹൃദയത്തിൽ നിന്നും പുറപ്പെടുന്ന പാപമാണ്. ഒരു വ്യക്തിയുടെ ശരീരം അശുദ്ധമായതു കൊണ്ട് ആത്മാവ് അശുദ്ധമാകുന്നില്ല. അതുപോലെ തന്നെ ശരീരം ശുദ്ധമായതു കൊണ്ട് ആത്മാവ് ശുദ്ധമാ കുന്നുമില്ല. ആത്മീയമായത് ആത്മീയമായവയാൽ മാത്രം മലിനപ്പെടുകയും, ആത്മീയമായവ യാൽ മാത്രം ശുദ്ധീകരിക്കപ്പെടുകയും ചെയ്യും. ക്രിസ്തുവിന്റെ ഈ ഉപദേശം കർമ്മപരമായ എല്ലാ വിധ അന്ധവിശ്വാസങ്ങളേയും തകർത്തു കളഞ്ഞു. നമുക്കും ചിലപ്പോൾ ചിലരെ തൊടു ക, ചിലത് തിന്നുക, കുളിക്കാതിരിക്കുക, തുടങ്ങിയവയാണ് അശുദ്ധി എന്നു തോന്നുന്നില്ലേ? അതിനാൽ മേൽപ്പറഞ്ഞവ വർജ്ജിക്കുകയും, കുളിക്കുകയും ചെയ്താൽ ശുദ്ധരായി എന്നും നാം വിശ്വസിക്കുന്നു. നമ്മിൽ നിന്നും പുറപ്പെടുന്ന അശുദ്ധിയെ (വാ.20-22) നാം കാര്യമായി ഗണിക്കുന്നില്ല. നീതിമാനും പരിശുദ്ധനുമായ ദൈവം നമ്മുടെ ശരീര ശുദ്ധിയെ അല്ല ഹൃദയ ശുദ്ധിയെയാണ് നോക്കുന്നത്. ഹൃദയത്തെ ശുദ്ധീകരിക്കാനുള്ള വെള്ളവും സോപ്പും ഏതാണ് എന്ന് ഈ കോഴ്സിൽ നിന്നും മനസ്സിലാക്കാം.

# പാഠം 12

## A. യവന സ്ത്രീയുടെ അപേക്ഷ (7:24–30)

യേശുവിന്റെ അടുക്കൽ വന്നെത്തിയ ജനക്കൂട്ടത്തിൽ ഒരു യവന സ്ത്രീ ഉൺടായിരുന്നു. ഇവരെ യഹൂദന്മാർ 'പുറജാതിക്കാർ' എന്നും, 'നായ്ക്കൾ' എന്നുമാണ് വിളിച്ചിരുന്നത്. അവരുമായി സംസർഗ്ഗം ചെയ്യുന്നത് നിഷിദ്ധമായി അവർ കരുതിയിരുന്നു.

എന്നിട്ടും ഈ സ്ത്രീ യേശുവിനോട് തന്റെ മകൾക്കു വേൺടി അപേക്ഷിച്ചു (വാ.26). എല്ലാവരേയും തുല്യമായി സ്നേഹിക്കുന്ന ക്രിസ്തു അവളുടെ വിശ്വാസത്തെ പരീക്ഷിക്കുന്നതിനും തന്റെ ശിഷ്യന്മാർക്കും മറ്റ് യഹൂദന്മാർക്കും ഒരു പാഠം പഠിപ്പിക്കുന്നതിനായി അവളോട് 27-ാം വാക്യത്തിൽ കാണും പ്രകാരം പറഞ്ഞു. അവരെ 'ചെന്നായ്ക്കുട്ടികൾ' എന്ന് യേശു വിശേഷിപ്പിച്ചു. അവൾ അത് സമ്മതിക്കുകയും അപ്പക്കഷ്ണങ്ങൾക്കായി അപേക്ഷിക്കുകയും ചെയ്തു (വാ.28). ആ സ്ത്രീയുടെ വിശ്വാസവും, വിനയവും കൺടിട്ട് യേശു അത്ഭുതപ്പെട്ടു. അവളുടെ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകി അനുഗ്രഹിച്ചയച്ചു (വാ.29). നാം ഉറച്ച വിശ്വാസത്തോടും, വിനയത്തോടും കൂടെ നമ്മുടെ ആവശ്യങ്ങൾക്കായി ദൈവത്തോട് പ്രാർത്ഥിക്കേൺടതാണ്. മടുത്തു പോകാത്ത പ്രാർത്ഥനയ്ക്ക് ഉത്തരം ലഭിക്കും.

## B. വിക്കനും ചെകിടനുമായവൻ (7:31–37)

സംസാരിക്കുവാനും കേൾക്കുവാനും കഴിവില്ലാത്ത ഒരുവന് യേശുവിന്റെ സ്പർശനമേറ്റ മാത്രയിൽ സംസാരിക്കുവാനും കേൾക്കുവാനും ഉള്ള കഴിവ് ലഭിച്ചു (വാ.35).

യേശുവിൽ നിന്നും പ്രാപിച്ച അനുഗ്രഹത്തെ അവൻ നാടു മുഴുവനും അറിയിച്ചു (വാ. 36). അവൻ അനുഭവിക്കുന്ന സന്തോഷത്തെ മറ്റുള്ളവർക്കും പകർന്നു കൊടുക്കുകയാണ് ചെയ്യുന്നത്. ഇതിനെ തടയുവാൻ ആർക്കും കഴിയുകയില്ല. ഇന്നും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുന്നതിന്റെ കാരണവും അതു തന്നെയാണ്.

## C. നാലായിരത്തെ പോഷിപ്പിക്കുന്നു (8:1–10)

പത്താമത്തെ പാഠത്തിലെ അയ്യായിരം പേരെ പോഷിപ്പിക്കുന്നതായ ചരിത്രം ബെത്ത്സെയിദ എന്ന സ്ഥലത്താണ് നടന്നത്. ഈ സംഭവം ദെക്കപ്പൊലി ദേശത്തിൽ നടന്നു. ജനങ്ങൾ 3 ദിവസത്തോളം യേശുവിന്റെ വചനം കേട്ടുകൊൺടിരുന്നു (വാ. 2). എന്നിട്ടും ഭക്ഷണത്തെപ്പറ്റിയുള്ള ചിന്ത യേശുവിനാണ് ഉൺടായത്. നാം ചിന്തിക്കുന്നതിനു മുമ്പു തന്നെ ദൈവം നമുക്കായും നമ്മുടെ ഭാവിക്കായും ചിന്തിക്കുന്നുവെന്ന് അത് സ്പഷ്ടമാക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം 2-ഉം, 3-ഉം വാക്യങ്ങളിൽ വളരെ തെളിവായി കാണാം.

ഇത്രയും ജനത്തിന് ആഹാരം കൊടുത്ത് തൃപ്തി വരുത്തുവാൻ മനുഷ്യർക്ക് സാധ്യമല്ല (വാ.4) എന്ന് ശിഷ്യന്മാർ പറഞ്ഞു. മനുഷ്യർക്ക് അസാധ്യമായത് നിരവധിയാണ്. എന്നാൽ ദൈവത്തിന് അസാദ്ധ്യമായത് ഒന്നുമില്ല. മനുഷ്യന്റെ ലൌകികവും ആത്മീയവുമായ രക്ഷയും പരിപാലനവും മനുഷ്യന്റെ കഴിവിനും ഭാവനക്കും അതീതമായ വിധത്തിൽ ദൈവം നൽകുന്നുവെന്ന് ഈ ചരിത്രം വ്യക്തമാക്കുന്നു.

## D. പരീശന്മാർക്ക് ഉത്തരം നൽകുന്നു (8:11–18)

മരിച്ചവരെ ഉയിർപ്പിക്കുക, കുരുടൻ, കുഷ്ഠരോഗി, മുതലായവർക്ക് സുഖം നൽകുക തുടങ്ങി അനേകം അടയാളങ്ങൾ കണ്ടിട്ടും അവർക്ക് വിശ്വസിക്കുവാൻ കഴിയുന്നില്ല. ആകാശത്തിൽ നിന്നും കൂടെ ഒരടയാളം വേണമത്രെ (വാ. 11). ഇത്തരത്തിലുള്ള അന്ധതയും, ഹൃദയ കാഠിന്യവും യേശുവിന്റെ മനസ്സിനെ വേദനിപ്പിച്ചു (വാ. 12). വിശ്വസിക്കുവാൻ മതിയായ കാരണങ്ങൾ നമ്മുടെ മുമ്പിൽ ഇരിക്കുന്നുവല്ലോ. അതു കാണുവാൻ നമുക്ക് സാധിക്കുന്നുവോ? അതോ ഇനിയും അത്ഭുതങ്ങൾ കണ്ടാലേ വിശ്വസിക്കാൻ കഴിയൂ എന്ന് തോന്നുന്നുവോ? യേശു പറയുന്നത് ശ്രദ്ധിക്കാം. ഈ തലമുറക്ക് ഇനി അടയാളം ലഭിക്കുകയില്ല (വാ. 12).

15–ാം വാക്യത്തിൽ രൺടു തരത്തിലുള്ള പുളിച്ചമാവിനെ സൂക്ഷിച്ചു കൊള്ളുവാൻ ആവശ്യപ്പെടുന്നു. മതത്തിന്റെ കാതലായ സത്യങ്ങളെ മറച്ചു വെച്ചിട്ട് ബാഹ്യാചാരങ്ങളെ മുറുകെ പിടിച്ച് ജനങ്ങളെ വേഷഭക്തിയിലേക്ക് നയിക്കുന്നു എന്നതാണ് പരീശന്മാരുടെ പുളിച്ചമാവ് എന്നതു കൊൺട് അർത്ഥമാക്കുന്നത്. മത തീക്ഷണതയോ, സന്മാർഗ്ഗ ചിന്തയോ അശേഷമില്ലാത്ത ഹെരോദാവിന്റെ ശക്തിയേയും, പരിപാടികളേയും കാണിക്കുവാനായി ഹെരോദാവിന്റെ പുളിച്ച മാവ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. വേഷ ഭക്തിയിൽ നിന്നും, ലോക മായത്വത്തിൽ നിന്നും പിന്മാറണമെന്ന് യേശു ആവശ്യപ്പെടുകയാണ്. ഇന്നും നമുക്ക് ഏറ്റവും ആവശ്യമായിരിക്കുന്ന ഒരു താക്കീതാണ് ഇത്.

## E. കുരുടന് കാഴ്ച നൽകുന്നു (8:22–26)

ഈ കുരുടന്റെ ബലഹീനമായ വിശ്വാസത്തെ പടിപടിയായി ഉയർത്തിക്കൊൺട് വരണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് ക്രിസ്തു ഇപ്രകാരം ചെയ്യുന്നത് (വാ. 23). ആത്മീയ പ്രകാശത്തിലേക്ക് മനുഷ്യൻ പ്രവേശിക്കപ്പെടുന്നതും പല വിധത്തിലാണ്. ചിലർക്ക് വേഗത്തിലും, ചിലർക്ക് ക്രമേണയായും ഇത് ലഭിക്കുന്നു. അനുഭവത്തിന്റെ ഫലമാണ് പ്രധാനം. അല്ലാതെ രീതിവിശേഷങ്ങളല്ല.

യേശുവിനെ കാണാൻ തക്കവണ്ണം നമ്മുടെ കണ്ണുകളും തുറന്നു തരുവാനായി പ്രാർത്ഥിക്കാം.

# പാഠം 13

## പത്രൊസ് സാക്ഷ്യം പറയുന്നു (8:27-9:1)

ഇതോടു കൂടി അതിപ്രധാനമായ ഒരു ഭാഗത്തിലേക്ക് നാം പ്രവേശിക്കുകയാണ്. ശിഷ്യന്മാരോടുകൂടി ഇത്രയും നാൾ ജീവിച്ചിട്ടും താൻ ആർ? എന്ന് യേശു അവരോട് പറഞ്ഞിട്ടില്ല. എന്നാൽ തന്റെ വാക്ക്, ജീവിതം, പ്രവർത്തി എന്നിവ മുഖാന്തിരം അവർ സ്വയം തീരുമാനത്തിലെത്തണമെന്ന് അവൻ ആഗ്രഹിച്ചു. കൂടാതെ താൻ അനുഭവിക്കാനിരിക്കുന്ന കഷ്ടപ്പാടുകളുടെ ഉദ്ദേശവും വിലയും അവർ മനസ്സിലാക്കണമെങ്കിൽ തന്നെപ്പറ്റി ശരിയായ അറിവ് ഉൺടായിരിക്കേൺടതും ആവശ്യമാണ്. അതിനാൽ അവൻ മരണത്തെക്കുറിച്ച് അവരെ പഠിപ്പിക്കുവാൻ തുടങ്ങുകയാണ്. തന്നെപ്പറ്റിയുള്ള ജനങ്ങളുടെ അഭിപ്രായം എന്ത് എന്ന് അവൻ അവരോട് ചോദിച്ചു (വാ.27). മൂന്നു തരത്തിൽ ജനങ്ങൾ ക്രിസ്തുവിനെക്കുറിച്ച് ധരിച്ചിരിക്കുന്നുവെന്ന് അവർ പറഞ്ഞു (വാ.28-29).

യോഹന്നാൻ സ്നാപകൻ, ഏലിയാവ്, പ്രവാചകന്മാരിൽ ഒരുവൻ എന്നീ വാക്കുകളെപ്പറ്റി 9-ാമത്തെ പാഠത്തിൽ വിവരിച്ചിരിക്കുന്നതു നോക്കുക. അതിനു ശേഷം നിങ്ങളുടെ അഭിപ്രായം എന്ത്? എന്ന് യേശു ശിഷ്യന്മാരോട് ചോദിച്ചു (വാ.29). പത്രൊസ് മറ്റു ശിഷ്യന്മാരുടെ പ്രതിനിധിയായി നീ ക്രിസ്തുവാകുന്നു എന്നു പറഞ്ഞു (വാ.30). '*ക്രിസ്തു*' എന്നത് ഗ്രീക്കു ഭാഷയിലുള്ള ഒരു വാക്കാണ്. ലോകത്തെ പാപത്തിൽ നിന്നും രക്ഷിപ്പാൻ ഒരാൾ ഈ ലോകത്തിൽ വരുമെന്ന് ദൈവം മുൻകാലങ്ങളിൽ തന്നെ (പഴയനിയമ കാലം) അറിയിച്ചിരുന്നു. ഇവയാണ് പ്രവചനങ്ങൾ. യഹൂദാഭാഷയിൽ (Hebrew) വരുവാനുള്ളവന് 'മശിഹ' (അഭിഷേകം ചെയ്യപ്പെട്ടവൻ എന്നർത്ഥം) എന്നു പേർ. അതിന്റെ ഗ്രീക്കു പദമാണ് ക്രിസ്തു എന്നത്. മശിഹ എന്നതും ക്രിസ്തു എന്നതും ഒരേ അർത്ഥത്തെ കാണിക്കുന്ന വാക്കുകളാണ്. നീ ക്രിസ്തു ആകുന്നു എന്ന് ഏറ്റു പറഞ്ഞപ്പോൾ അവൻ അർത്ഥമാക്കിയത് നീ വാഗ്ദത്തം ചെയ്യപ്പെട്ട ലോക രക്ഷിതാവാണ് എന്നത്രെ. സകല മനുഷ്യർക്കും ആശ്വാസവും സമാധാനവും നൽകുന്നതാണ് ഈ സത്യം. അതെ, ചരിത്ര പുരുഷനാകുന്ന യേശു ക്രിസ്തു ലോകത്തെ രക്ഷിക്കുന്ന ദൈവമാണ്.

'ഇത് ആരോടും പറയരുതെന്ന്' ക്രിസ്തു അവരോട് കല്പിച്ചു (വാ.30). താൻ മശിഹ എന്നറിഞ്ഞാൽ ജനങ്ങളിലുൺടാകുന്ന ബഹളവും മറ്റും തന്റെ പ്രവർത്തിക്ക് തടസ്സമാകും എന്നതാണ് ഒരു കാരണം. കൂടാതെ ശിഷ്യന്മാർക്ക് യേശുക്രിസ്തുവിനെ ശരിയായി മനസ്സിലായിട്ടില്ല എന്നതും ഒരു പ്രധാന കാരണമായിരുന്നു. ജനങ്ങളിൽ കൺടിരുന്നതു പോലുള്ള തെറ്റിദ്ധാരണ ഇവരിലും കൺടിരുന്നുവെന്ന് അടുത്ത പാഠങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഒടുവിൽ യേശു ക്രിസ്തു തന്നെ അവരോട് നിങ്ങൾ ലോകത്തിലൊക്കെയും പോയി സകല ജാതിയോടും തന്നെപ്പറ്റി (സുവിശേഷം) പ്രസംഗിക്കണമെന്ന് ആവശ്യപ്പെട്ടുവല്ലോ (മർക്കൊ. 16:15-16, 16:19-20).

താൻ കഷ്ടം സഹിക്കുകയും, മരിക്കുകയും, മൂന്നു നാൾ കഴിഞ്ഞിട്ട് ഉയിർത്തെഴുന്നേൽക്കുകയും വേണം (വാ.31). അതായത് അപ്രകാരം സംഭവിക്കേണ്ടതാകുന്നുവെന്ന് വ്യക്തമായി അവരോട് പറഞ്ഞു. ഇതുമുതൽ തന്റെ ക്രൂശീകരണത്തേയും ഉയിർപ്പിനേയും കുറിച്ച് യേശു തുടർച്ചയായി അവരെ പഠിപ്പിച്ചു (വാ. 9:9, 9:31,10:34, 10:45, 12:7, 14:8 ഈ ഭാഗങ്ങൾ നോക്കുക). യേശുവിന്റെ മരണം ഒരു യാദൃശ്ചിക സംഭവമല്ല എന്നു നാം മനസ്സിലാക്കേണ്ടതാണ്. അബ്രഹാം ലിങ്കനോ, മഹാത്മാഗാന്ധിയോ മരിച്ചതിൽ നിന്നും യേശുവിന്റെ മരണം വിഭിന്നമായിരുന്നു.

എന്നാൽ തങ്ങളുടെ ഗുരുവിന്റെ ഇപ്രകാരമുള്ള അന്ത്യം പത്രൊസിനു ഇഷ്ടമായില്ല. അവൻ ക്രിസ്തുവിനെ വേറിട്ട് കൂട്ടിക്കൊണ്ടു പോയി ശാസിച്ചു (വാ.33). ഇതിൽ നിന്നും ശിഷ്യന്മാർക്ക് അവന്റെ അവതാരോദ്ദേശം മനസ്സിലായിട്ടില്ല എന്ന് തെളിയുന്നുവല്ലോ. ഇന്നും ഒരു വിഭാഗം ജനങ്ങൾക്ക് യേശുവിന്റെ മരണം ഇഷ്ടമാകുന്നില്ല. അവർ യേശുവിന്റെ സ്വന്തം വാക്കുകൾ ശ്രദ്ധിക്കട്ടെ (വാ.31).

തന്നെ അനുഗമിക്കുന്നവന് ഉണ്ടായിരിക്കേണ്ട ഗുണഗണങ്ങളെക്കുറിച്ച് യേശു പ്രതിപാദിക്കുന്നു (വാ.34). ഒരാൾ സകല ലോകവും നേടുകയും തന്റെ ജീവനെ (ആത്മാവിനെ) നഷ്ടപ്പെടുത്തുകയും ചെയ്താൽ അവന് യാതൊരു പ്രയോജനവുമില്ലെന്ന് യേശു വ്യക്തമാക്കി (വാ.36). തെറ്റായ മാർഗ്ഗത്തിൽ ജീവിതം നയിക്കുന്ന മനുഷ്യരോട് തന്നെക്കുറിച്ച് പറയുന്നതിൽ ആരെങ്കിലും ലജ്ജിക്കുകയാണെങ്കിൽ അത് അവന് ദോഷമായി കണക്കിടപ്പെടുമെന്ന് യേശു പറഞ്ഞു (വാ.38).

ക്രിസ്തുവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവരോട് തന്നെത്താൻ ത്യജിച്ച്, വരാവുന്നതായ സകല കഷ്ടങ്ങളേയും സഹിച്ചു കൊൺട് (തന്റെ ക്രൂശ് എടുത്ത്) അനുഗമിക്കണം എന്നു പറയുന്ന ഭാഗം ശ്രദ്ധേയമാണ് (വാ.34). ഒരു മനുഷ്യാത്മാവ് സകല ലോകത്തെക്കാളും (വാ.30) വിലയുള്ളതാണ് എന്ന് മറ്റാരും ലോകത്തെ പഠിപ്പിച്ചിട്ടില്ല. മറ്റുള്ളവരോട് തന്നെപ്പറ്റി സാക്ഷീകരിക്കുന്നതിന്റെ ഫലമായി ദൈവരാജ്യം ശക്തിയോടെ ഈ ലോകത്തിൽ വ്യാപിക്കുന്നത് കാണുവാൻ നിങ്ങൾക്ക് ഭാഗ്യം ഉൺടാകും (വാ.9:1) എന്ന് യേശു അവരോട് പറഞ്ഞു. അതെ ആയിരക്കണക്കിനു ആളുകൾ ക്രിസ്തു ഭക്തരായിത്തീരുന്നത് കാണുവാനുള്ള ഭാഗ്യം ശിഷ്യന്മാർക്ക് ഉൺടായി.

## പാഠം 14

### A. ശിഷ്യന്മാർക്കുൺടായ ദർശനം (9:2-13)

യേശു ക്രിസ്തു ഈ ദർശനം (വാ.2-8) തന്റെ ശിഷ്യന്മാർക്കു കാണിച്ചു കൊടുക്കുന്നതിൽ ചില പ്രത്യേക ഉദ്ദേശങ്ങൾ ഉൺടായിരുന്നു.

1. കഷ്ടപ്പാടുകൾ സഹിക്കുവാൻ പോകുന്ന താൻ സർവ്വ മഹത്വവും തികഞ്ഞ സാക്ഷാൽ ദൈവമാണ് എന്ന് കാണിച്ചു കൊടുക്കുവാൻ.

2. തന്റെ യാഗബലി മുൻ കാലങ്ങളിൽ എഴുതപ്പെട്ടിട്ടുള്ള ന്യായപ്രമാണത്തിന്റേയും, പ്രവചനങ്ങളുടേയും നിവൃത്തിയാണ് എന്ന് ഉറപ്പിക്കുവാൻ (മോശയുടേയും ഏലിയാവിന്റേയും പ്രത്യക്ഷത അതാണ് തെളിയിക്കുന്നത്) (വാ.4).

3. ശിഷ്യന്മാരുടെ ഹൃദയത്തിൽ നിന്നും കുരിശിന്റെ അപമാനത്തേയും നിന്ദയേയും നീക്കി ആ സന്ദർഭത്തിൽ തന്നിലുള്ള വിശ്വാസത്തിൽ നിന്നും വ്യതിചലിക്കാതെ ഉറപ്പിച്ചു നിർത്തുവാൻ.

അനന്തരം മശിഹാക്കു മുൻപ് ഏലിയാവു വരും എന്ന വേദ ശാസ്ത്രികളുടെ ഉപദേശം ശരിയാണോ? ഏലിയാവ് വന്നുവോ? എന്ന സംശയം ശിഷ്യന്മാർ ഉന്നയിച്ചു (വാ.11). അതിനുത്തരമായി ഏലിയാവു വന്നു എന്നും അവർ അവനെ അങ്ങിനെയുള്ളവനായി അംഗീകരിച്ചില്ല (വാ.12-13) എന്നും യേശു പറഞ്ഞു. അവനായിരുന്നു മുൻ ദൂതനായ യോഹന്നാൻ സ്നാപകൻ (പാഠം 1-ം, 9-ം).

## B. ഊമനായ ആത്മാവ് ബാധിച്ചവൻ (14-29)

യേശു അവരുടെ അവിശ്വാസത്തെ ശാസിച്ചു (വാ.19). അവിശ്വാസം ഒരു വലിയ പാപമാണ്. പരിപൂർണ്ണമായി ക്രിസ്തുവിൽ ആശ്രയിക്കുന്നതും ഹൃദയത്തിൽ നിന്നു വരുന്നതുമായ ഒരു ഉറച്ച വിശ്വാസത്തിലേക്ക് ഇനിയും എത്തിയിരുന്നില്ല. ഈ അൽപ വിശ്വാസം ഫലമില്ലാത്തതാണ് (വാ.18). അനന്തരം യേശു അശുദ്ധാത്മാവിനെ അവനിൽ നിന്നും പുറത്താക്കി (വാ.25).

## C. വിനയത്തെപ്പറ്റി ഒരു പാഠം (30-37)

30-32 വരെയുള്ള വാക്യങ്ങളിൽ തന്റെ കഷ്ടപ്പാടു മരണം, ഉയിർത്തെഴുന്നേല്പ് ഇവയെപ്പറ്റി വീണ്ടും ശിഷ്യന്മാരെ അറിയിക്കുന്നത് കാണാം. മനുഷ്യരുടെ കയ്യിൽ ഏല്പിക്കപ്പെടും (വാ.31) എന്ന വാക്കുകൾ ശ്രദ്ധേയമാണ്. യേശുവിനെ പിടിക്കുവാനോ, കൊല്ലുവാനോ സാധ്യമാകണമെങ്കിൽ താൻ സ്വയം ഏല്പിച്ചു കൊടുക്കേണ്ടതായിരിക്കുന്നു എന്നു സാരം. തങ്ങളുടെ ഗുരു ദൈവപുത്രനായിരിക്കുന്ന സ്ഥിതിക്ക് കഷ്ടപ്പെടുകയും മരിക്കുകയും ചെയ്യുന്നതെങ്ങിനെ എന്നത് ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം ഒരു വലിയ പ്രശ്നം തന്നെയായിതുന്നു (വാ.32).

രക്ഷാവലയത്തെപ്പറ്റിയും കഷ്ടപ്പാടുകളെപ്പറ്റിയും യേശു ചിന്തിച്ചു കൊൺടിരിക്കുമ്പോൾ ശിഷ്യന്മാരാകട്ടെ ദൈവരാജ്യത്തിൽ പ്രധാന മന്ത്രിയും, സഹമന്ത്രിയും തങ്ങളിൽ ആരായിരിക്കും എന്നതിനെപ്പറ്റി ശണ്ഠകൂടുകയാണ് (വാ.33). ഇതറിഞ്ഞ് യേശു വളരെ

ദുഃഖിച്ച് ഒരു ശിശുവിനെപ്പോലെയുള്ള താഴ്മ, സൗമ്യത, വിനയം എന്നിവ കൊൺടാണ് ഒരുവന്റെ ശ്രേഷ്ഠത നിർണ്ണയിക്കേൺടത് എന്നും, അധികാര ഭ്രാന്തല്ല പിന്നെയോ ശുശ്രൂഷയുടെ ആത്മാവാണ് ഒരുവനെ മഹാനാക്കുന്നതെന്നും അവൻ അവരെ പഠിപ്പിച്ചു (വാ.35-37).

# പാഠം 15

## A. ഇടർച്ചയെപ്പറ്റി പഠിപ്പിക്കുന്നു (9:38-50)

തങ്ങളുടെ വാക്ക് അനുസരിക്കാത്തതിനാൽ അവരെ വിരോധിച്ചത് തെറ്റാണെന്ന് യേശു ശിഷ്യന്മാരോട് പറഞ്ഞു (വാ.39). ഒരുവനിൽ കാണുന്ന നന്മ എത്ര നിസ്സാരമായതായാലും അതിനെ ലഘുവായി വിചാരിക്കാതെ പൂർണ്ണതയിലേക്ക് വളർത്തിക്കൊൺടു വരുവാൻ ശ്രമിക്കണമെന്ന് യേശു പ്രബോധിപ്പിക്കുകയാണ്. *'ഇടർച്ച'* (വാ.42) എന്നാൽ തടസ്സം എന്നാണർത്ഥം. ക്രിസ്തുവിൽ വിശ്വസിക്കുന്നതിൽ നിന്നും ഒരു ബലഹീന സഹോദരനെ തെറ്റിക്കുവാൻ തക്കവണ്ണം നമ്മുടെ പ്രവർത്തിയോ, വാക്കോ, ജീവിതമോ കാരണമായാൽ അവനെ സംബന്ധിച്ചിടത്തോളം നാം ഒരു ഇടർച്ചയാണ്. ഒരു വ്യക്തിയുടെ വിശ്വാസ ജീവിതത്തിൽ നാം മാർഗ്ഗതടസ്സം ഉൺടാക്കുന്നുവെങ്കിൽ അത് ഒരു വലിയ അപരാധമാകുന്നു. അതിനുള്ള ശിക്ഷ 42-ാം വാക്യത്തിൽ കാണുന്നു. നമുക്ക് നാം തന്നെ ഇടർച്ചയാകാറുൺട് എന്നും അവ നീക്കപ്പെടേൺടവയാണ് എന്നും യേശു പഠിപ്പിക്കുന്നു (വാ.43-47). കയ്യോ, കാലോ, കണ്ണോ സ്വതന്ത്രമായ രീതിയിൽ യാതൊരു തെറ്റും ചെയ്യുന്നില്ല. ഹൃദയത്തിൽ തോന്നുന്നത് പ്രവർത്തി രൂപത്തിൽ അവയവങ്ങളിൽക്കൂടി പുറപ്പെടുന്നു എന്നു മാത്രമേയുള്ളൂ. അതുകൊൺട് കണ്ണ് ചൂഴ്ന്നു കളയുക, കൈ വെട്ടിക്കളയുക എന്നിങ്ങനെ പറയുമ്പോൾ ആ അവയവങ്ങളാൽ ചെയ്യപ്പെടുന്ന പാപത്തെ ഉപേക്ഷിക്കുക എന്നാണർത്ഥം. ക്രിസ്തുവിൽ വിശ്വസിച്ച് അവനെ അനുഗമിക്കുന്നതിന് തടസ്സമായിരിക്കുന്ന സകലത്തേയും ഉപേക്ഷിക്കുവാൻ നാം തയ്യാറാകേൺടതാണ്. താൽക്കാലിക സുഖം തരുന്ന പാപത്തെയല്ല, നിത്യ സുഖം പ്രദാനം ചെയ്യുന്ന മോക്ഷത്തെയാണ് പ്രധാനമായി കരുതേൺടത്.

## B. വിവാഹത്തിന്റെ പരിശുദ്ധി (10:1-12)

ജ്ഞാനികൾ എന്ന് സ്വയം അഭിമാനിച്ചിരുന്ന പരീശന്മാർ ക്രിസ്തുവിനെ പരീക്ഷിക്കുവാനായി വീൺടും ഒരു ശ്രമം നടത്തി (വാ.2). അന്ന് യഹൂദന്മാരിൽ ഭാര്യയെ ഉപേക്ഷിക്കാമെന്നും, എന്തു വന്നാലും ഉപേക്ഷിക്കുവാൻ പാടില്ല എന്നും വിശ്വസിച്ചിരുന്ന രൺടു പക്ഷക്കാരുൺടായിരുന്നു. ഈ കാര്യത്തിൽ മോശയുടെ നടപടി ഒരു താൽക്കാലിക സംഗതി മാത്രമാണ് എന്ന് യേശു അവരോട് പറഞ്ഞു (വാ.5). എന്നാൽ മോശ അത് നിരോധിക്കുകയോ, പ്രോത്സാഹിപ്പിക്കുകയോ ചെയ്തിട്ടില്ല. സൃഷ്ടാവ് ആദിയിൽ മനുഷ്യരെ ആണും,

പെണ്ണുമായി സൃഷ്ടിച്ചു (വാ.6). ആ ബന്ധം മനുഷ്യർക്ക് ഇഷ്ടം പോലെ അഴിക്കാവുന്ന ഒന്നല്ല. ദൈവം യോജിപ്പിച്ചതിനെ മനുഷ്യർ വേർപിരിക്കരുത് (വാ.9). വിവാഹ മോചനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കാതലായ തത്വം ഇതാണ്. വിവാഹ ബന്ധം ദൈവ സ്ഥാപിതമാണ്. നമുക്ക് ഇഷ്ടം പോലെ പെരുമാറാവുന്ന ഒന്നല്ല. ലോകം ഇത് മനസ്സിലാക്കിയെങ്കിൽ!

## C. ശിശുക്കളെ അനുഗ്രഹിക്കുന്നു (10:13–16)

തലയിൽ കൈ വെച്ച് അനുഗ്രഹിക്കുന്നത് പുരാതനമായ ഒരാചാരമാണ്. വളരെ തിരക്കുള്ള ഒരു ദിവസമായതുകൊൺട് ഗുരു അൽപം വിശ്രമിച്ചു കൊള്ളട്ടെ എന്ന് വിചാരിച്ചിട്ടായിരിക്കാം അമ്മമാരെ ശിഷ്യന്മാർ തടഞ്ഞത് (വാ.13). എന്നാൽ യേശു ആ പ്രവർത്തിയെ ശാസിച്ചു. ശിശുക്കൾക്കുള്ള തുറന്ന ഹൃദയം, നിഷ്ക്കളങ്കത, ആശ്രയം, സ്നേഹം, എന്നിവ ഉള്ളവർക്കു മാത്രമേ ദൈവ രാജ്യത്തിൽ കടക്കുവാൻ സാദ്ധ്യമാകയുള്ളു (വാ.15) എന്ന വാക്കുകൾ ശ്രദ്ധിക്കേൺടവയാണ്. മതപരമായ കാര്യങ്ങൾ പഠിക്കുന്നതിലും നമുക്ക് അത്യാവശ്യം ഉൺടായിരിക്കേൺട ഗുണമാണ് ശിശു എന്ന പോലെ 'കൈക്കൊൾക' എന്നത്. അന്ധമായി വിശ്വസിക്കണമെന്നല്ല ഇതിന്റെ അർത്ഥം. ദൈവം, ദൈവമാണെങ്കിൽ ആ മഹാ രൂപത്തേയും, സ്വഭാവത്തേയും, അതിന്റെ പ്രവർത്തനങ്ങളേയും കുറിച്ച് പരിപൂർണ്ണമായി അറിവു സമ്പാദിക്കുവാനോ മുഴുവനായി മനസ്സിലാക്കുവാനോ നിസ്സാരനും, അല്പകാലം മാത്രം ഈ ലോകത്തിൽ ജീവിക്കുന്നവനുമായ മനുഷ്യന് സാദ്ധ്യമല്ല അഥവാ സാദ്ധ്യമാവുകയില്ല എന്നത് കേവലം പരമാർത്ഥം മാത്രമാണ്. അതുകൊൺടാണ് ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും അതിൽ കടക്കുകയില്ല എന്നു യേശു പ്രസ്താവിക്കുന്നത്. ഈ താക്കീതിനെ നമുക്കും ശ്രദ്ധിക്കാം.

# പാഠം 16

## A. ധനം വരുത്തുന്ന വിനകൾ (10:17–31)

നിത്യജീവൻ (മോക്ഷം അഥവാ സ്വർഗ്ഗം) പ്രാപിക്കുക എന്നത് ഏവരും ആഗ്രഹിക്കുന്ന ഒന്നാണ്. ആദി കാലം മുതൽ ഇതിനുള്ള മാർഗ്ഗങ്ങൾ മനുഷ്യൻ ആരാഞ്ഞു വരുന്നു. ഗുരുക്കന്മാർ പല തരത്തിലുള്ള കർമ്മ പദ്ധതികൾ നിരത്തിവെക്കുകയും അവയെ അനുഷ്ഠിച്ചാൽ സ്വർഗ്ഗം പ്രാപിക്കാം എന്നു പഠിപ്പിക്കുകയും ചെയ്തു. ഇവ യഥാവിധി ചെയ്യുവാൻ പാപികളായ മനുഷ്യർക്ക് കഴിയാത്തതിനാൽ നിത്യജീവൻ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യണം എന്ന ചോദ്യം വീൺടും ഉയർന്നു കൊൺടിരിക്കുകയാണ്. ധനികനായ യുവാവ് ഇതാണ് ക്രിസ്തുവിനോടും ചോദിക്കുന്നത് (വാ. 17). മുൻകാലങ്ങളിൽ ചില സന്യാസിമാരും ഗുരുക്കന്മാരും കഴിയുന്നതും നല്ലവരായി ജീവിപ്പാൻ ശ്രമിച്ചിരുന്നു. അങ്ങനെയുള്ള ജീവിതം കൊൺട് ദൈവ പ്രസാദം ലഭിക്കും എന്നവർ കരുതി. യേശുവിനെയും ഇതുപോലുള്ള ഒരു

ഗുരുവായി ഗണിച്ചതു കൊൺടാണ് അവർ ഈ വിധത്തിൽ സംബോധന ചെയ്യുന്നത് (വാ.17). അതിനുത്തരമായി നല്ലവൻ എന്നാൽ എന്താണ്? ജനനം മുതൽ മരണംവരെ യാതൊരു തെറ്റും മനസ്സാ, വാചാ, കർമ്മണാ ചെയ്യാത്തവൻ – തികഞ്ഞ സൽഗുണ സമ്പൂർണ്ണൻ – അത് ദൈവം മാത്രമേ ഉള്ളൂ. നമ്മുടെ ആചാര്യന്മാർ കുറെക്കാലം തെറ്റിൽ ജീവിച്ചിട്ട് പിന്നെ ഒരു വിധം നന്നായി ജീവിക്കുന്നവരോ, അല്ലാത്തപക്ഷം അവസാനം വരെയും ഒരു വിധം നല്ലവരായി ജീവിക്കുന്നവരോ ആകുന്നു എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. സകല കൽപ്പനകളും ബാല്യം മുതൽ നിറവേറ്റി വരുന്നു എന്ന അവകാശ വാദം അസത്യമാണ് എന്ന് അവനെ മനസ്സിലാക്കാനും നിത്യ ജീവനിലേക്ക് നയിക്കുവാനുമായി അവനെ സ്നേഹിച്ച യേശു (വാ.21) നീ സകലും വിറ്റു ദരിദ്രർക്കു കൊടുക്കുക – പിന്നെ വന്നു എന്ന അനുഗമിക്കുക എന്നു പറഞ്ഞു. ഇത് കഠിനമായ വാക്ക് എന്ന് ഒറ്റ നോട്ടത്തിൽ തോന്നാം. ദൈവ കല്പനകൾ സകലതും അനുസരിക്കുന്ന ഒരുവന് എങ്ങിനെ പണം കൂട്ടി വെച്ചുകൊൺടിരിക്കാൻ കഴിയും? നിന്റെ അയൽക്കാരനും, കൂട്ടുകാരനും പല വിധത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നില്ലേ? അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കുക എന്ന കല്പനയും പ്രമാണിക്കുന്നില്ലെങ്കിൽ ഇവന് ധനവാനായി തുടരുവാൻ എങ്ങിനെ കഴിയും? എല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുവാൻ ആവശ്യപ്പെട്ടതിനു കാരണമിതാണ്. ഇതു കേട്ടപ്പോൾ അവന് സുബോധം ഉൺടായി. നല്ലവണ്ണം കല്പനകൾ പ്രമാണിക്കാത്ത പാപിയാണ് താൻ എന്ന് അവൻ ഗ്രഹിച്ചു. എന്നാൽ യേശുവിനെ അനുഗമിച്ചു നിത്യജീവൻ പ്രാപിക്കുവാൻ ഇഷ്ടമില്ലാത്തവനായി അവിടെ നിന്ന് പോവുകയാണുൺടായത് (വാ.22).

നാം ഓർക്കേൺട ഒരു പാപമാണിത്. കഴിയുന്നതും നല്ലവനായി ജീവിച്ചാൽ സ്വർഗ്ഗം പ്രാപിക്കാം എന്ന് പലപ്പോഴും നമുക്ക് തോന്നിയിട്ടില്ലേ? എന്നാൽ യേശു നമ്മുടെ യോഗ്യതകൾ പ്രാപ്തിക്കു മതിയായവയല്ല എന്നും പാപി എന്നുണർന്ന് തന്നെ അനുഗമിക്കുന്നവർക്ക് നിത്യജീവൻ നൽകപ്പെടും എന്നും പറയുകയാണ്. നമുക്ക് സ്വയമായി സമ്പാദിക്കാൻ കഴിയാത്തതിനെ അവൻ സൗജന്യമായി നൽകുന്നു. ഇതാണ് ദൈവസ്നേഹം.

ഒട്ടകത്തിന്റെയും, സൂചിക്കുഴയുടെയും ഉദാഹരണം കൊൺട് ധനവാൻ സ്വർഗ്ഗ രാജ്യത്തിൽ പ്രവേശിക്കുന്നത് പ്രയാസമാണ് എന്ന് യേശു തെളിയിക്കുന്നു (വാ.25). ധനവാന്മാർ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്നും ദരിദ്രർ സ്വർഗ്ഗ രാജ്യത്തിൽ കടക്കും എന്നും അവൻ പറയുന്നില്ല. ദൈവത്തേക്കാൾ വലുതായി ധനത്തെ വിചാരിക്കുന്ന സ്വഭാവവും, ധനം നിമിത്തം വരാവുന്ന കൃത്രിമമായ അഹങ്കാരവും ഒരുവനെ സ്വർഗ്ഗ രാജ്യത്തിൽ നിന്നും അകറ്റിക്കളയുന്നുവെന്നും അതു സംഭവിക്കാതെ തങ്ങളെ കാത്തുകൊള്ളേൺടതാണെന്നും അവൻ പ്രബോധിപ്പിക്കുന്നു.

23 – 27 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ നാമം നിമിത്തം ഏതെങ്കിലും കഷ്ടങ്ങൾ സഹിക്കേൺടി വരുന്നവർക്ക് അതിനുള്ള പ്രതിഫലം നൽകപ്പെടും എന്ന് ആശ്വാസകരമായ വാക്കുകൾ കാണാം.

## B. മരണത്തെക്കുറിച്ച് വീണ്ടും (10:32-34)

ഈ ഭാഗത്തിൽ യേശു തനിക്ക് നേരിടുവാനുള്ളത് കൂടുതൽ വ്യക്തമായി ശിഷ്യന്മാരെ അറിയിക്കുന്നു. ജാതികൾക്ക് ഏല്പിക്കും (വാ.33) എന്നത് റോമാക്കാരെ കുറിക്കുന്നു. യഹൂദന്മാർ മറ്റുള്ളവരെ ജാതികൾ എന്നാണ് വിളിച്ചിരുന്നത്. സാക്ഷാൽ മനുഷ്യനായി മരിച്ചാലും, സാക്ഷാൽ ദൈവമായി അവൻ ഉയിർത്തെഴുന്നേൽക്കും (വാ.34). ഈ വാക്കുകൾ അന്ന് ശിഷ്യന്മാർക്ക് മനസ്സിലായില്ല. ഇന്ന് മനുക്ക് മനസ്സിലാക്കാൻ ശ്രമിക്കാമോ?

# പാഠം 17

## A. ശുശ്രൂഷ യേശുവിന്റെ ദൃഷ്ടിയിൽ (10:35-45)

ശിഷ്യന്മാരിൽ രണ്ടു പേർ തങ്ങൾക്ക് ഒരു പ്രത്യേക സ്ഥാനം വേണം എന്ന് ആവശ്യപ്പെട്ടു (വാ.35-36). യേശുക്രിസ്തു സ്ഥാപിക്കാൻ പോകുന്ന ദൈവരാജ്യം ഈ ലോകത്തിൽ കാണുന്നതുപോലെയുള്ള ഒന്നായിരിക്കും എന്നാണ് അവർ വിചാരിച്ചത്. തന്റെ രാജ്യത്തിന്റെ മഹത്വത്തോട് ബന്ധപ്പെട്ടിരിക്കുന്ന പ്രയാസങ്ങളെപ്പറ്റി അവർ ചിന്തിക്കുന്നില്ല എന്നും, തന്റെ രാജ്യത്തിലുള്ള സ്ഥാനങ്ങൾ സേവ കൊണ്ടും മറ്റും കരസ്ഥമാക്കത്തക്കവയല്ല എന്നും, തന്നോടു കൂടെ കഷ്ടപ്പെടുന്നവർക്കു മാത്രമെ കിരീടം ധരിപ്പാൻ അവകാശമുള്ളു എന്നും യേശു വ്യക്തമാക്കി. പാനപാത്രം കുടിക്കുക, ഞാൻ ഏല്ക്കുന്ന സ്നാനം ഏല്ക്കുക എന്നീ വാക്കുകൾ താൻ അനുഭവിപ്പാനുള്ള കഷ്ടതയിൽ പങ്കു കൊള്ളുന്നതിനെ അർത്ഥമാക്കുന്നു.

മറ്റുള്ളവരെക്കൊണ്ട് ശുശ്രൂഷ ചെയ്യിക്കുകയാണ് ലൗകിക രാജ്യത്തിന്റെ സ്വഭാവം എന്നും, എന്നാൽ മറ്റുള്ളവരെ ശുശ്രൂഷിക്കുക എന്നതാണ് തന്റെ പ്രമാണം എന്നും യേശു ചൂണ്ടിക്കാണിച്ചു (വാ.43-45). കൂടാതെ അതിന് ഉദാഹരണമായി തന്റെ ജീവിതത്തെ അവൻ കാണിച്ചു (വാ.45).

യേശുവിന്റെ ഈ ലോക ജീവിതത്തിന്റെ ഒരു രത്നച്ചുരുക്കമാണ് 45-ാം വാക്യം. താൻ ഈ ലോകത്തിൽ വന്നതിന് രണ്ട് ഉദ്ദേശമാണ് ഉള്ളത്.

1. ജനത്തെ ശുശ്രൂഷിക്കുകയും, സേവിക്കുകയും ചെയ്യുക.
2. അനേകർക്കു വേണ്ടി ജീവനെ മറുവിലയായി കൊടുക്കുക.

'മറുവില' എന്ന വാക്ക് 3 അർത്ഥത്തിൽ അന്ന് ഉപയോഗിച്ചിരുന്നു.
a ) ഒരു അടിമയെ മോചിപ്പിക്കുന്നതിന് കൊടുക്കുന്ന വില.
b) ഒരു തടവുകാരനെ വിടുവിക്കുന്നതിനായി കൊടുക്കുന്ന വില.
c ) ഒരു ജീവന്റെ ഉദ്ധാരണത്തിന് വേണ്ടി കൊടുക്കുന്ന വില.

മനുഷ്യനെ പാപത്തിൽ നിന്നും നരക ശിക്ഷയിൽ നിന്നും വീണ്ടെടുക്കുന്നതിനായി തന്റെ ജീവനെ കൊടുക്കുന്നു എന്നാണ് യേശു പറയുന്നത്. അതെ യേശുവിന്റെ മരണം ഒരു നീതിമാന്റെ രക്ത സാക്ഷി മരണമാണല്ലോ. ദൈവപുത്രൻ മനുഷ്യർക്കു വേണ്ടി കഴിച്ച ഒരു 'പാപപരിഹാരബലി'യായിരുന്നു അത്. തന്റെ സ്വന്തം ജീവനെ മറുവിലയായി കൊടുത്ത് അവൻ നമ്മെ രക്ഷിച്ചിരിക്കുന്നു. എത്ര സന്തോഷവും സമാധാനവും തരുന്ന വാർത്ത.

## B. കുരുടനെ സൗഖ്യമാക്കുന്നു (10:40-52)

യേശുവിനെ ദാവീദു പുത്രൻ എന്നു കുരുടൻ സംബോധന ചോയ്തു (വാ.48). ക്രിസ്തുവിനും ഏകദേശം 1000 കൊല്ലങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഭക്തനും പ്രശസ്തനുമായ ഒരു രാജാവാണ് '*ദാവീദ്*'. ആ രാജാവിന്റെ വംശത്തിൽ നിന്നും ലോക രക്ഷകനായ 'മശിഹ' അവതാരം ചെയ്യുന്നുവെന്ന് തിരുവെഴുത്തുകൾ പ്രഖ്യാപനം ചെയ്യുന്നു. അതുകൊൺട് മശിഹയെ ദാവീദു പുത്രൻ എന്നു വിളിച്ചു വന്നു. കുരുടനും ആ വിധത്തിലാണ് വിളിക്കുന്നത്. അതെ, ദാവീദു പുത്രൻ അവനു കാഴ്ച നൽകി.

52-ാം വാക്യത്തിൽ നിന്റെ 'വിശ്വാസം' നിന്നെ രക്ഷിച്ചിരിക്കുന്നു എന്ന് യേശു പറയുന്നത് ശ്രദ്ധിക്കുക. കുരുടന്റെ വിശ്വാസം എന്തായിരുന്നു ദാവീദു പുത്രൻ അവതരിച്ചിരിക്കുന്നു. അവൻ ഈ വഴിക്ക് വരികയാണ്. അവനോട് നില വിളിച്ചാൽ എനിക്കു കാഴ്ച ലഭിക്കും എന്നുള്ളത് മാത്രമായിരുന്നു എന്ന് ഗ്രഹിപ്പിക്കുവാൻ പ്രയാസമില്ല. മറ്റു ഗുരുക്കന്മാരിലോ, തത്വശാസ്ത്രങ്ങളിലോ ഉള്ള വിശ്വാസം അവനുൺടായിരുന്നില്ല. ഏറ്റവും ലളിതമായ ഒരു വിശ്വാസം, 'യേശു എനിക്കു കാഴ്ച തരും'. അതു കൊൺടാണ് നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്ന് യേശു പറഞ്ഞത്. അവനവന്റെ വിശ്വാസം എന്നല്ല നിന്റെ വിശ്വാസം എന്നാണ് യേശു പറയുന്നത്. യേശുവിലുള്ള വിശ്വാസത്താൽ അവനെ അനുഗമിക്കുന്നതായി ബർത്തിമായി വെളിപ്പെടുത്തി.

# പാഠം 18

## A. രാജാവായി എഴുന്നള്ളുന്നു (11:1-33)

സാക്ഷാൽ മശിഹ ആയി തന്നെ മനസ്സിലാക്കുന്നതിന് ജനങ്ങൾക്കൊരവസരം കൂടെ നൽകുക എന്നതാണ് ഈ യാത്രയുടെ ഉദ്ദേശം. ജനങ്ങൾ ഏറ്റവും സന്തോഷത്തോടു കൂടി ക്രിസുതുരാജനെ സ്വീകരിച്ചു (വാ.8-10). കുതിര യുദ്ധത്തിന്റെയും, കഴുത സമാധാനത്തിന്റേയും മൃഗമായി എന്നും കരുതി വന്നു. സമാധാനത്തിന്റെ രാജാവായ ക്രിസ്തു കഴുതപ്പുറത്തു കയറി പട്ടണത്തിലേക്ക് ചെല്ലുന്നു. നമ്മുടെ ഹൃദയങ്ങളിലും സമാധാനം പകരുവാനായി വരുന്ന യേശുവിനെ നമുക്ക് സ്വീകരിക്കാം.

## B. അത്തി വൃക്ഷത്തെ ശപിക്കുന്നു (11:12-14)

യഹൂദ നേതാക്കന്മാരെ ഒരു പാഠം പഠിപ്പിക്കുവാനായി ഈ അത്തി വൃക്ഷത്തെ യേശു ഉപയോഗിച്ചു. സാധാരണയായി ഇലകൾ ധാരാളമുള്ള അത്തി വൃക്ഷത്തിൽ കായ്കളും ഉണ്ടായിരിക്കും. അതിനാൽ തഴച്ച് ഭംഗിയായി നിൽക്കുന്ന അത്തി വൃക്ഷത്തെ കണ്ടാൽ ജനങ്ങൾ കായ്കൾക്കായി ഓടിപ്പോവുക സാധാരണമാണ്. എന്നാൽ ഈ മരം പുറമെ ഭംഗിയായി കാണപ്പെടുന്നു എങ്കിലും ഫലം നൽകുന്നില്ല. ഈ വിധത്തിൽ വഴി യാത്രക്കാരെയും, ജനത്തേയും കബളിപ്പിക്കുകയായിരുന്നു അന്ന് യഹൂദാ മതനേതാക്കൾ ചെയ്തിരുന്നത്. യെരുശലേമിൽ ഉത്സവം നടക്കുന്ന കാലമാണ്. ദൂര ദിക്കുകളിൽ നിന്നു ഭക്തന്മാർ നേർച്ചകളും, ദാനങ്ങളും കൊൺട് വന്നു കൂടുന്നു. പുറമെ ഭക്തി നടിക്കുന്നുവെങ്കിലും ധനലാഭത്തിനായി അവർ പല തരം തന്ത്രങ്ങൾ ഉപയോഗിച്ചിരുന്നു. ആരാധനയും അഴിമതിയും ഒന്നിച്ചു നടക്കുന്ന ആ കാഴ്ച യേശുവിനെ വേദനിപ്പിച്ചു. ഇതു നിമിത്തം തന്റെ ജനത്തിനു വരാൻ പോകുന്ന ശിക്ഷാവിധിയെക്കുറിച്ച് അവരെ ഓർമ്മിപ്പിക്കുവാനും അതിൽ നിന്നു രക്ഷ പ്രാപിക്കേൺടതാണെന്നു ധരിപ്പിക്കുവാനും യേശു ഈ അത്തി വൃക്ഷത്തെ ശപിച്ചു. കപട ഭക്തിയുടെ അന്ത്യം ഇത്തരത്തിലുള്ളതാണ്. അർത്ഥമില്ലാത്ത ആചാരങ്ങൾ, അന്ധവിശ്വാസത്തിൽ നിന്നും ഉടലെടുത്ത ബാഹ്യാനുഷ്ഠാനങ്ങൾ, കെട്ടു കഥകൾ പറഞ്ഞു പരത്തി പണം പറ്റിക്കുവാനുള്ള പരിപാടികൾ, മുതലായവയെല്ലാം ശപിക്കപ്പെട്ട അത്തി വൃക്ഷങ്ങളായി നാം ഗണിക്കേൺടതാണെന്നു ക്രിസ്തു പഠിപ്പിക്കുന്നു. എപ്പോഴും മനുഷ്യന്റെ നന്മ മാത്രം ആഗ്രഹിക്കുന്ന യേശു നല്ലവരായിത്തീരുവാൻ നമ്മെയും ആഹ്വാനം ചെയ്യുകയാണ്.

## C. ദൈവാലയത്തെ ശുദ്ധീകരിക്കുന്നു (11:15-18)

ദൈവാലയാധികാരികളേയും മറ്റും ശരിയായ ദൈവഭക്തിയിലേക്കും ആരാധയിലേക്കും നയിക്കുന്നതിന് യേശു ഒരു ശ്രമം കൂടി നടത്തുന്നു. ദൂര ദിക്കുകളിൽ നിന്നും ഉൽസവത്തിനു വരുന്ന ജനങ്ങളുടെ സൗകര്യാർത്ഥം നടത്തപ്പെട്ടിരുന്ന ചന്തകൾ ക്രമേണ ദൈവാലയത്തിലും വ്യാപിച്ചു. യേശുവിന്റെ കണ്ണുകൾക്കു ഈ കാഴ്ച സഹിക്കുവാൻ കഴിഞ്ഞില്ല. കള്ളന്മാരുടെ ഗുഹയായിത്തീർന്നിരുന്ന സ്ഥലത്തെ അവൻ ദൈവാലയമാക്കിത്തീർത്തു. ആദായം നഷ്ടപ്പെട്ടതു നിമിത്തം പ്രധാനാചാര്യന്മാർ കോപം കൊൺട് തുള്ളി എങ്കിലും അവന്റെ ജനസ്വാധീനത നിമിത്തം അസൂയപ്പെടുകയല്ലാതെ വേറൊന്നും ചെയ്യുവാൻ കഴിഞ്ഞില്ല.

അത്തി മരം ഉണങ്ങിപ്പോയതിൽ പത്രൊസ് പ്രകടിപ്പിക്കുന്ന അൽഭുതത്തിന് കാരണം (വാ.21) അവന്റെ അവിശ്വാസമാണ്. അപ്പോഴും അവരുടെ അവിശ്വാസത്തെ യേശു ശാസിച്ചു. മലയെ കടലിലേക്ക് നീക്കുക എന്നത് അലങ്കാര ഭാഷയാണ്. മല അസാദ്ധ്യമെന്നു നാം വിചാരിക്കുന്ന കാര്യങ്ങളെ സുചിപ്പിക്കുന്നു. വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയുടെ ശക്തിയെയാണ് ഈ വാക്കുകൾ വിളിച്ചറിയിക്കുന്നത്. നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരവും

മാർഗ്ഗ ദർശനവും പ്രാർത്ഥനയിൽക്കൂടി നാം പ്രാപിക്കേണ്ടതാണ്. യാചിക്കുന്നതിനു മുമ്പു തന്നെ അതു ലഭിച്ചു എന്നു വിശ്വസിക്കുക! (വാ.24). അത്രക്ക് ഉറച്ച സംശയരഹിതമായ വിശ്വാസമാണ് നമുക്കുണ്ടായിരിക്കേണ്ടത്.

ഫലപ്രദമായ പ്രാർത്ഥനയുടെ വേറൊരു വ്യവസ്ഥ ക്ഷമയുടേയും, സ്നേഹത്തിന്റേയും ആത്മാവിൽ നാം പ്രാർത്ഥിക്കണം എന്നുള്ളതാണ്. നാം അവഗണിക്കാറുള്ള ഇക്കാര്യം എത്ര പ്രാധാന്യമുള്ളതാണ് എന്ന് യേശു ചൂണ്ടിക്കാണിക്കുകയാണ് (വാ.25-26).

## D. അധികാരത്തെക്കുറിച്ചുള്ള ചോദ്യം (1:27-33).

ദൈവാലയ ശുദ്ധീകരണം യഹൂദാധികാരികളെ വേദനിപ്പിച്ചു. അതുകൊണ്ട് യേശുവിന്റെ അധികാരത്തെ അവർ ചോദ്യം ചെയ്തു. അപ്പോൾ യോഹന്നാൻ സ്നാപകന്റെ (പാഠം 1) പ്രവർത്തനത്തെക്കുറിച്ചുള്ള ഒരു ചോദ്യം ക്രിസ്തുവും ഉന്നയിച്ചു (വാ.30). യേശുവിന്റെ ഈ ചോദ്യം നിമിത്തം മനസ്സാക്ഷിയിൽ കുത്തുകൊള്ളപ്പെട്ടവരായി അവർ പിന്മാറി (വാ.33). യേശു ആർ എന്നും അവന്റെ അധികാരം എന്ത് എന്നും അവർ അറിഞ്ഞിരുന്നു. എന്നിട്ടും തങ്ങളുടെ ഹൃദയങ്ങളെ മനഃപൂർവ്വമായി മരവിപ്പിക്കുകയാണ് അവർ ചെയ്തത്. ഇത്തരത്തിലുള്ള അടിസ്ഥാനരഹിതമായ സംശയം നമുക്ക് വരാതിരിക്കട്ടെ!

# പാഠം 19

## A. മുന്തിരിത്തോട്ടം (12:1-12)

മുന്തിരിത്തോട്ടത്തെ ഉപമിച്ചുകൊണ്ട് തഴെ പറയുന്ന വസ്തുതകൾ യഹൂദന്മാരെ പഠിപ്പിക്കുവാൻ യേശു ആഗ്രഹിച്ചു.

1. അവന്റെ അധികാരം ദൈവത്താൽ നൽകപ്പെട്ടതാണ് (വാ.1)
2. അവരും അവരുടെ പൂർവ്വികന്മാരും ദൈവത്തോട് നന്ദികേട് മാത്രമാണ് കാണിച്ചിട്ടുള്ളത് (വാ.25)
3. താൻ ദൈവത്താൽ അയക്കപ്പെട്ട ദൈവപുത്രനാണ്. തന്റെ അധികാരം ദൈവീകവുമാണ് (വാ.6)
4. ഇതേ സ്വഭാവത്തിൽ അവർ തുടരുകയാണെങ്കിൽ ഭയങ്കരമായ ശിക്ഷാവിധി അവർക്കു വരും (വാ. 9).

ഒരു മനുഷ്യൻ (വാ.1) എന്നത് ദൈവമാണ്. മുന്തിരിത്തോട്ടം യഹൂദാ ജനത്തെക്കുറിക്കുന്നു. കുടിയാന്മാർ യഹൂദാ മതനേതാക്കളാണ്. തോട്ടം അവരുടേതല്ല. അവർ വെറും പാട്ടക്കാരാണ്. ജനത്തെ നയിക്കേണ്ടതിന് ദൈവം അവരെ നിയമിച്ചിരിക്കുകയാണ്. പല പ്രവാചകന്മാരെയും ഗുരുക്കന്മാരേയും ദൈവം അവരുടെ മദ്ധ്യേ അയച്ചു (വാ.2-5). എന്നാൽ അവരെയെല്ലാം ഈ ജനം പലവിധത്തിൽ ഉപദ്രവിക്കുകയും കൊല്ലുകയും ചെയ്തു (വാ.5)

ഇതിന് ചരിത്രം സാക്ഷിയാണ്. എങ്കിലും അവരെ നശിപ്പിക്കാതെ മനംതിരിയാനുള്ള അവസരം ദൈവം വീണ്ടും നൽകി. ദൈവത്തിന്റെ സ്നേഹവും ദീർഘ ക്ഷമയും ഇതിൽ നിന്നും മനസ്സിലാക്കാം. ദുഷ്ടന്മാരെ നിഗ്രഹിക്കുകയല്ല പ്രത്യുത വാത്സല്യം, ത്യാഗം എന്നീ ആയുധങ്ങളാൽ രക്ഷിക്കുകയാണ് ദൈവം ചെയ്യുന്നത്.

ഒടുവിലായി തന്റെ മകനെ അയക്കുന്നു (വാ.7). അങ്ങനെ താൻ അവകാശിയാണെന്നു കുടിയാന്മാരായ നേതാക്കൾ അറിയേണ്ടതാണ്. തനിക്ക് സംഭവിപ്പാനുള്ള കഷ്ടപ്പാടും മരണവും ഈ സന്ദർഭത്തിലും അവൻ പ്രസ്താവിച്ചു. ഇത് അവർക്ക് ലഭിച്ചിരിക്കുന്ന ഒടുവിലത്തെ സന്ദർഭമാണെന്നും ഇപ്പോഴെങ്കിലും ദൈവത്തിങ്കലേക്ക് തിരിയുന്നില്ലെങ്കിൽ അവർക്ക് ശിക്ഷാവിധി വരും എന്നും യേശു അവരോട് പറയുന്നു (വാ.9) തങ്ങളെക്കുറിച്ചാണ് പറയുന്നത് എന്ന് അവർ ഗ്രഹിച്ചു (വാ.12). എങ്കിലും മാനസ്സാന്തരപ്പെട്ട് രക്ഷ പ്രാപിക്കുന്നതിന് പകരം അവർ തങ്ങളുടെ രക്ഷകനെ വധിക്കുവാൻ ശ്രമിക്കുകയാണ്! ഇതുപോലുള്ള ഒരു സന്ദർഭമാണ് നമുക്കും നൽകപ്പെട്ടിരിക്കുന്നത്. നാം എന്തു ചെയ്യുവാൻ ഭാവിക്കുന്നു. രക്ഷകനെ സ്വീകരിക്കുകയോ നിരസിക്കുകയോ?

'*തിരുവെഴുത്തിൽ*' നിന്നും ഒരു വാക്യം യേശു ഇവിടെ ഉദ്ധരിക്കുന്നു (വാ.10). ലോകത്തിന്റെയും മനുഷ്യന്റെയും ഉല്പത്തി മുതലുള്ള ചരിത്രം ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിനും അനേകായിരം കൊല്ലങ്ങൾക്കു മുമ്പ് ഈ ഗ്രന്ഥം രചിക്കപ്പെട്ടു. ദൈവ നിയോഗത്താൽ ഭക്തന്മാർ എഴുതിയതു കൊണ്ട് ഇതിന് ദൈവ വചനം, തിരുവെഴുത്ത് എന്നീ പേരുകൾ ഉണ്ട്. എബ്രായ ഭാഷയിലാണ് (Hebrew) രചിക്കപ്പെട്ടത്. B.C.352-ൽ അലക്സാണ്ടർ ചക്രവർത്തിയുടെ കാലത്ത് ഇത് യവനഭാഷയിൽ (Greek) ഭാഷാന്തരം ചെയ്യപ്പെട്ടു. ബൈബിളിൽ കാണുന്ന 'പഴയനിയമം' എന്ന വിഭാഗം ഇതാണ്. ഇതിന്റെ പ്രത്യേകതകളിൽ ഒന്ന് *പ്രവചനങ്ങളാണ്.* ലോകത്തെ പാപത്തിൽ നിന്നും ഉദ്ധരിക്കേണ്ടതിന് ഒരു രക്ഷകൻ അവതാരം ചെയ്യും എന്നതാണ് പ്രധാന വചനം. അവന്റെ പേർ, ജന്മദേശം, സ്വഭാവം, പ്രവർത്തനങ്ങൾ തുടങ്ങി സകലതും അതിൽ വിവരിച്ചിരിക്കുന്നു. *പുതിയ നിയമം* ക്രിസ്തുവിന് ശേഷം എഴുതപ്പെട്ടതാണ്. പ്രവചനങ്ങൾ ഏതെല്ലാം വിധത്തിൽ നിറവേറി എന്നതാണ് അതിലെ പ്രതിപാദ്യ വിഷയം. സുവിശേഷങ്ങൾ പുതിയ നിയമത്തിന്റെ ഒരു ഭാഗമാണല്ലോ. പഴയനിയമ പ്രവചനങ്ങൾ ഏതെല്ലാം വിധത്തിൽ നിറവേറിയിരിക്കുന്നു എന്നതാണ് നമ്മുടേയും പാഠവിഷയം. ബൈബിൾ ക്രിസ്തുവിനു ശേഷം രചിക്കപ്പെട്ടിരിക്കുന്നു എന്ന പ്രസ്താവന തികച്ചും തെറ്റാണ്. ബൈബിളിലെ ഒടുവിലത്തെ ഭാഗം മാത്രമാണ് (വലിപ്പത്തിൽ ¼) അതായത് പുതിയ നിയമം ക്രിസ്തുവിനു ശേഷം (A.D.1-ാം നൂറ്റാണ്ടിൽ) രചിക്കപ്പെട്ടത്.

## B. നികുതിയെപ്പറ്റിയുള്ള ചോദ്യം (12:13-17)

റോമാ ഗവൺമെന്റ് യഹൂദന്മാരുടെ മേൽ ഒരു നിർബന്ധ നികുതി (Poll Tax) ചുമത്തിയിരുന്നു. ഈ നികുതി കൊടുക്കുന്നതിനെതിരായി മുമ്പ് ചില സമരങ്ങൾ പോലും സംഘടിക്കപ്പെട്ടിട്ടുണ്ട്. 'ഹെരോദ്യർ' ഈ നികുതിയെ അനുകൂലിച്ചിരുന്നവരാണ്.

ഈ രണ്ടു കൂട്ടരും ചേർന്നാണ് യേശുവിനെ പരീക്ഷിക്കാനായി നികുതി കൊടുക്കുന്നത് ശരിയാണോ എന്ന് ചോദിക്കുന്നത് (വാ.14). കൊടുക്കേണ്ടതാണ് എന്നു പറഞ്ഞാൽ യഹൂദ രുടെ പരസ്യ ശത്രു എന്ന കുറ്റം പറയാം. കൊടുക്കേണ്ടതില്ല എന്നു പറഞ്ഞാൽ റോമാ ഗവൺമെന്റിന്റെ നയങ്ങളെ ആക്ഷേപിച്ച രാജ്യദ്രോഹി എന്ന കുറ്റം ചുമത്താം. യേശു അവ രുടെ കൗശലം ഗ്രഹിച്ചു (വാ.15). നികുതി കൊടുക്കുന്ന നാണയം കാണിപ്പാൻ അവൻ ആവ ശ്യപ്പെട്ടു. റോമാ ഗവൺമെന്റിന്റെ മുദ്രയുള്ള ഒരു നാണയം അവർ കൊൺടു വന്നു. അവർ കൈസറിന്റെ (റോമാചക്രവർത്തിയുടെ സ്ഥാനപ്പേര്) നാണയം അംഗീകരിക്കുകയും അതു നിമിത്തമുള്ള നന്മകൾ അനുഭവിക്കുകയും ചെയ്യുന്നതിൽ നിന്നും ആ ഭരണത്തെ അനുകൂലി ക്കുന്നു എന്നത് സ്പഷ്ടമാണ്. അങ്ങിനെയെങ്കിൽ അതിന്റെ ഭരണപരമായ ചിലവുകളും ഭാരവും അവർ വഹിക്കേൺടതാണ് എന്ന് യേശു പറഞ്ഞു (വാ.16-17).

സർവ്വ ജ്ഞാനിയായ യേശു ക്രിസ്തു നമ്മുടെ വിചാരങ്ങളേയും അറിയുന്നു. ദൈവ ത്തിനുള്ളത് ദൈവത്തിനും, രാജാവിനുള്ളത് രാജാവിനും കൊടുക്കുവാൻ നാം തയ്യാറാണോ. നമ്മുടെ ഹൃദയവും ആത്മാവും ദൈവത്തിനുള്ളതാണ്. അതു ദൈവത്തിനു തന്നെ കൊടു ക്കുവാൻ നാം തയ്യാറായെങ്കിൽ!

## C. പുനരുദ്ധാനത്തെക്കുറിച്ചുള്ള ഉപദേശം (12:18-27)

'*സദൂക്യർ*' എന്ന വിഭാഗക്കാർ യെരുശലേമിൽ നല്ല സ്വാധീന ശക്തിയുള്ളവരും മത വിശ്വാസങ്ങളിൽ പരീശന്മാരുടെ എതിരാളികളുമായിരുന്നു. പുനരുദ്ധാനത്തിൽ (മരണ ശേഷ മുള്ള ജീവിതം) ഇവർ വിശ്വസിച്ചില്ല (വാ.18). അവരുടെ ചോദ്യത്തിലുള്ള തെറ്റ് തെളിയിച്ച ശേഷം (വാ.24-26) മരണശേഷമുള്ള ജീവിതത്തിന്റെ സ്വഭാവം, ദൈവത്തിന്റെ ശക്തി എന്നിവ യെക്കുറിച്ച് അവരെ പഠിപ്പിച്ചു. തിരുവെഴുത്തുകളേയും, ദൈവശക്തിയേയും അറിയാത്തതാണ് നമ്മുടേയും പ്രശ്നം. ദൈവത്തേയും അവന്റെ രക്ഷാവഴിയെയും മനസ്സിലാക്കാൻ ചിലപ്പോൾ കഴിയാത്തതിനു കാരണം അതാണ്. 24-ാം വാക്യം നമുക്ക് എന്നും ഓർക്കാം.

# പാഠം 20

## A. സ്നേഹം യേശുവിന്റെ ദൃഷ്ടിയിൽ (12:28-34)

ദൈവ കൽപനകളിൽ പ്രധാനമായത് ഏത് എന്ന് ഒരു ശാസ്ത്രി യേശുവിനോട് ചോദി ച്ചു. സകല കല്പനകളുടേയും ചുരുക്കം ഒന്നാമത് ദൈവത്തോടുള്ള ഭക്തിയും, സ്നേഹവും; രൺടാമത് മനുഷ്യരോടുള്ള സ്നേഹവും, അന്യോന്യം നീതിയോടുള്ള പെരുമാറ്റവും. സ്നേഹ ത്തിൽ കവിഞ്ഞ ഒരു കല്പനയും ഇല്ല എന്നതായിരുന്നു യേശുവിന്റെ മറുപടി. മനുഷ്യ സ്നേഹം കൂടാതെ ദൈവ സ്നേഹം പൂർണ്ണമാകുന്നില്ല. ഈശ്വര ഭക്തരായ ജനങ്ങൾ ചില പ്പോൾ (സന്യാസിമാർ, പുരോഹിതന്മാർ തുടങ്ങിയവർ) സാധാരണ ജനങ്ങൾ

അറിവില്ലാത്തവരും മ്ലേച്ഛരുമാണെന്നും അവരുമായുള്ള സംസർഗ്ഗം ഈശ്വര ഭക്തിക്ക് വിരുദ്ധമാണെന്നും കരുതുകയാൽ അവരെ അകറ്റി നിർത്തുകയും അവരാൽ അശുദ്ധരാകാത്ത വിധത്തിൽ അകന്നു ജീവിക്കുകയും ചെയ്യുന്നു. ചിലർ വനങ്ങളിൽ പോയി പാർക്കുന്നു. ഈ വിധത്തിലുള്ള ഈശ്വര ഭക്തി അപൂർണ്ണമായതാണ് എന്ന് യേശു പറയുന്നു.

യേശുക്രിസ്തുവിന്റെ ആശയഗതി ശാസ്ത്രി ഗ്രഹിച്ചു. അതെ, സഹമനുഷ്യരെ വെറുക്കുകയും ആട്ടിയോടിക്കുകയും ചെയ്തിട്ട് പൂജയും, യാഗവും കഴിക്കുന്നത് ദൈവത്തിന് സ്വീകാര്യമല്ല തന്നെ എന്ന് അവൻ പറയുകയാണ് (വാ.33).

## B. ദാവീദു പുത്രൻ (12:35–37)

'ക്രിസ്തു' ദാവീദിന്റെ പുത്രനാണെന്ന് ശാസ്ത്രിമാർ പഠിപ്പിച്ചിരുന്നതിനെക്കുറിച്ച് യേശു വിശദീകരിക്കുന്നു. പഴയ നിയമത്തിൽ നിന്നാണ് ക്രിസ്തു ഉദ്ധരിക്കുന്നത് (വാ. 36). *ദാവീദിന്റെ പുത്രൻ* എന്നു പറയുമ്പോൾ ജഡപ്രകാരം ദാവീദു രാജാവിന്റെ സന്തതിയിൽ നിന്നും ജനിക്കും എന്നാണർത്ഥം. എന്നാൽ ദാവീദു പോലും ക്രിസ്തുവിനെ കർത്താവ് എന്നു വിളിക്കുന്നതിനാൽ (വാ.37) ആ സന്തതിയെ ദൈവമായി അവൻ വിശ്വസിച്ചു എന്നത് വ്യക്തമാണ്. ഇതാണ് യേശു ഈ ഭാഗത്തിൽ പറയുന്നത്. അതിനാൽ ശാസ്ത്രിമാർ പറയുന്ന 'ദാവീദിന്റെ പുത്രൻ' വെറും മനുഷ്യനല്ലാ കർത്താവാണ്. അതെ ദൈവപുത്രനാണ്.

*ശാസ്ത്രിമാർ* അധികാരേച്ഛ, കപടം, സ്വാർത്ഥം എന്നീ ദോഷങ്ങൾ നിറഞ്ഞവരാണെന്നും (വാ.38) ഇതു നിമിത്തം വലിയ ശിക്ഷാവിധി അവർക്കു വരുമെന്നും (വാ.40) ഉള്ള ഒരു മുന്നറിയിപ്പ് കൊടുത്തുകൊൺട് അവരേയും ജനങ്ങളേയും നല്ല വഴിയിലേക്കു യേശു ക്ഷണിക്കുകയാണ്. അവരോടുള്ള സ്നേഹമാണ് അവർക്കുള്ള ശിക്ഷാവിധി അറിയിക്കുന്നതിന് യേശുവിനെ പ്രേരിപ്പിച്ചത്.

## C. വിധവയുടെ രൺട് കാശ് (41–44)

ധനവാന്മാർ പലരും തങ്ങളുടെ സമൃദ്ധിയിൽ നിന്നും നാണയങ്ങൾ കിലുങ്ങത്തക്ക വിധം സ്വയം തൃപ്തിയോടെ ശ്രീ ഭണ്ഡാരത്തിൽ പണമിട്ടു. എന്നാൽ ഒരു വിധവ തനിക്കുൺടായിരുന്ന രൺടു കാശു മാത്രം അതിൽ ഇട്ടു (വാ.42). അതു മാത്രമാണ് ആകെ അവൾക്കുൺടായിരുന്നത്. അവൾ തന്റെ ഉപജീവനം മുഴുവനും ഇട്ടു എന്നു പറയുന്നുവല്ലോ (വാ.44). ദാനത്തിന്റെ വലിപ്പത്തെക്കാൾ ദാനം ചെയ്യുന്ന ആളുടെ ഹൃദയസ്ഥിതിയെയാണ് ദൈവം നോക്കുന്നത്.

# പാഠം 21 (13:1–23)

## വിശ്വസിക്കുന്നവൻ രക്ഷിക്കപ്പെടും

ദൈവാലയത്തിൽ നിന്നും പോകുമ്പോൾ ആലയത്തിന്റെ പണിയെപ്പറ്റി ശിഷ്യന്മാർ സംസാരിച്ചു (വാ.1). ഹെരോദാവ് പണിയിച്ച '*ദൈവാലയം*' അതിമനോഹരമായ ഒരു മന്ദിരം ആയിരുന്നു. 40 വർഷം തുടർച്ചയായി പണി ചെയ്തിട്ടും പണി പൂർത്തിയായില്ല എന്നു പറയുമ്പോൾ ഈ മന്ദിരത്തിന്റെ രമണീയത ഊഹിക്കാമല്ലോ. അതിന്റെ ശ്രീകോവിൽ പച്ചയും വെള്ളയുമായ മാർബിൾ കൊണ്ട് കെട്ടപ്പെട്ടിരുന്നു. പുരോഭാഗം കട്ടിയുള്ള സ്വർണ്ണത്തകിട് കൊണ്ട് പൊതിഞ്ഞിരുന്നു. അതിന്റെ പണിക്കുപയോഗിച്ചിരുന്ന കല്ലുകളിൽ ചിലതിന് 45 മുഴം നീളവും, 5 മുഴം ഉയരവും, 6 മുഴം വീതിയും ഉണ്ടായിരുന്നു. ഈ വൈചിത്യമാണ് ശിഷ്യന്മാർ യേശുവിനു കാണിച്ചു കൊടുത്തത് (വാ.1). എന്നാൽ ആലയത്തിന്റെ പ്രഭാവമല്ല അത് നിലംപരിചയായി വീണു കിടക്കുന്നതാണ് യേശു കാണുന്നത് (വാ.2). ഏകദേശം 40 കൊല്ലത്തിനു ശേഷം (A.D.70–ൽ) തീത്തോസ് എന്ന പട്ടാളാധിപൻ ദൈവാലയവും പട്ടണത്തിന്റെ ചില ഭാഗങ്ങളും തീവെച്ചു നശിപ്പിക്കുകയും ഇടിച്ചു നിലംപരിചാക്കുകയും ചെയ്തു. മതിലുകളുടെ അടിത്തറകളും മറ്റും പുഴക്കി ഉന്മൂല നാശം ചെയ്തു. അതെ, ദൈവാലയവും കല്ലിന്മേൽ കല്ല് ശേഷിക്കാതെ നശിപ്പിക്കപ്പെട്ടു (വാ.2). ദൈവ ശക്തിയിൽ ആശ്രയിക്കാതെ തങ്ങൾ പണിത കോട്ടയിലും കെട്ടിടത്തിലും മറ്റും ആശ്രയിച്ചാൽ ഫലം ഇതാണ്.

ശിഷ്യന്മാർ യേശു പറഞ്ഞ പ്രവചനത്തിന്റെ വിശദീകരണം ആവശ്യപ്പെട്ടു (വാ.3–4). ഈ വിപത്തിനു മുമ്പ് നടക്കുവാൻ പോകുന്ന ചില സംഭവങ്ങളെപ്പറ്റി അവൻ വിശദീകരിച്ചു (വാ.5–9). മാത്രവുമല്ല, മത വഞ്ചകന്മാർ അവരെ തെറ്റിക്കാൻ ശ്രമിക്കും (വാ.6) അനേകർ സ്വയം മശിഹ എന്നു നടിച്ച് ജനങ്ങളെ വഞ്ചിച്ചതായി ചരിത്രം ഘോഷിക്കുന്നു. യുദ്ധം, വിപ്ലവം, കൂട്ടക്കൊല, ക്ഷാമം,ഭൂകമ്പം തുടങ്ങിയവയും സംഭവിക്കും. എന്നാൽ ഇവയെല്ലാം ഒരു പുതിയ യുഗം ആവിർഭവിക്കുന്നതിനുള്ള പ്രസവ വേദന (ഈറ്റു നോവ്) എന്നതു പോലെ മാത്രം കണക്കാക്കപ്പെടേണ്ടതാണ്.

ശിഷ്യന്മാർക്ക് കഠിനമായ ഉപദ്രവം ജനങ്ങളാലും, രാജാക്കന്മാരാലും ഉണ്ടാകും എന്നും ധീരതയോടും, ദൈവാശ്രയത്തോടും കൂടെ അവയെ സഹിക്കേണ്ടതാണെന്നും യേശു അവരെ പ്രബോധിപ്പിച്ചു(വാ.9–13). യേശുവിൽ വിശ്വസിക്കുകയും അവനെ സാക്ഷീകരിക്കുകയും ചെയ്യുന്നതുകൊണ്ട് കുടുഃബക്കാർ പോലും ശത്രുക്കളായിത്തീരും(വാ.12). എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷപ്പെടും(വാ.13). ലോകത്തെ സ്നേഹിക്കുകയും ലോകത്തിന്റെ പാപത്തിനു പ്രായശ്ചിത്തം നേടുകയും ചെയ്ത യേശുവിന്റെ നാമം ലോകർക്ക് സ്വീകാര്യമല്ലെന്നോ (വാ.13)? അത്തരത്തിലുള്ള നന്ദികേട് കാണിക്കുവാൻ നാം തയ്യാറാവരുതേ! റോമാ ചക്രവർത്തിയുടെ പ്രതിമയും കൊടി അടയാളവും മ്ലേച്ഛമായി യഹൂദന്മാർ കരുതി വന്നു. വിഗ്രഹാരാധന അനുസ്മരിപ്പിക്കുന്ന ഈ മ്ലേച്ഛത പട്ടണത്തിലോ ദൈവാലയത്തിലോ നിൽക്കുന്നതു കാണുമ്പോൾ തങ്ങളുടെ നാശം അടുത്തിരിക്കുന്നു എന്നു ധരിച്ചു കൊള്ളണം എന്നു യേശു സൂചിപ്പിക്കുന്നു (വാ.14). (A.D.70–ൽ) റോമാ പട്ടാളത്തിന്റെ ഒടുവിലത്തെ ആക്രമണം വരെ

പട്ടണത്തിലുള്ളവർക്ക് ഓടി രക്ഷപ്പെടാനുള്ള സൗകര്യം ഉൺടായിരുന്നു. മ്ലേച്ഛത കൺട ഉടൻ തന്നെ യേശു ക്രിസ്തുവിൽ വിശ്വസിച്ചവരും ഈ താക്കീത് ഗ്രഹിച്ചിരുന്നവരുമായിരുന്ന ക്രിസ്തു ഭക്തന്മാർ പെല്ല എന്ന സ്ഥലത്ത് അഭയം പ്രാപിച്ചു. റോമാക്കാർ യുദ്ധ സന്നാഹങ്ങൾ വർദ്ധി പ്പിച്ചു കൊൺടിരുന്നു. യെരുശലേം പട്ടണത്തിൽ 'പെസഹ' ഉത്സവം നടക്കുകയായിരുന്നു. അതു നിമിത്തം ധാരാളം യഹൂദരും, മറ്റുള്ളവരും പട്ടണത്തിനകത്ത് തടിച്ചു കൂടിയിരുന്നു. റോമാക്കാരുടെ ആക്രമണത്തെ ഭയന്ന് അടുത്ത ഗ്രാമങ്ങളിൽ ഉള്ളവർ കൂട്ടം കൂട്ടമായി പട്ടണ ത്തിന്റെ മതിൽക്കെട്ടിനകത്ത് അഭയം പ്രാപിച്ചു. ഈ നഗരത്തിനകത്ത് കയറിയാൽ പട്ടാളക്കാ രുടെ ഉപദ്രവത്തിൽ നിന്നും രക്ഷ പ്രാപിക്കാം എന്നതായിരുന്നു അവരുടെ വിചാരം. സാധാ രണ ഒരു ലക്ഷത്തോളം ജന സംഖ്യയുള്ള ഈ പട്ടണം ഇപ്പോൾ അതിന്റെ പത്തിരട്ടിയില ധികം വരുന്ന ജനങ്ങളാൽ നിറയപ്പെട്ടു. ആ സന്ദർഭത്തിലാണ് റോമാക്കാരുടെ ആക്രമണം മുറുകിയത്. തിത്തോസ് (Titus) എന്ന സൈന്യാധിപന്റെ കല്പന പ്രകാരം കോട്ടയുടെ ചുറ്റും മതിലുകളും കിടങ്ങുകളും നിർമ്മിക്കപ്പെട്ടു. അതോടു കൂടി ഗതാഗതം പൂർണ്ണമായി നിലച്ചു പോയി. ആഹാര സാധനങ്ങൾ പോലും കൊൺടു വരുവാൻ കഴിയാതിരുന്നത് നിമിത്തം ആയിരക്കണക്കിനാളുകൾ പട്ടിണി കൊൺട് മരിച്ചു. അനേകർ ചെരിപ്പു തിന്നും, കുതിര മുത ലായ മൃഗങ്ങളെ തിന്നും വിശപ്പടക്കുവാൻ ശ്രമിച്ചു. സ്വന്തം കുട്ടികളെപ്പോലും അറുത്തു തിന്നുവാൻ അവർക്ക് ധൈര്യം ഉൺടായി എന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. അഞ്ചു മാസത്തോളം ഈ സ്ഥിതി തുടർന്നു. പ്രസിദ്ധ ചരിത്രകാരൻ ജൊസിഫസ്സ് ഇങ്ങിനെ പറയുന്നു. യുഗാരംഭം മുതൽ സകല മനുഷ്യർക്കും നേരിട്ടിട്ടുള്ള കഷ്ടപ്പാടുകളുടെ ആകെ തുക ഈ പട്ടണത്തിലുള്ള യെഹൂദന്മാരുടേതിനേക്കാൾ കുറഞ്ഞിരിക്കും എന്ന് ഞാൻ വിചാ രിക്കുന്നു. ക്രിസ്തുവിന്റെ വാക്യവും അതു തന്നെ (വാ. 19). ഒടുവിൽ റോമാക്കാർ പട്ടണ മതിൽ പൊളിച്ചു. ഒരു വലിയ വിഭാഗം വാളാൽ കൊല്ലപ്പെട്ടു. കുറെപേരെ അടിമകളായി വിറ്റു. കുറെപേരെ തടവുകാരായി പിടിച്ച് റോമിലേക്ക് കൊൺടു പോയി. എന്നാൽ ക്രിസ്തു വിന്റെ വാക്ക് വിശ്വസിച്ചവർ രക്ഷപ്പെട്ടു (വാ.14). സകലർക്കും ആ അവസരം നൽകപ്പെട്ടു. എന്നാൽ ചുരുക്കം പേർ മാത്രമാണ് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തത്.

യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിപ്പാനുള്ള അവസരം ഇന്ന് നമുക്ക് നല്കപ്പെട്ടിരിക്കു ന്നു. നാളെ നമ്മുടേതല്ല. വിശ്വസിച്ച് നമുക്ക് വരാനിരിക്കുന്ന നരക ശിക്ഷയിൽ നിന്നും ഒഴിഞ്ഞു മാറുവാൻ ശ്രമിക്കാമോ?

# പാഠം 22

## യേശുവിന്റെ പുനരാഗമനം (13:24-37)

24-36 വരെയുള്ള വാക്യങ്ങളിൽ യേശുക്രിസ്തു വീണ്ടും ഭൂമിയിലേക്ക് വരുന്നതിനു മുൻപും പിൻപും സംഭവിക്കാൻ പോകുന്ന കാര്യങ്ങളുടെ ഒരു സംഗ്രഹം കാണുന്നു. ഇന്നു ദേഹരഹിതനായി സകല മനുഷ്യരോടും സദാ സമയവും വ്യാപരിക്കുന്ന യേശു ലോകത്തെ ന്യായം വിധിക്കേണ്ടതിന് വീണ്ടും വരും (വാ.26). ക്രിസ്തുവിനു മുൻപുള്ള ജനങ്ങൾ തിരുവെഴുത്ത് ആധാരമാക്കി 'ക്രിസ്തു വരും' എന്നു കാത്തിരുന്നതു പോലെ ഇന്ന് നാമും അവന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കുകയാണ്. യേശുവിന്റെ മൂന്നു തരത്തിലുള്ള ആഗമനത്തെക്കുറിച്ച് നാം പഠിച്ചുവല്ലോ?

1. ലോകത്തിനു രക്ഷ സമ്പാദിക്കേണ്ടതിനു മനുഷ്യനായി വന്നു. അത് ഏകദേശം 2000 വർഷങ്ങൾക്ക് മുമ്പ് സംഭവിച്ചു.

2. ഇന്ന് തന്റെ വചനം മുഖാന്തിരം നമ്മുടെ ഹൃദയങ്ങളിലേക്കു വരുന്നു. രക്ഷ സമ്പാദിക്കാനല്ല - സമ്പാദിച്ചിരിക്കുന്ന രക്ഷ നമുക്ക് നൽകുവാൻ - നമ്മെ അതിന്റെ അവകാശികളാക്കി തീർക്കുവാൻ ക്ഷമയോടും സഹിഷ്ണതയോടും ഹൃദയ വാതിൽക്കൽ നിന്നു കൊൺട് അവൻ നമ്മെ ക്ഷണിക്കുകയാണ്.

3. ഇനി ഒരു ദിവസം ന്യായാധിപതിയായി മഹാതേജസ്സോടും ശക്തിയോടും കൂടി ഈ ലോകത്തിൽ സകലരും കാണത്തക്ക വിധത്തിൽ അവൻ വീണ്ടും വരും. അതിനെ 'ന്യായവിധിദിനം' (Day of Judgement), 'അവസാന നാൾ' (Last Day) എന്നെല്ലാം പറയുന്നുൺട്. ഇത് ശേഷിക്കുന്ന ഒരു പ്രത്യാശയാണ്.

അവസാന നാളിൽ സകലരും ക്രിസ്തുവിന്റെ മുമ്പിൽ നിൽക്കേൺടി വരും. തന്നിൽ വിശ്വസിച്ച് പാപക്ഷമ നേടിയ വിശുദ്ധന്മാർക്ക് ആ ദിവസം മഹാ സന്തോഷമുള്ള ഒരു ദിവസമായിരിക്കും. കാരണം അവർ സ്വർഗ്ഗത്തിലേക്ക് (മോക്ഷത്തിലേക്ക്) എടുത്തു കൊള്ളപ്പെടും എന്നതു തന്നെ. പാപക്ഷമ നേടിയിട്ടില്ലാത്തവർ (അവിശ്വാസികൾ) അവരുടെ പാപങ്ങളുടെ ഫലം അനുഭവിക്കേണ്ടതിനു നിത്യ ദൺഡനത്തിലേക്ക് അയക്കപ്പെടും. അതു കൊൺട് നാം സദാ സമയവും ഒരുങ്ങിയിരിക്കേണ്ടതാണെന്ന് അവൻ താക്കീതു ചെയ്യുന്നു (വാ.33). ഈ സത്യം വിശദീകരിക്കേണ്ടതിന് ഒരു കഥയും അവൻ പറഞ്ഞു (34-37). ഒരു യജമാനൻ അന്യദേശത്തേക്ക് പോകുമ്പോൾ സകലവും വേലക്കാരെ ഏല്പിച്ചു. എപ്പോൾ മടങ്ങും എന്നു പറയാത്തതിനാൽ സദാ സമയവും അവർ ഒരുങ്ങിയിരിക്കേണ്ടതാണല്ലോ. അതു പോലെ യേശു എപ്പോൾ വരും എന്നു നാം അറിയുന്നില്ല (വാ.35). അതിനാൽ സദാസമയവും ഒരുങ്ങിയിരിക്കേണ്ടതാണ്. ആത്മീയമായ ഒരുക്കമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പാപ മോചനം പ്രാപിച്ച വിശുദ്ധന്മാരാക്കപ്പെട്ടവർക്കു മാത്രമെ യേശു ക്രിസ്തുവിനെ എതിരേൽക്കുവാൻ

കഴിയുകയുള്ളു. അതുകൊൺട് അവനിൽ വിശ്വസിച്ച് പാപമോചനം നേടിയ വിശുദ്ധന്മാരായി പ്രാർത്ഥനയോടു കൂടി നമുക്ക് ഈ ലോകത്തിൽ ജീവിക്കാം. അവന്റെ വരവിനെക്കുറിച്ചുള്ള ഓർമ്മ കൂടുതൽ ചുതലബോധവും സഹന ശക്തിയും നൽകും.

31-ാം വാക്യം ശ്രദ്ധേയമാണ്. ആകാശം, ഭൂമി, മുതലായി നാം കാണുന്ന സകലവും നശ്വരമാണ്. എന്നാൽ തന്റെ വചനങ്ങൾ ഏതു യുഗത്തിലും സത്യവും നിത്യവുമായിരിക്കും (വാ.31). ഈ വാക്കുകൾ നമുക്ക് കൂടുതൽ ഉറപ്പും ആശ്വാസവും നൽകുന്നില്ലേ? മൂന്നു കാര്യങ്ങളെപ്പറ്റി ഈ ഭാഗത്തിൽ അവൻ ഉറപ്പു നൽകുന്നു.

1. സുവിശേഷം (തന്നെക്കുറിച്ചുള്ള സന്ദേശം) ലോകം മുഴുവൻ വ്യാപിക്കുകയും ലോകത്തെ ജയിക്കുകയും ചെയ്യും (വാ.10).

2. മറ്റുള്ളവർ അഴിച്ചു വിടുന്ന മൃഗീയമായ പീഡനങ്ങൾ ദൈവ രാജ്യത്തിന്റെ അഭിവൃദ്ധിയെ തടയുകയില്ല.

3. തന്നിൽ വിശ്വസിക്കുന്നവരെ ഒരു നാളും താൻ ഉപേക്ഷിക്കുകയില്ല. എപ്പോഴും അവരോടു കൂടെ ഇരിക്കും.

നമ്മോടു സംസാരിക്കുന്ന ദൈവത്തിന്റെ ശബ്ദം ഈ വചനങ്ങൾ വഴി നമുക്ക് കേൾക്കാവുന്നതാണ്. ആ ദൈവ ശബ്ദത്തിന് നമ്മുടെ ഹൃദയം തുറന്നു കൊടുക്കാമോ?

# പാഠം 23

## A. ഒരു സ്ത്രീ ഭക്തി പ്രദർശിപ്പിക്കുന്നു (14:3-9)

യേശു ശീമോന്റെ വീട്ടിൽ ഇരിക്കുമ്പോൾ മുന്നൂറ് വെള്ളിക്കാശ് വില വരുന്ന സുഗന്ധ തൈലം കൊൺടു വന്ന് യേശുവിനെ അഭിഷേകം ചെയ്തു (വാ.3). ഹൃദയപൂർവ്വമായ സ്നേഹവും, ഭക്തിയും ഉൺടെങ്കിൽ ഏറ്റവും വലിയ സമ്പാദ്യം പോലും നാം ദൈവത്തിന് അർപ്പിക്കും എന്ന് ഈ പാഠം നമ്മെ പഠിപ്പിക്കുന്നു. മറിയയുടെ പ്രവർത്തിയെ ചിലർ ചോദ്യം ചെയ്തു എങ്കിലും യേശു അതിൽ പ്രസാദിക്കുകയാണ് ചെയ്തത് (വാ.6-9).

## B. യൂദയുടെ അവിശ്വസ്തത (14:10-11)

ശിഷ്യനായ യൂദ തന്റെ ഗുരുവിനെ ഒറ്റിക്കൊടുക്കേൺടതിന് ശത്രുക്കളുമായി രഹസ്യ ആലോചന ചെയ്തു. യേശുവോ അതൊക്കെയും കാലേ കൂട്ടി ഗ്രഹിക്കുകയും തക്ക സമയത്ത് വെളിപ്പെടുത്തുകയും ചെയ്തു. യൂദ ഈ വിധത്തിൽ ചിന്തിച്ചിരിക്കാം.

1. സുദീർഘമായ മൂന്നരക്കൊല്ലങ്ങൾ കൂടെ നിന്നിട്ടും തനിക്ക് ലൗകികമായ ആദായം ഒന്നും യേശുവിൽ നിന്നും ലഭിച്ചില്ല.

2. ജനങ്ങൾ രാജാവാക്കുവാൻ ശ്രമിച്ചിട്ടും യേശു അതിനു സമ്മതിച്ചില്ല.

3. യേശുവിനെ പിടിച്ചാലും സ്വന്തം ശത്രുക്കളുടെ കയ്യിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യും.

പിടിക്കുവാൻ തക്ക ചുറ്റുപാടിൽ യേശുവിനെ കാണിച്ചു കൊടുക്കാമെന്നും പ്രതിഫലമായി 30 വെള്ളിക്കാശ് നൽകാമെന്നുമുള്ള വ്യവസ്ഥയിൽ യൂദയും ശത്രുക്കളും എത്തിച്ചേർന്നു (വാ.10–11).

## C. യേശുവിനെ ഒറ്റിക്കൊടുക്കുന്നവൻ (14:12–21)

**യേശുവിന്റെ നിർദ്ദേശ പ്രകാരം ശിഷ്യന്മാർ പെസഹ കഴിപ്പാനുള്ള ഭോജനശാല ഒരുക്കി** (വാ.12–16). യേശുവിന്റെ ഹൃദയത്തിൽ അപ്പോൾ വികാരങ്ങളുടെ ഒരു വേലിയേറ്റം തന്നെ നടന്നു. യൂദയുടെ അവസാന നിമിഷമെങ്കിലും ദുർമാർഗ്ഗത്തിൽ നിന്നും വ്യതിചലിപ്പിക്കുവാനുള്ള യേശുവിന്റെ ശ്രമം ഇവിടെ സ്പഷ്ടമായി കാണുന്നു (വാ.21). പാപിയെ നിഗ്രഹിക്കണമെന്നോ, പാപി മരിക്കണമെന്നോ അല്ല പ്രത്യുത അവൻ ദൈവത്തിങ്കലേക്കു തിരിഞ്ഞ് സ്വർഗ്ഗഭാഗ്യത്തിൽ പ്രവേശിക്കണമെന്നതാണ് അവന്റെ ആഗ്രഹം. നാശത്തിലേക്ക് തിരിഞ്ഞിരിക്കുന്ന യൂദയുടെ സ്നേഹപാശങ്ങളാൽ പുറകോട്ടു വലിച്ചു നിറുത്തുവാനുള്ള അവസാന ശ്രമമാണ്. ആ മനുഷ്യൻ ജനിക്കാതിരുന്നുവെങ്കിൽ അവന് നന്നായിരുന്നു (വാ.21) എന്ന താക്കീത്.

യേശുവിന്റെ വാക്കിനെ യൂദ വകവെച്ചില്ല. യേശുവിന്റെ സ്നേഹപൂർവ്വമായ ക്ഷണത്തെ നമുക്ക് സ്വീകരിക്കാമോ?

# പാഠം 24

## A. തിരുവത്താഴം എന്ന വിശുദ്ധ കർമ്മം (14:22–25)

പിറ്റെന്നാൾ താൻ ക്രൂശിക്കപ്പെടും എന്ന് യേശു അറിഞ്ഞു. വിശ്വാസികൾ യുഗാന്ത്യം വരെ തന്റെ മരണത്തെ ഓർക്കുന്നതിനായി അവൻ ഒരു വിശുദ്ധ കർമ്മം സ്ഥാപിച്ചു. ഭക്ഷണ മദ്ധ്യേ അപ്പം എടുത്ത് അനുഗ്രഹിച്ച് ശിഷ്യന്മാർക്ക് കൊടുത്തു. അതു പോലെ വീഞ്ഞും അവർക്ക് കുടിപ്പാൻ കൊടുത്തു. 'ഇത് എന്റെ ശരീരമെന്ന്' അപ്പത്തെക്കുറിച്ചും (വാ.22) അനേകർക്കു വേണ്ടി ചൊരിഞ്ഞ 'പുതിയ നിയമത്തിലെ രക്തമെന്ന്' വീഞ്ഞിനെക്കുറിച്ചും (വാ.23) പറഞ്ഞതിൽ നിന്നും തന്റെ മരണം ലോകത്തിനുള്ള ഒരു ദാനമാണെന്നും, സ്വമേധയാ ലോകത്തിനു വേണ്ടി താൻ ജീവനെ അർപ്പിക്കുകയാണ് ചെയ്തത് എന്നും വ്യക്തമാക്കി (വാ.49).

ഈ കർമ്മത്തിന് (സാക്രമെന്റ്), തിരുവത്താഴം (Lord's supper), കുർബ്ബാന എന്നീ പേരുകൾ പറഞ്ഞു വരുന്നു.

അന്നു മുതൽ ഇന്നു വരെയും വിശ്വാസികൾ ഇത് അനുഷ്ഠിച്ചു വരികയാണ്. അപ്പവും വീഞ്ഞുമാണ് ഇതിനുപയോഗിക്കുന്നത്. തന്റെ ശരീരവും, രക്തവും ആത്മീയ ആഹാരവും പാനീയവുമാണ് എന്ന് അവൻ പറയുകയാണ്.

നമുക്ക് വേണ്ടി ക്രൂശിൽ അർപ്പിച്ച ശരീരത്തേയും നമ്മുടെ പാപ മോചനത്തിനായി ചൊരിഞ്ഞ രക്തത്തേയും തിരുവത്താഴത്തിൽ നാം ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നു. 'നിങ്ങൾക്കു വേണ്ടി നൽകുന്ന' 'നിങ്ങൾക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന' എന്നീ വചനങ്ങളാണ് ഇതിന്റെ അനുഗ്രഹം കാണിക്കുന്നത് (ലൂ. 22:19). ഈ വചനങ്ങൾ മുഖാന്തിരം പാപമോചനവും, ജീവനും, രക്ഷയും ഈ കർമ്മത്തിൽ നമുക്കു നൽകപ്പെടുന്നു. ക്ലേശകരമായി ജീവിതവും, വിവിധ പരീക്ഷകളും അനുഭവുക്കുന്ന നമുക്ക് ഈ സാക്രമെന്റ് വിലമതിക്കാൻ കഴിയാത്ത ഒരു അനുഗ്രഹം തന്നെയാണ്. ഈ അനുഗ്രഹങ്ങൾ സാധിക്കുന്നത് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതു കൊൺട് മാത്രമല്ല, പ്രത്യുത ദൈവ വചനത്തിലുള്ള വിശ്വാസത്താലാണ്.

## B. ശിഷ്യന്മാരുടെ അവിശ്വാസം (14:26-31)

മറ്റു ശിഷ്യന്മാരും തന്നോട് അവിശ്വസ്തത കാണിക്കുമെന്നും (വാ.27) എങ്കിലും ഉയിർത്തെഴുന്നേൽപ്പിനു ശേഷം താൻ അവരുമായുള്ള സംസർഗ്ഗം തുടരുമെന്നും യേശു അവരെ അറിയിക്കുന്നു (വാ.28). ഒരു നല്ല ഇടയനെപ്പോലെ താൻ അവർക്ക് മുമ്പ് നടന്ന് അവരെ വീണ്ടും ചേർത്തു കൊള്ളുകയും, വഴി കാണിക്കുകയും ചെയ്യുമെന്ന് യേശു അവരോട് പറഞ്ഞു (വാ.28). എത്ര അഗാധമായ സ്നേഹം! എന്തു തന്നെയായാലും ഗുരുവിന്റെ ഭാഗത്തു തന്നെ നിൽക്കുമെന്ന് ശിഷ്യന്മാർ വീരവാദം മുഴക്കി (വാ.29). അതിനു യേശു ഇന്നു രാത്രി മൂന്നു പ്രാവശ്യം നീ എന്നെ തള്ളിപ്പറയും എന്നു പത്രൊസിനോടു പറഞ്ഞു (വാ.30). അവൻ യേശുവിൽ ആശ്രയിക്കാതെ സ്വയത്തിൽ ആശ്രയിച്ചത് വീഴ്ചക്കു കാരണമായി.

## C. യേശു ഗത്ശെമന തോട്ടത്തിൽ (14:32-42)

അനന്തരം യേശു ശിഷ്യന്മാരുമായി ഗത്ശെമന എന്ന ഉദ്യാനത്തിലേക്ക് പോയി. അവിടെ അവൻ പൂർവ്വാധികം വ്യാകുലപ്പെടുവാൻ തുടങ്ങി (വാ.33). തന്നോടു കൂടെയുള്ള ശിഷ്യന്മാർ ഉറങ്ങുകയായിരുന്നു (വാ.37).

യേശുവിന്റെ വ്യഥക്ക് കാരണം എന്തായിരുന്നുവെന്ന് ചിന്തിക്കേൺടതാണ്. 'ലോകത്തിന്റെ പാപഭാരം' താൻ വഹിക്കുന്നു എന്നതു തന്നെ. പാപരഹിതനും, പൂർണ്ണ ദൈവവും,

പൂർണ്ണ മനുഷ്യനും ആയവൻ പാപവിഷം കലർന്ന പാനപാത്രം കുടിക്കുകയായിരുന്നു. മനുഷ്യന്റെ ശിക്ഷ ദൈവം തന്നെ വഹിക്കുന്നു! ദുഷ്ടതയോടുള്ള പോരാട്ടത്തിൽ നിഷ്കളങ്കവും പരിശുദ്ധവുമായ ഒരു ആത്മാവിന് എത്ര വേദനയുൺടാകും എന്ന് പാപികളായ നമുക്ക് ഗ്രഹിക്കുവാൻ സാദ്ധ്യമല്ല.

നിശ്ചയിക്കപ്പെട്ട '*നാഴിക*' വന്നിരിക്കുന്നു – എന്നെ പിടിക്കാനുള്ളവർ അടുത്തിരിക്കുന്നു (വാ.42) എന്നു പറയുന്ന ഭാഗം ശ്രദ്ധേയമാണ്. ലോക പാപത്തിനു വേൺടി ശത്രുക്കളുടെ കയ്യിലേക്ക് സ്വയം ഏൽപിച്ചു കൊടുക്കുന്നതിന് യേശു മടിക്കുന്നില്ല.

# പാഠം 25

## A. യേശുവിനെ ബന്ധനസ്ഥനാക്കുന്നു (14:43–52)

**യുദ ഒരു സംഘം പട്ടാളക്കാരുമായി അവിടെ വന്നു (വാ. 43). യേശു മുമ്പോട്ടു ചെന്നു 'ആരെ തിരയുന്നു' എന്നു ചോദിച്ചു. നസ്രത്തുകാരനായ യേശുവിനെ എന്നവർ പറഞ്ഞു. 'അതു ഞാൻ തന്നെയാണ് എന്നെ പിടിച്ചു കൊൾവിൻ' എന്നു യേശു പറഞ്ഞു. ഈ വാക്കു ശ്രവിച്ച മാത്രയിൽ പിടിക്കാൻ വന്നവർ പിൻ വാങ്ങി നിലംപതിച്ചു. മനുഷ്യ ശക്തിക്ക് തന്നെ ബന്ധിക്കുവാൻ സാദ്ധ്യമല്ലാ എന്ന് എല്ലാവരേയും ഗ്രഹിപ്പിക്കുന്നതിനു വേൺടി യേശു ഇപ്രകാരം ചെയ്തു. അല്പ സമയത്തിനു ശേഷം അവർ വീൺടും ധൈര്യം അവലംബിച്ച് മുൻപോട്ടു വന്നു. ഉടനെ യൂദ 'ഗുരോ വന്ദനം' എന്നു പറഞ്ഞ് യേശുവിനെ ചുംബിച്ചു (വാ. 45). ഇതിനിടയിൽ പത്രൊസ് യുദ്ധത്തിനൊരുങ്ങി. വാൾ കൊൺടുള്ള അവന്റെ വെട്ട് ലക്ഷ്യം തെറ്റി ഒരാളുടെ ചെവിയിൽ കൊൺടു. ശിഷ്യന്മാരുടെ ഈ പ്രവർത്തിയെ യേശു ശാസിച്ചു. വാൾ ഉറയിൽ ഇടുക. 'വാൾ എടുക്കുന്നവൻ വാളാൽ നശിച്ചു പോകും' (മത്താ.26:52–54) എന്ന സുപ്രസിദ്ധ വാക്കുകൾ ഈ സഭയിൽ യേശു പറഞ്ഞതാണ്. ഇത്രയും നാൾ അവരുടെ മദ്ധ്യേ ജീവിച്ചിട്ടും അവർക്ക് യേശുവിനെ പിടിക്കാൻ കഴിഞ്ഞില്ല (വാ.49). ഇപ്പോൾ തിരുവെഴുത്തുകൾ നിവൃത്തിയാകേൺടതിന് യേശു ശത്രുക്കൾക്ക് സ്വയം ഏൽപിച്ചു കൊടുക്കുകയായിരുന്നു (വാ.49).**

## B. മഹാ പുരോഹിതന്റെ മുമ്പിൽ (14:53–65)

അക്ഷന്തവ്യമായ അപരാധം ചെയ്തവനെപ്പോലെ യേശു വിസ്തരിക്കപ്പെട്ടു. കള്ള സാക്ഷികളുടെ സാക്ഷ്യം വിഫലമായി എങ്കിലും (വാ.56) യേശുവിനെ വിട്ടയച്ചില്ല. മഹാപുരോഹിതന്റെ ചോദ്യത്തിനുത്തരമായി 'വരാനുള്ള മശിഹ' താൻ തന്നെയാകുന്നു എന്നും (വാ.62), സ്വർഗ്ഗാരോഹണത്തിനു ശേഷം ദൈവീക മഹത്വത്തിൽ ഇരിക്കും എന്നും, ഇനി ഒരിക്കൽ ലോകത്തെ ന്യായം വിധിക്കാനായി വരും എന്നും അവൻ പറഞ്ഞു. പ്രഥമ ദൃഷ്ട്യാ താൻ ഒരു ശക്തി ഹീനനായ മശിഹ എന്ന് അവർക്ക് തോന്നിയാലും യഥാർത്ഥത്തിൽ താൻ

'ദൈവ പുത്രൻ' തന്നെ ആകുന്നു എന്ന് അവരെ ധരിപ്പിക്കുവാനാണ് യേശു ഈ വിധത്തിൽ പറഞ്ഞത്. ഈ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ അവൻ മരണയോഗ്യൻ എന്നു അവർ വിധിച്ചു (വാ.64). എന്നാൽ മരണശിക്ഷ നടത്തുവാനുള്ള അധികാരം റോമാ നാടുവാഴിയിൽ നിക്ഷിപ്തമായിരുന്നത് കൊൺട് അവർ യേശുവിനെ പീലാത്തോസ് എന്ന റോമാ ഗവർണ്ണരുടെ അടുക്കലേക്ക് അയച്ചു (വാ.15:1).

യേശു ലോകരക്ഷകനായ ദൈവപുത്രനാണ് എന്ന സത്യം ശ്രവിച്ചപ്പോൾ അന്ന് അവർക്ക് കോപവും വെറുപ്പും ഉൺടായി (വാ.63). നാമും ഇന്ന് അതേ സത്യം കേൾക്കുന്നുവല്ലോ. നമുക്ക് എന്ത് തോന്നുന്നു?

## C. പത്രൊസിന്റെ വീഴ്ച (14:66–72)

യേശുവിനെ ശത്രുക്കൾ പിടിച്ചപ്പോൾ ശിഷ്യന്മാർ ഭയന്ന് ഓടി. എന്നാൽ യോഹന്നാനും പത്രൊസും യേശുവിനെ പിൻതുടർന്നു. തന്നെ ആരും മനസ്സിലാക്കരുത് എന്ന് വിചാരിച്ച് മറ്റുള്ളവരോടൊപ്പം തീ കായുവാൻ പത്രൊസ് ചെന്നിരുന്നു (വാ.67). അപ്പോൾ ചിലർ നീയും യേശുവിന്റെ ശിഷ്യന്മാരിൽ ഒരുത്തനല്ലയോ എന്ന് ചോദിച്ചു. 'യേശു എന്ന ആളിനെ ഞാൻ അറിയുന്നില്ല' എന്ന വിധത്തിൽ മറുപടി പറഞ്ഞു (വാ.68,71). കോഴിയുടെ ശബ്ദം കേട്ടപ്പോൾ, മുമ്പ് യേശു തന്നോട് പറഞ്ഞിരുന്ന വാക്കുകൾ ഓർത്തു അവൻ ദുഃഖിച്ചു (വാ. 72).

നമ്മുടെ തെറ്റുകളെ ക്ഷമിക്കേൺടതിന് നമുക്കും ദുഃഖത്തോടു കൂടെ യാചിക്കാമോ? പത്രൊസിനോടു ക്ഷമിച്ചവൻ തീർച്ചയായും നമ്മോടും ക്ഷമിക്കും!

# പാഠം 26

## A. റോമാ ഗവർണ്ണരുടെ മുമ്പിൽ (15:1–15)

കുറിപ്പ് :- സംഭവങ്ങൾ തുടർച്ചയായി ഗ്രഹിക്കുവാൻ വേൺടി മറ്റു സുവിശേഷങ്ങളിൽ നിന്നും ചില ഭാഗങ്ങൾ ഈ പാഠങ്ങളിൽ ഉദ്ധരിച്ചിട്ടുൺട്.

വെള്ളിയാഴ്ച അതിരാവിലെ യേശു പീലാത്തോസിന്റെ മുമ്പിൽ ആനയിക്കപ്പെട്ടു (വാ.1). 'ദൈവദൂഷണം' എന്ന കുറ്റമാണ് മഹാപുരോഹിതൻ കൺടത് (15:64). എന്നാൽ ഗവർണ്ണരുടെ മുമ്പിൽ ഒരു രാഷ്ട്രീയ കുറ്റമാണ് അവർ ആരോപിക്കുന്നത്. താൻ 'രാജാവ്' എന്ന് സ്വയം നടിച്ച് നികുതി കൊടുക്കുന്നത് യേശു നിരോധിച്ചു എന്ന് അവർ കുറ്റപ്പെടുത്തി. പീലാത്തോസിന്റെ ചോദ്യത്തിന് താൻ രാജാവാകുന്നു എന്നും (വാ.2), തന്റെ രാജ്യം ഈ ലോകപ്രകാരമുള്ളതല്ല (ഐഹികം) എന്നും, സത്യത്തിന് സാക്ഷി നിൽക്കേൺടതിനായാണ് താൻ ഈ

ലോകത്തിൽ വന്നത് എന്നും അവൻ പറഞ്ഞു. പല വിധത്തിലും യേശുവിനെ വിസ്തരിച്ച ശേഷം ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു പീലാത്തോസ് പരസ്യമായി പ്രസ്താവിച്ചു. പുരോഹിതൻ വീൺടും ഇവൻ ഗലീലാനാടു മുതൽക്കുള്ള ജനത്തെ കലഹിപ്പിക്കുന്നു എന്ന് വിളിച്ച് പറഞ്ഞു. യേശുവിന്റെ കാര്യത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കുവാൻ പീലാത്തോസ് ആഗ്രഹിച്ചു. ഗലീലാനാടു ഭരിക്കുന്നത് ഹെരോദാ രാജാവാണ്. അവൻ ഉത്സവം പ്രമാണിച്ച് യെരുശലേമിൽ വന്നിട്ടുൺടായിരുന്നു. ഉടനെ പീലാത്തോസ് യേശുവിനെ ഹെരോദാവിന്റെ അടുക്കൽ അയച്ചു. രാജാവ് യേശുവിൽ കുറ്റം ഒന്നും കാണായ്കയാൽ പീലാത്തോസിന്റെ അടുക്കലേക്ക് മടക്കി അയച്ചു.

ഒഴിഞ്ഞുപോയി എന്നു വിചാരിച്ചിരുന്ന വിഷമ പ്രശ്നത്തെ അവന് നേരിടേൺടതായി വന്നു. യേശു നിരപരാധിയാണെന്നും ഈ പ്രകടനങ്ങളെല്ലാം അവരുടെ അസൂയയുടെ ഫലമാണെന്നും പീലാത്തോസ് മനസ്സിലാക്കി (വാ.9). എന്നാലും ജനത്തിനു വിരോധമായി ഒന്നും ചെയ്യുവാൻ അവൻ ധൈര്യപ്പെട്ടില്ല. അതുകൊൺട് അടിപ്പിച്ചു വിട്ടയക്കുവാൻ പീലാത്തോസ് തീരുമാനിച്ചു. അങ്ങിനെ 'യേശു കുറ്റമില്ലാത്തവൻ' എന്ന് തീർപ്പ് കൽപിക്കപ്പെട്ട ശേഷം ഇതാ അടിയേൽക്കുന്നു. ദേഹമാസകലം രക്തത്തിൽ മുങ്ങിയ രീതിയിൽ യേശുവിനെ അവൻ ജനത്തിന്റെ മുമ്പിൽ നിറുത്തി. ഇതു കൊൺടൊന്നും ശത്രുക്കളുടെ മനസ്സിനു ഇളക്കം തട്ടിയില്ല. അവർ ക്രൂശിക്കുക, ക്രൂശിക്കുക, കൊന്നു കളയുക എന്നു ഉച്ചത്തിൽ ആർത്തു. ഒരു വിഭാഗം ജനങ്ങൾ കരയുന്നുൺടായിരുന്നു. മറ്റൊരു വിഭാഗം അവനു വേൺടി വാദിക്കുവാൻ ശ്രമിച്ചു. എന്നാൽ നേതാക്കൾ അവരെയെല്ലാം ഭയപ്പെടുത്തി. തങ്ങൾ പറയുന്നതുപോലെ പറയിച്ചു.

ഈ വിധത്തിലും യേശുവിനെ വിടുവിക്കുവാൻ കഴിഞ്ഞില്ല എന്നു കൺടപ്പോൾ പീലാത്തോസ് വേറൊരു ഉപായം കൂടി പ്രയോഗിച്ചു. ഈ കാര്യങ്ങൾ എല്ലാം സംഗ്രഹിച്ചാണ് മർക്കൊസ് 15:1-5 വരെയുള്ള വാക്യങ്ങൾ എഴുതുന്നത്. ഉത്സവം തോറും ജനങ്ങൾ ആവശ്യപ്പെടുന്ന തടവുകാരനെ വിട്ടുകൊടുക്കുന്ന ഒരു പതിവുൺടായിരുന്നു. ജനങ്ങളെ വളരെ ദ്രോഹിച്ചവനും, കൊള്ളക്കാരനുമായ ബറബ്ബാസിനെ കൊന്നുകളയുവാനും, യേശുവിനെ വിടുവിക്കുവാനും ജനങ്ങൾ ആവശ്യപ്പെടും എന്ന് പീലാത്തോസ് വിശ്വസിച്ചു. എന്നാൽ മഹാപുരോഹിതന്മാരുടെ നിർബന്ധ പ്രകാരം (വാ.11) ബറബ്ബാസിനെ വിട്ടുകൊടുക്കണമെന്നും യേശുവിനെ ക്രൂശിക്കണമെന്നും അവർ നിലവിളിച്ചു (വാ.14). നീതിമാനായ യേശുവിനെ കൊല്ലണമെന്നും, ദുഷ്ടനും, ദ്രോഹിയുമായ ബറബാസിനെ വിടുവിക്കണമെന്നുമുള്ള ഈ നിലവിളി എത്ര വിചിത്രമായിരിക്കുന്നു. ഒടുവിലായി പീലാത്തോസ് വീൺടും യേശുവിനെ അടിപ്പിച്ചിട്ട് ക്രൂശിക്കേൺടതിന് ഏൽപിച്ചു. പീലാത്തോസിന്റെ ഉദ്ദേശം 15-ാം വാക്യത്തിൽ കാണുന്നു. 'പുരുഷാരത്തിനു തൃപ്തി' വരുത്തുവാൻ ഇച്ഛിച്ചു എന്നതു തന്നെ.

നാമും അതു ചെയ്തു പോകുന്നില്ലേ? ചുറ്റുപാടുള്ളവരേയും, ബന്ധുക്കളേയും മറ്റും തൃപ്തിപ്പെടുത്തുവാനായി അറിഞ്ഞ സത്യത്തെ ഒളിച്ചുവെക്കുന്നില്ലേ? നല്ലവനും രക്ഷകനുമായ

യേശുവിനെയാണോ, അനീതിയും അധർമ്മവും നടമാടുന്ന നശ്വര ലോകത്തെയാണോ നാം തിരഞ്ഞെടുക്കുന്നത്? 16-20 വരെയുള്ള വാക്യങ്ങളിൽ പടയാളികൾ യേശുവിനെ ഉപദ്രവിച്ച വിധം കാണാം. അതെ, സാക്ഷാൽ നമ്മുടെ വേദനകളെ അവൻ വഹിച്ചു, നമ്മുടെ രോഗങ്ങളെ അവൻ ചുമന്നു.

## B. യേശുവിനെ ക്രൂശിൽ തറക്കുന്നത് (15:21-27)

യേശുവിനെ ക്രൂശിക്കുന്നതിനായി 'ഗൊൽഗൊഥ' എന്നും, 'കാൽവരി' എന്നും പേരുള്ള കുന്നിലേക്ക് കൊൺടു പോയി. നിയമം അനുസരിച്ച് ഭാരമേറിയ മരകുരിശ് അവന്റെ തോളിൽ കയറ്റി. മുന്നും പിന്നും ഓരോ കള്ളന്മാരേയും ക്രൂശുമായി നടത്തിക്കൊൺട് വലിയൊരു ജനക്കൂട്ടം ഇതാ കാൽവരിയിലേയ്ക്ക് പോകുന്നു. ഈ കൂട്ടത്തിൽ യേശുവിനെ ചൊല്ലി വിലപിക്കുന്ന ഒരു ജനവിഭാഗം ഉൺടായിരുന്നു. യേശു അവരോട് 'എന്നെച്ചൊല്ലി കരയേൺടാ', നിങ്ങളേയും നിങ്ങളുടെ മക്കളേയും ചൊല്ലിക്കരയുവിൻ എന്നു പറഞ്ഞു. വാറു കൊൺട് നിർദ്ദയമാം വിധം മർദ്ദിക്കപ്പെട്ടിരുന്നതിനാൽ ചതഞ്ഞും രക്തം ഒലിച്ചും യേശുവിന്റെ കോമള ശരീരം തളർന്നു പോയിരുന്നു. അക്കാരണത്താൽ മരക്കുരിശും വഹിച്ചു കൊൺടുള്ള യാത്ര അസാദ്ധ്യമായി കാണപ്പെട്ടു. അതു കൊൺടാണ് അതുവഴി വന്ന കുറേനക്കാരനായ ശീമോനെ യേശുവിന്റെ ക്രൂശു ചുമപ്പാൻ അവർ നിർബന്ധിച്ചത്.

ക്രൂശിക്കുന്നതിനു മുമ്പ് കൺടിവെണ്ണ കലർത്തിയ വീഞ്ഞ് കുടിപ്പാൻ കൊടുത്തു (വാ.23). എങ്കിലും യേശു അതു നിഷേധിക്കുകയാണുൺടായത്. ക്രൂശിക്കുമ്പോൾ ഇതു കൊടുക്കുക പതിവാണ്. ബുദ്ധിയെ മന്ദിപ്പിച്ച് വേദനയുടെ ഭയങ്കരതയെ ലഘൂകരിക്കണമെന്നതാണ് ഇതിന്റെ ഉദ്ദേശം. ബോധത്തോടു കൂടിത്തന്നെ വേദനയും മരണവും സഹിക്കുന്നതിന് യേശു തയ്യാറായി.

വെളിളിയാഴ്ച രാവിലെ 9 മണിക്ക് രക്തം ഒലിപ്പിച്ചു കൊൺട് വേദനയാൽ ഞെരിഞ്ഞു പിടക്കുന്ന ശരീരങ്ങളോടു കൂടിയ 3 കുരിശുകൾ ഗൊൽഗൊഥാ കുന്നിൻ മുകളിൽ ഉയർന്നു. നരകയാതന അനുഭവിക്കുമ്പോഴും യേശുവിന്റെ ഹൃദയം പാപികളോടു അലിവുള്ളതായിരുന്നു. തന്നെ ഉപദ്രവിച്ചവരെ ശപിക്കുന്നതിനു പകരം 'പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്ക കൊൺട് ഇവരോട് ക്ഷമിക്കേണമേ' (ലൂക്കോ. 23:24) എന്ന് പ്രാർത്ഥിക്കുകയാണ് ചെയ്തത്. എന്നിട്ടും ആ ദുഷ്ടന്മാരുടെ ഹൃദയം ഉരുകിയില്ല. അവർ പരിഹസിച്ചു കൊൺടു തന്നെയിരുന്നു (വാ.31).

യേശു ഇന്നും നമുക്കുവേൺടി ഇങ്ങിനെ പ്രാർത്ഥിക്കുന്നു. നമ്മുടെ ഹൃദയം എങ്ങിനെ ഇരിക്കുന്നു?

# പാഠം 27

## A. വിശ്വസിക്കേണ്ടതിന് (15:30–32)

യേശു ക്രൂശിൽ നിന്നും ഇറങ്ങി വരിക എന്ന അത്ഭുതം കാണിച്ചാൽ തങ്ങൾ വിശ്വസിക്കാം എന്നാണ് ശത്രുക്കൾ പറയുന്നത് (വാ.32). ക്രൂശിൽ തൂങ്ങി മരിച്ച് ഉയിർത്തെഴുന്നേൽക്കുന്നതു നിമിത്തം മനുഷ്യ പാപത്തിന് പ്രായച്ഛിത്തം വരുത്തേണ്ടവൻ അത് ഉപേക്ഷിച്ച് ക്രൂശിൽ നിന്നും ഇറങ്ങി വരണമോ? ഒരിക്കലും പാടില്ല! ആ ദൈവ പുത്രൻ ആ വിധത്തിൽ മരിച്ചെങ്കിൽ മാത്രമേ നമ്മുടെ പാപങ്ങൾക്ക് പ്രായച്ഛിത്തം വരികയുള്ളൂ. ഏതാനും ചിലരുടെ പരിഹാസങ്ങൾക്ക് ഉത്തരമായി അവൻ ഇറങ്ങിവന്നിരുന്നുവെങ്കിൽ ഇന്ന് ക്രിസ്തുവിനെക്കൊണ്ട് ആർക്കും ഒരു ഗുണവും വരികയില്ലായിരുന്നു. എന്നാൽ അവൻ സകല മനുഷ്യരേയും സ്നേഹിച്ചതുകൊണ്ട് ക്രൂശിൽ കിടന്നു മരിച്ചു. അഞ്ച് അപ്പം കൊണ്ട് അയ്യായിരം പേരെ പോഷിപ്പിക്കുക, കാറ്റിനേയും കടലിനേയും ശാസിച്ചമർത്തുക, കുഷ്ഠരോഗികളെ സുഖപ്പെടുത്തുക, മരിച്ചവരെ ഉയിർപ്പിക്കുക എന്നിങ്ങനെ എണ്ണമറ്റ അത്ഭുതങ്ങൾ കാണുവാനുള്ള ഭാഗ്യം സിദ്ധിച്ചവരാണ് അവർ. യേശുവിന്റെ അത്ഭുതങ്ങൾ കണ്ടപ്പോൾ അനവധി ആളുകൾ വിശ്വസിച്ചു. ഈ ദുഷ്ടന്മാരാകട്ടെ ഇവന് ഭൂതം ഉണ്ട്, ബുദ്ധിഭ്രമം ഉണ്ട് എന്നിങ്ങനെ പറഞ്ഞതല്ലാതെ വിശ്വസിച്ചില്ല എന്നും നാം കണ്ടുവല്ലോ. (വാ.32).

ദൈവം ആരുടേയും ഒഴികഴിവുകൾക്ക് കാത്തുനിൽക്കുന്നില്ല! വിശ്വസിച്ച് രക്ഷ പ്രാപിപ്പാൻ മതിയായ സന്ദർഭം ഏവർക്കും നൽകപ്പെടുന്നു. നമുക്ക് നൽകപ്പെട്ടിട്ടുള്ള ഈ സന്ദർഭം പാഴാക്കാതിരിക്കുവാൻ നാം ശ്രദ്ധിക്കേണ്ടതാണ്.

## B. പരദീസയിൽ ഇരിക്കും

ഇടത്തെ ക്രൂശിലെ കള്ളനും യേശുവിനെ അധിക്ഷേപിച്ചു (32b.). അപ്പോൾ, നാം അർഹിക്കുന്ന ശിക്ഷയാണ് അനുഭവിക്കുന്നതെന്നും, ഈ യേശുവാകട്ടെ അരുതാത്തത് യാതൊന്നും പ്രവർത്തിച്ചിട്ടില്ല എന്നും വലത്തു വശത്തെ തസ്കരൻ പറഞ്ഞു. ‘യേശുവേ നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നേയും ഓർത്തു കൊള്ളേണമെ’ എന്ന് അവൻ ഹൃദയ വേദനയോടെ യേശുവിനോട് പ്രാർത്ഥിച്ചു. അതിനുത്തരമായി ‘ഇന്നു നീ എന്നോടു കൂടെ പരദീസയിൽ ഇരിക്കും’ (ലൂക്കോ. 23:43) എന്ന് യേശു പറഞ്ഞു. അവസാന നാഴികയിലെങ്കിലും യേശുവിൽ വിശ്വസിച്ചതിനാൽ അവൻ പരദീസയിൽ (സ്വർഗ്ഗത്തിൽ) പ്രവേശിച്ചു. മറ്റവൻ അവിശ്വാസിയായി പാപത്തിൽ തന്നെ മരിച്ചു. യേശുവിന്റെ പുണ്യ രക്തം എത്ര കഠിന പാപിയേയും ശുദ്ധീകരിക്കുന്നു!

കാൽവരിയിലെ ഈ മൂന്നു ക്രൂശുകളെപ്പറ്റി നാം പഠിച്ചുവല്ലോ. നടുവിൽ ലോക പാപത്തിന് മോചനം വരുത്തുന്ന രക്ഷകനെ കാണാം. ഈ ക്രൂശു മുഖാന്തിരം സകല മനുഷ്യർക്കും രക്ഷ സമ്പാദിച്ചിരിക്കുന്നു. ഇടത്തും വലത്തും പാപികൾ. മനുഷ്യരെ ആകെ

രൺടായി തരം തിരിക്കാം. ഓരോ വിഭാഗത്തേയും പ്രതിനിധീകരിക്കുകയാണ് ഓരോ കള്ള നും. തനിക്കു സമീപം കാണത്തക്ക വിധത്തിൽ ഇരിക്കുന്ന രക്ഷയെ വിശ്വസിച്ച് സ്വർഗ്ഗം പ്രാപിക്കുന്ന ഒരു വിഭാഗത്തെ വലത്തെ കള്ളനും, അതിനെ നിന്ദിച്ചു നിഷേധിക്കുന്ന വേറൊരു കൂട്ടം ജനത്തെ ഇടത്തെ കള്ളനും പ്രതിനിധാനം ചെയ്യുന്നു. നാം ഇതിൽ ഏത് വിഭാഗത്തിൽ പെടുന്നു?

## C. നിവൃത്തിയായി

അന്നു ഉച്ചക്ക് ഉജ്ജ്വലനായി പ്രകാശിച്ചു കൊൺടിരുന്ന സൂര്യൻ പെട്ടെന്ന് ഇരുൺടു (വാ.33). മൂന്നു മണിക്കൂർ സമയത്തേക്ക് (12 മുതൽ 3 മണി വരെ) ദേശത്തെങ്ങും അന്ധ കാരം വ്യാപിച്ചു. അതിനു ശേഷം യേശു 'നിവൃത്തിയായി' (യോഹ. 19:30) എന്നു പറഞ്ഞു. ഇത് നമുക്ക് ഏവർക്കും വളരെ ആശ്വാസം നൽകുന്ന ഒന്നാണ്. യേശു ക്രിസ്തു തന്റെ ജോലി തികച്ചു. തന്റെ ചുമലിൽ ഏറ്റിരുന്ന ലോക പാപത്തിനുള്ള പ്രായശ്ചിത്തം പരിപൂർണ്ണമായി നിവർത്തിച്ചിരിക്കുന്നു. അതെ, ഏല്ലാം നിവൃത്തിയായി. പിശാചിന്റെ തലക്ക് ഏറ്റ വലിയ ഒര ടിയാണ് ഇത്. ഈ പാപപരിഹാര പ്രവൃത്തിയിൽ നിന്ന് യേശുവിനെ പിന്തിരിപ്പിക്കുവാൻ പിശാച് പല വിധത്തിൽ ശ്രമിച്ചു കൊൺടിരുന്നു. സകല പരീക്ഷകളേയും പരിഹാസങ്ങ ളേയും സുധീരം നേരിട്ടു കൊൺട് ദൈവ പുത്രൻ അത് നിറവേറ്റുക തന്നെ ചെയ്തു. പാപിക്ക് ലഭിക്കാവുന്നതിൽ ഏറ്റവും വലിയ ആശ്വാസമാണ് ഈ വാക്കുകൾ പ്രദാനം ചെയ്യുന്നത്. (വേറെ പലതും ക്രൂശിൽ സംഭവിച്ചു. അവ അടുത്ത കോഴ്സിൽ നാം പഠിക്കുന്നതാണ്).

ഉച്ചക്ക് ശേഷം മൂന്നു മണിക്ക് ഉറക്കെ നിലവിളിച്ചു കൊൺട് യേശു പ്രാണനെ വിട്ടു (വാ.37). നമ്മുടെ മരണത്തിൽ നിന്നും വ്യത്യസ്തമായ വിധത്തിലാണ് യേശുവിന്റെ മരണം സംഭവിച്ചത്. നമ്മുടെ ജീവൻ നാം നിശ്ചയിക്കാത്ത സമയത്തും, വിധത്തിലും നമ്മുടെ ശരീ രത്തെ വിട്ടു പോകുന്നതിനെയാണ് മരിക്കുക എന്നു പറയുന്നത്. എന്നാൽ ഇതുപോലെ യേശുവിൽ സംഭവിച്ചിട്ടില്ല. തന്റെ ജോലി തീർന്നപ്പോൾ, താൻ തന്റെ പ്രാണനെ വിടുകയാ ണുൺടായത്. യേശു ഒരിക്കൽ എന്റെ ജീവനെ ആരും എന്നിൽ നിന്ന് എടുത്തു കളയുന്നില്ല. ഞാൻ തന്നെ അതിനെ കൊടുക്കുന്നു. അതിനെ കൊടുപ്പാനും വീൺടും പ്രാപിപ്പാനും എനിക്ക് അധികാരമുൺട് (യോഹ. 10:18) എന്നു പറഞ്ഞിട്ടുള്ളത് ഈ സന്ദർഭത്തിൽ ഓർക്കേൺടതാ ണ്. ഇങ്ങിനെ യേശുവിന്റെ മരണം ലോക ചരിത്രത്തിൽ ഒറ്റപ്പെട്ട ഒരു സംഭവമാണ്. പല ഗുരു ക്കന്മാരും, മഹാന്മാരും, വീരന്മാരും മരണം പ്രാപിച്ചിട്ടുൺട്. അതുപോലെ ഒന്നല്ല യേശുവിന്റെ മരണം എന്ന് നാം മനസ്സിലാക്കേൺടതാണ്. ഇവിടെ സാക്ഷാൽ ദൈവവും, സാക്ഷാൽ മനു ഷ്യനും ആയവൻ തന്റെ പ്രാണനെ പിതാവിന്റെ കയ്യിൽ ഏൽപിക്കുകയാണ്. സാധാരണ ഗതിയിൽ മരിക്കുവാനുള്ള സമയം ആയിരുന്നില്ല. രൺടോ മൂന്നോ ദിവസമെങ്കിലും കഴിഞ്ഞ ശേഷമേ ക്രൂശിൽ കിടക്കുന്നവർ മരിക്കാറുള്ളൂ.

യേശു പ്രാണനെ വിട്ടപ്പോൾ പല അത്ഭുതങ്ങൾ സംഭവിച്ചു. ഭൂകമ്പം ഉൺടായി, പാറ കൾ പിളർന്നു, നിദ്ര പ്രാപിച്ച വിശുദ്ധന്മാരുടെ ശരീരങ്ങൾ പലതും ഉയിർത്തെഴുന്നേറ്റു.

കൂടാതെ ദൈവാലയത്തിലെ തിരശ്ശീല മേൽതൊട്ട് അടിയോളം ചീന്തിപ്പോയി (വാ.38). വിശുദ്ധനായ ദൈവത്തിനും, പാപിയായ മനുഷ്യനും തമ്മിലുള്ള സകല വിടവുകളും അകൽച്ചയും യേശുവിന്റെ മരണത്തോടു കൂടി തീർന്നിരിക്കുന്നു എന്നതാണ് അതിന്റെ അർത്ഥം. വേർപാടിന്റെ തിരശ്ശീല ചീന്തിപ്പോയിരിക്കുന്നുവല്ലോ!

ഇതെല്ലാം കൺടിട്ട് പട്ടാള നേതാവ് (ശതാധിപൻ) ഉൾപ്പെടെ അനേകർ ഇവൻ ദൈവപുത്രനായിരുന്നു സത്യം എന്നു പറഞ്ഞു (വാ.39). ഈ ഭാഗം പഠിക്കുമ്പോൾ നിങ്ങൾ യേശുവിനെപ്പറ്റി എന്തു പറയുന്നു?

## D. കല്ലറയിൽ (42–47)

ഒരു ശിഷ്യനായി പ്രത്യക്ഷപ്പെടുവാൻ ധൈര്യമില്ലാതിരുന്ന അരിമത്യക്കാരനായ യോസഫ് സധൈര്യം മുമ്പോട്ടു വന്ന് യേശുവിന്റെ ശവമടക്കത്തിന് ഏർപ്പാട് ചെയ്യുന്നു (വാ. 43). ഏതാനും മണിക്കൂർ കൊൺട് ക്രൂശിൽ കിടന്ന് മരിക്കുക എന്നത് സംഭവ്യമല്ല (33½ വയസ്സു മാത്രമുള്ള യുവാവായ യേശു ഇത്രവേഗം മരിച്ചു എന്നത് വിശ്വസിക്കുവാൻ പീലാത്തോസിനു കഴിഞ്ഞില്ല. അതു കൊൺടാണ് അവൻ ശതാധിപനെ വിളിച്ച് അന്വേഷിച്ചത് (വാ. 45).

യേശുവിന്റെ മൃതശരീരത്തെ അവർ സുഗന്ധവർഗ്ഗത്തോടെ തുണിയിൽ പൊതിഞ്ഞ് പാറയിൽ വെട്ടിയ പുതിയ കല്ലറയിൽ അടക്കം ചെയ്യുകയും ഒരു വലിയ കല്ല് ഉരുട്ടിവെച്ച് ഭദ്രമാക്കുകയും ചെയ്തു. ഇത്രയും സംഭവങ്ങൾ വെള്ളിയാഴ്ച സൂര്യൻ അസ്തമിക്കുന്നതിനു മുമ്പ് നടന്നു. ഈ ദിവസത്തെയാണ് ദുഃഖ വെള്ളിയാഴ്ച എന്നു പറയുന്നത്. ഇംഗ്ലീഷിൽ (നല്ല വെള്ളിയാഴ്ച, മഹാവെള്ളിയാഴ്ച) എന്നു പേർ. അവന്റെ മരണം നിമിത്തം രക്ഷ സമ്പാദിക്കപ്പെട്ടിരിക്കുന്നു എന്നതിനാൽ നല്ല ദിനവും ആകുന്നുവല്ലോ.

# പാഠം 28

## A. യേശു ജീവിക്കുന്നു (16:1–18)

വെള്ളിയാഴ്ച വൈകുന്നേരം ആറുമണി മുതൽ ശബ്ബത്ത് ആരംഭിക്കുന്നതിനാൽ യേശുവിന്റെ ശരീരത്തിൽ സുഗന്ധവർഗ്ഗം ഇട്ടതും മറ്റും വളരെ ധൃതിയിൽ തന്നെയായിരുന്നു. ശിഷ്യഗണങ്ങൾക്ക് അവരുടെ മര്യാദകൾ കാണിക്കുവാനുള്ള അവസരം ലഭിച്ചതുമില്ല. അതിനാൽ ശബ്ബത്ത് കഴിഞ്ഞ ഉടൻ കല്ലറക്കൽ എത്തി തങ്ങളുടെ കടമ നിർവ്വഹിക്കുവാൻ ശിഷ്യകളായ ഒരു കൂട്ടം സ്ത്രീകൾ തീരുമാനിച്ചു (വാ.1). വെള്ളിയാഴ്ച രാത്രി ശത്രുക്കൾ പീലാത്തോസി

നോട് യേശു ഉയിർത്തെഴുന്നേൽക്കും എന്നു പറഞ്ഞിട്ടുണ്ട് എന്നും, ശിഷ്യന്മാർ അവന്റെ മൃതദേഹം മോഷ്ടിച്ച ശേഷം അവൻ ഉയിർത്തെഴുന്നേറ്റു എന്നു പറയുവാനിടയുണ്ട് എന്നും, ആയതിനാൽ ഈ വഞ്ചന സംഭവിക്കാതിരിപ്പാൻ കല്ലറ സംരക്ഷിക്കണമെന്നും അപേക്ഷിച്ചു. പീലാത്തോസ് കല്ലറ ഉറപ്പാക്കി മുദ്രവെക്കുകയും മൂന്നു ദിവസത്തെ കാവൽ ഏർപ്പെടുത്തുകയും ചെയ്തു. അടയാളം കണ്ടാൽ വിശ്വസിക്കാമെന്നു പറഞ്ഞവർ (15:32) അതു സംഭവിക്കാതിരിപ്പാൻ പരിശ്രമിക്കുന്നു.

മനുഷ്യന്റെ ബുദ്ധിയും ശക്തിയും കൊണ്ട് ദൈവത്തിന്റെ വഴികളെ തടയുവാൻ കഴിയുന്നതല്ല. യേശുക്രിസ്തു ഞായറാഴ്ച രാവിലെ ഉയിർത്തെഴുന്നേറ്റു. മുദ്രയും കാവൽക്കാരും അതുപോലിരുന്നു. ഈ മഹാവിജയം ലോകത്തെ അറിയിക്കുന്നതിനും കല്ലറ ഒഴിഞ്ഞതാണ് എന്നു തെളിയിക്കുന്നതിനുമായി ദൈവം ദൂതനെ അയച്ചു. ദൂതനെ കണ്ട് കാവൽക്കാർ ബോധരഹിതരായി നിലം പതിച്ചു. കല്ലുരുട്ടി നീക്കിയ ശേഷം ദൂതൻ കല്ലറ വാതിൽക്കൽ ഇരുന്നു.

ഞായറാഴ്ച അതിരാവിലെ ഭക്തകളായ സ്ത്രീകൾ സുഗന്ധവുമായി കല്ലറയിലേക്ക് പോയി (വാ.2). 'കല്ലറ വാതിൽക്കൽ വെച്ചിരുന്ന കല്ല് നമുക്ക് വേണ്ടി ആർ നീക്കിത്തരും' എന്ന പ്രശ്നം അവരെ അലട്ടിക്കൊണ്ടിരുന്നു(വാ.3). കല്ലറയോടടുത്തപ്പോൾ കല്ലു മാറ്റിയിരിക്കുന്നതായി കാണപ്പെട്ടു (വാ.4). ദൂതനെ കണ്ട് അവർ ഭയന്നു. യേശു ഉയിർത്തെഴുന്നേറ്റു എന്ന സന്ദേശം ദൂതൻ അവരെ അറിയിച്ചു (വാ.6).

## B. യേശു പ്രത്യക്ഷനാകുന്നു (9–18)

മഗ്ദലക്കാരി മറിയക്ക് യേശു ആദ്യം പ്രത്യക്ഷനായി (വാ.9). താൻ ക്രിസ്തുവിനെ കണ്ടു എന്നും, അവൻ ജീവിക്കുന്നു എന്നും അവൾ ശിഷ്യന്മാരെ അറിയിച്ചു (വാ.10). ശിഷ്യന്മാരാകട്ടെ അതൊന്നും വിശ്വസിച്ചില്ല (വാ.11). ശിഷ്യന്മാർ കഠിനമായ അവിശ്വാസമാണ് പ്രകടിപ്പിച്ചത്. എങ്കിലും (വാ.11, 13) സ്നേഹ പൂർവ്വം യേശു അവരെ പഠിപ്പിച്ചു. രണ്ടു ശിഷ്യന്മാർ നിരാശയോടു കൂടി നാട്ടിലേക്ക് യാത്ര ചെയ്യുമ്പോൾ യേശു അവർക്ക് പ്രത്യക്ഷപ്പെടുകയും താൻ മരിക്കേണ്ടതും ജീവനിൽ കടക്കേണ്ടതുമാകുന്നു എന്ന് തിരുവെഴുത്ത് ആധാരമാക്കി പഠിപ്പിക്കുകയും അവരുടെ അവിശ്വാസത്തെ ശാസിക്കുകയും ചെയ്തു (വാ.12).

യേശു മറ്റൊരു സന്ദർഭത്തിൽ പതിനൊന്ന് ശിഷ്യന്മാർ ഒന്നിച്ചിരിക്കുമ്പോൾ പ്രത്യക്ഷനായി (വാ.14). അവരുടെ ഹൃദയ കാഠിന്യത്തെയും, അവിശ്വാസത്തെയും ശാസിച്ചു. അനന്തരം അവരോട് ഭൂലോകത്ത് ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ (വാ.15) എന്നു കൽപിച്ചു. ഈ കല്പന അനുസരിച്ച് അവർ ലോകരോട് യേശുക്രിസ്തുവിനെപ്പറ്റി പ്രസംഗിക്കുമ്പോൾ യേശുവിനെ ക്രൂശിൽ തറച്ച ശത്രുക്കൾ ഈ ശിഷ്യന്മാരേയും അവരുടെ വാക്കു വിശ്വസിച്ചവരെയും എത്ര ദയനീയമായ വിധത്തിൽ ഉപദ്രവിച്ചു

എന്നു നാം ഓർക്കേണ്ടതാണ്. അന്നു മുതൽ ഇന്നു വരെയും ക്രിസ്തു ഭക്തന്മാർ സകല പ്രയാസങ്ങളേയും എതിർപ്പുകളേയും നേരിട്ടു കൊണ്ട് ഒരു രാജ്യത്തേയോ, ജാതിയേയോ, മതത്തേയോ ഒഴിവാക്കാതെ സകല സൃഷ്ടിയോടും യേശു മുഖാന്തരമുള്ള പാപമോചനം അറി യിച്ചു വരുന്നു. ഇന്ന് ലോകത്തിന്റെ ഏതൊരു കോണിലും യേശുവിന്റെ വചനം മുഴങ്ങി ക്കൊണ്ടിരിക്കുന്നതായി കാണാം.

## C. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ (വാ. 16)

പ്രസംഗിച്ചാൽ ഫലം എന്ത്? വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (വാ.16). സാധാരണക്കാ രായ വെറും പതിനൊന്ന് പേരെക്കൊണ്ട് യേശു ആരംഭിച്ചതായ ആ 'ക്രിസ്തുസഭ' ഇന്ന് വളർന്ന് പന്തലിച്ച് ലോകം മുഴുവനും വ്യാപിച്ചു നിൽക്കുന്നു എങ്കിലും വിശ്വസിക്കാത്തവർ ധാരാളം ഉണ്ട്. അവർ ശിക്ഷാവിധിയിൽ, നിത്യനാശത്തിൽ അകപ്പെടുക തന്നെ ചെയ്യും (വാ.16). നാം എന്നും ഓർക്കേണ്ട ഒരു വാക്യമാണിത്. യേശുവിൽ വിശ്വസിച്ച് രക്ഷപ്പെടു വാൻ അവൻ നിങ്ങളെ ക്ഷണിക്കുന്നു.

ഇതു കൂടാതെ ഗലീലയിൽ വെച്ച് അഞ്ഞൂറു പേർക്കും മറ്റു പലർക്കും പ്രത്യക്ഷനായ വിവരവും ബൈബിൾ രേഖപ്പെടുത്തുന്നു. ഉയിർത്തെഴുന്നേറ്റ ശേഷം 40 ദിവസത്തോളം അവൻ ഇപ്രകാരം പലർക്കും പ്രത്യക്ഷനായിക്കൊണ്ടിരുന്നു. ശിഷ്യന്മാർക്ക് ഇടക്കിടക്ക് പ്രത്യക്ഷ നാവുകയും മറ്റു സമയങ്ങളിൽ അവരെ വിട്ടകന്നിരിക്കുകയും ചെയ്തതിന് ഒരു ഉദ്ദേശമുണ്ടാ യിരുന്നു. മരിക്കുന്നതിനു മുമ്പ് സദാസമയവും ദേഹരൂപത്തിൽ അവരോടു കൂടി ജീവിച്ചു. ഇനി താൻ ദേഹരഹിതനായി വിശ്വാസത്താൽ കാണാവുന്ന രൂപത്തിൽ മാത്രമെ അവരോടു കൂടെ വസിക്കുകയുള്ളൂ. ഈ അവസ്ഥയിലേക്ക് നീങ്ങുവാൻ അവർക്ക് ഒരു പരിശീലനം നൽകുന്നതിനു വേണ്ടിയാണ് യേശു കൂടെക്കൂടെ പ്രത്യക്ഷനായിക്കൊണ്ടിരു ന്നത്.

## D. യേശു സ്വർഗ്ഗാരോഹണം ചെയ്തു (19-20)

19-ാം വാക്യം ഒരലങ്കാര ഭാഷയാകുന്നു. സ്വർഗ്ഗം എന്നത് ദൈവ സന്നിധിയെ കുറിക്കു ന്നു. അത് ഒരു സ്ഥലമോ, രാജ്യമോ അല്ല - പ്രത്യുത ഒരു അവസ്ഥാവിശേഷമാണ്. നിത്യ പരി പൂർണ്ണമായ ഭാഗ്യം, സന്തോഷം, സുഖം, വിശുദ്ധി എന്നിവ അനുഭവിക്കുന്ന ഒരു സ്ഥിതി വിശേ ഷമാണ്. തന്റെ ഈ ലോക ശുശ്രൂഷ നിവൃത്തിയാക്കിയ ശേഷം ദൈവീകമായ സ്വർഗ്ഗ ശക്തി ആർജ്ജിച്ച്, വിശ്വാസികളെ തുണക്കുന്നതിനായി സകലവും ജീവിച്ചു വാഴുന്നു എന്നതാണ് ഈ വാക്യത്തിന്റെ അർത്ഥം.

അന്നുമുതൽ ഇന്നുവരെയും ലോകത്തിൽ നടന്നു വരുന്ന പ്രവൃത്തികൾ ചെയ്യിക്കുന്നതും, നിയന്ത്രിക്കുന്നതും അവൻ തന്നെയാണ്. അവ മാനുഷികമാണെങ്കിൽ ഇതിന് മുമ്പു തന്നെ നശിച്ചു പോകുമായിരുന്നു.

20-ാം വാക്യം നോക്കുക. ശിഷ്യന്മാർ പ്രസംഗിച്ചു എങ്കിലും അവരെ അയച്ചതും അവരിൽ കൂടി പ്രവർത്തിക്കുന്നതും സാക്ഷാൽ ദൈവമായ യേശു അല്ലാതെ മറ്റാരുമല്ല.

ഈ പാഠങ്ങൾ മുഖേന യേശുക്രിസ്തുവാണ് നിങ്ങളോട് സംസാരിക്കുന്നത്. ആ ദയാപരന്റെ ശബ്ദങ്ങൾക്ക് നിങ്ങളുടെ ചെവി തുറന്നു കൊടുക്കുമോ? നിങ്ങളുടെ ഹൃദയത്തിൽ സ്വീകരിക്കുമോ? എങ്കിൽ നിങ്ങൾ ധന്യരാണ്.

(സമാപ്തം)